# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

2015 ജൂലൈ 21, ചൊവ്വ

നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--292]**

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യ നമ്പർ |
|---|---|
| ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി | : 4036 മുതൽ 4138 വരെ |
| നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി | : 4139 മുതൽ 4169 വരെ |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി | : 4170 മുതൽ 4243 വരെ |
| പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : 4244 മുതൽ 4327 വരെ |

### ഐ . എ. വൈ പദ്ധതി പ്രകാരം വായ്പ

4036. **ശ്രീ.മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ . എ. വൈ പദ്ധതി പ്രകാരം വായ്പ ലഭിച്ചവർക്ക് തുടർന്ന് മറ്റ് പദ്ധതികൾക്കായി വീടുവയ്ക്കുന്നതിന് ധനസഹായം പഞ്ചായത്തുവഴി കൊടുക്കുവാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ വിശദീകരണം നൽകാമോ;

(ബി) മുൻകാലങ്ങളിൽ പഞ്ചായത്തിൽ നിന്നും ധനസഹായം വാങ്ങിയിട്ടുണ്ടെങ്കിൽ ആയത് തിരിച്ചടയ്ക്കുന്നതിന് പ്രത്യേക അക്കൗണ്ട് ഹെഡോ, മാർഗ്ഗ നിർദ്ദേശമോ നൽകിയിട്ടുണ്ടോ; ഇങ്ങനെ തുക അടയ്ക്കേണ്ടി വരുന്നെങ്കിൽ ആർക്കാണ് അടയ്ക്കേണ്ടത് എന്നറിയിക്കാമോ; ഇത്തരം ധനസഹായം ലഭിച്ച പാവങ്ങൾക്ക് പുനർ ധനസഹായം നൽകുന്നതിന് പഞ്ചായത്തുകൾക്ക് അനുമതി നൽകാമോ?

### ഹിൽഏരിയ ഡെവലപ്പ് അതോറിറ്റി വഴി അനുവദിച്ച റോഡുകൾ

4037. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹിൽഏരിയ ഡെവലപ്പ് അതോറിറ്റി വഴി സംസ്ഥാനത്ത് അനുവദിച്ച റോഡുകൾ എത്രയെന്ന് വ്യക്തമാക്കാമോ ; ആയതിന്റെ പട്ടിക ലഭ്യമാക്കാമോ?

## ബ്ലോക്കുകളുടെ പുന:സംഘടന

4038. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ബ്ലോക്കുകളാണ് നിലവിലുള്ളത്; ഇവയുടെ പുന:സംഘടന നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പുന:സംഘടിപ്പിക്കുന്നതിന്റെ കാരണം വിശദമാക്കാമോ; പുന:സംഘടനയുടെ ചുമതല ആർക്കാണ് നൽകിയിട്ടുള്ളത്;

(ബി) പുന:സംഘടനയുടെ കരട് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; പുതുക്കിയ കരടിൽ ബ്ലോക്ക് പഞ്ചായത്തുകളുടെ എണ്ണം വർദ്ധിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര വർദ്ധനവാണ് വന്നിട്ടുള്ളത്; ഇവയുടെ കണക്ക് ലഭ്യമാക്കാമോ; ബ്ലോക്ക് പുന:സംഘടനയ്ക്ക് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം വ്യക്തമാക്കുമോ;

(സി) പുന:സംഘടന സംബന്ധിച്ച് വ്യാപകമായ ആക്ഷേപങ്ങൾ ഉയർന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവ പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## ഐ.എ.വൈ പദ്ധതി

4039. ശ്രീ.എസ്.ശർമ്മ
,, എ.എം. ആരിഫ്
ശ്രീമതി.കെ.കെ.ലതിക
ശ്രീ.കെ.കെ.നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ.എ.വൈ പദ്ധതി നടത്തിപ്പിനെ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ ;

(ബി) പദ്ധതി നടത്തിപ്പിനായുള്ള സംസ്ഥാന വിഹിതം കൃത്യമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറാൻ സാധിച്ചിട്ടുണ്ടോ എന്നറിയിക്കാമോ ;

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ഫണ്ട് കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികളാണ് പ്രഖ്യാപിച്ചിരുന്നത് ; അവ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

## ഐ.എ.വൈ. ഭവന പദ്ധതിയിലെ പ്രതിസന്ധി

4040. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എ.വൈ. ഭവന പദ്ധതിപ്രകാരം 2012-13, 2013-14, 2014-15 വർഷങ്ങളിൽ എത്ര ഭവനങ്ങൾ വീതം നിർമ്മിക്കാനായിരുന്നു സർക്കാർ ലക്ഷ്യമിട്ടിരുന്നത്; ഓരോ വർഷവും എത്ര വീടുകളുടെ നിർമ്മാണം ഏറ്റെടുത്തു എന്നും, എത്ര വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കാമോ;

(ബി) പദ്ധതി ലക്ഷ്യം കൈവരിക്കാൻ കഴിയാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ഐ.എ. വൈ. പദ്ധതിക്കായി കേന്ദ്ര - സംസ്ഥാന സർക്കാരുകൾ എത്ര വീതം തുകയാണ് അനുവദിക്കുന്നത്; SC/ST വിഭാഗങ്ങളിൽപ്പെടുന്നവർക്ക് എത്ര തുകയാണ് അനുവദിക്കുന്നത്;

(ഡി) ഈ പദ്ധതിയിൽ വീട് ലഭിച്ചതിനാൽ നിലവിലുണ്ടായിരുന്ന കുടിലുകളും മറ്റും പൊളിച്ചുനീക്കി, പണം ലഭിക്കാത്തതിനാൽ വീട് നിർമ്മാണം പൂർത്തിയാക്കാൻ കഴിയാതെ, യാതൊരു സുരക്ഷിതത്വവുമില്ലാതെ കഴിയേണ്ടിവരുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പണം നൽകാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ; പണം നൽകാൻ കഴിയാത്ത പ്രതിസന്ധി എന്നുമുതലാണ് ആരംഭിച്ചത്;

(ഇ) ഈ അവസ്ഥയ്ക്ക് എന്ത് പരിഹാരമാണ് സർക്കാരിന്റെ പക്കലുള്ളത്; അടിയന്തരമായി IAYഗുണഭോക്താക്കൾക്ക് അവരുടെ അർഹമായ തുക നൽകാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

<u>പി.എം.ജി.എസ്.വൈ പ്രകാരം കല്യാശ്ശേരി മണ്ഡലത്തിലെ പ്രവൃത്തികൾ</u>

4041. **ശ്രീ.റ്റി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി. എം. ജി. എസ്. വൈ. പ്രകാരം കല്യാശ്ശേരി മണ്ഡലത്തിൽ ഏതെല്ലാം റോഡ് നിർമ്മാണ പദ്ധതികൾക്ക് ഭരണാനുമതി നല്കി ; അവയിൽ എത്ര എണ്ണം പൂർത്തിയായി; എത്ര പ്രവൃത്തികൾ പൂർത്തിയാക്കാനുണ്ട് ; വിശദാംശം നൽകുമോ?

<u>പി.എം.ജി.എസ്.വൈ പദ്ധതിയിൽ തൈവെച്ച പറമ്പ്-നരിക്കാട്ടേരി റോഡ്</u>

4042. **ശ്രീമതി.കെ.കെ.ലതിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ പദ്ധതിയിൽ ഉൾപ്പെട്ട കോഴിക്കോട് ജില്ലയിലെ തൈവെച്ച പറമ്പ്-നരിക്കാട്ടേരി റോഡ് നിർമ്മാണ പ്രവൃത്തിയുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് അപേക്ഷ നൽകിയിട്ടുണ്ടോ ;

(സി) പ്രസ്തുത അപേക്ഷയിന്മേൽ എന്ത് തീരുമാനം എടുത്തു എന്ന് വിശദമാക്കുമോ?

<u>സി.ഡിറ്റിലെ കൊറിയർ ഇടപാടിലെ അഴിമതി</u>

4043. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.ഡിറ്റിലെ കൊറിയർ ഇടപാടിലെ അഴിമതി അന്വേഷിക്കണമെന്നാവശ്യപ്പെട്ട് ആരെങ്കിലും കത്ത് നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിൽ ഏത് ഏജൻസിയാണ് അന്വേഷണം നടത്തിയിട്ടുള്ളത് ; അന്വേഷണ ഏജൻസി പ്രാഥമിക റിപ്പോർട്ട് നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) അന്വേഷണ റിപ്പോർട്ടിൽ എന്തൊക്കെയാണ് കണ്ടെത്തലുകളാണുള്ളത് ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഹാഡ പദ്ധതിയിൽ കീഴിലുള്ള മരാമത്ത് പ്രവൃത്തികൾ

4044. **ശ്രീ.കെ.കെ.ജയചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാഡ (ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസി) പദ്ധതിയിൽ കീഴിൽ സംസ്ഥാനത്തെ വിവിധ മണ്ഡലങ്ങളിലായി എത്ര രൂപയുടെ മരാമത്ത് പ്രവർത്തികൾക്ക് 2015-16 - ൽ ഭരണാനുമതി നൽകിയിട്ടുണ്ട്; നിയോജനകമണ്ഡലം തിരിച്ച് വിശദാംശം നൽകാമോ;

(ബി) എം.എൽ.എ. മാർ മുഖേന ലഭിച്ച പ്രൊപ്പോസലുകളിൽ ഭരണാനുമതി നൽകുമ്പോൾ ഈ വിവരം അതാത് എം.എൽ.എ. മാരെ അറിയിക്കുന്നതിൽ വീഴ്ച വരുത്തുന്നത് ഒഴിവാക്കുമോ?

മലയോര വികസന ഏജൻസി

4045. **ശ്രീ.കെ.അച്ചുതൻ**
**,, കെ.മുരളീധരൻ**
**,, തേറമ്പിൽ രാമകൃഷ്ണൻ**
**,, എം.പി.വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര വികസന ഏജൻസിയുടെ പ്രവർത്തനത്തിനായി ആരെല്ലാമാണ് സഹകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

മലയോര വികസന ഏജൻസി മുഖേന കൽപ്പറ്റ നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികൾ

4046. **ശ്രീ.എം.വി.ശ്രേയാംസ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര വികസന ഏജൻസി മുഖേന കൽപ്പറ്റ നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം നടപ്പുസാമ്പത്തിക വർഷം കൽപ്പറ്റ മണ്ഡലത്തിൽ ഏറ്റെടുത്ത പ്രവൃത്തികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതികളുടെ പേര്, അടങ്കൽ തുക, നിലവിലെ സ്ഥിതി എന്നിവയുടെ വിശദാംശം ലഭ്യമാക്കുമോ;

## കൊല്ലം ജില്ലയിൽ പി.എം.ജി.എസ്.പദ്ധതി

4047. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.പദ്ധതി പ്രകാരം കൊല്ലം ജില്ലയിൽ കൊട്ടാരക്കര, വെട്ടിക്കവല ബ്ലോക്കുകളിൽപ്പെടുന്ന ഏതെല്ലാം പ്രവൃത്തികൾ റീടെൻഡർ നടപടികൾക്കായി പരിഗണനയിലുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) റീടെൻഡർ നടപടികൾക്കായി പ്രസ്തുത പ്രവൃത്തികൾ എന്നുമുതൽ പരിഗണനയിൽ വന്നിരുന്നു ;

(സി) റീടെൻഡർ നടപടികൾ പൂർത്തീകരിച്ച് പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുവാൻ സാധ്യതയുണ്ടോ ; ഇല്ലാത്തപക്ഷം പ്രസ്തുത പ്രവൃത്തികളിൻമേലുള്ള നടപടികൾ ടെർമിനേറ്റ് ചെയ്യാൻ നടപടി സ്വീകരിക്കുമോ?

## അരൂർ മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ

4048. **ശ്രീ.എ.എം. ആരിഫ് :** താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗ്രാമവികസന വകുപ്പ് വഴി അരൂർ മണ്ഡലത്തിൽ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത് ; വിശദാംശങ്ങൾ നല്കാമോ?

## ഇന്ദിരാ ആവാസ് യോജന

4049. **ശ്രീ.സാജു പോൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ദിരാ ആവാസ് യോജന പദ്ധതി നിലവിലുണ്ടോ ; പ്രസ്തുത പദ്ധതി വിലയിരിത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്രപേർക്ക് മുഴുവൻ തുകയും കൊടുത്തിട്ടുണ്ടെന്നും കൊടുത്തുതീർക്കാൻ ബാക്കിയുള്ളവർ എത്രയെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ

(സി) പദ്ധതിയുടെ നടത്തിപ്പിന് എന്തെങ്കിലും തടസ്സം ഉണ്ടായിട്ടുണ്ടെങ്കിൽ കാരണം വിശദമാക്കുമോ?

(ഡി)

## ഗ്രാമീണ റോഡ് ഒറ്റത്തവണ പുനരുദ്ധാരണ പദ്ധതി

T 4050. **ശ്രീമതി.കെ.കെ.ലതിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ റോഡുകളുടെ ഒറ്റത്തവണ പുനരുദ്ധാരണ പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ റോഡുകൾ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിക്ക് എത്ര തുക നീക്കിവെച്ചിട്ടുണ്ടെന്നും എത്ര തുകയ്ക്കുള്ള റോഡ് പരിഷ്കരണ പ്രവൃത്തികൾക്ക് ഉത്തരവ് നൽകിയെന്നും വ്യക്തമാക്കുമോ ?

<u>നെന്മാറ നിയോജക മണ്ഡലത്തിലെ ഐ.എ.വൈ. പ്രകാരമുള്ള പ്രവർത്തികൾ</u>

4051. **ശ്രീ.വി.ചെന്താമരാക്ഷൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നെന്മാറ നിയോജക മണ്ഡലത്തിൽ ഐ.എ.വൈ. പദ്ധതി പ്രകാരം എത്ര ഗുണഭോക്താക്കൾക്ക് വീടുകൾ അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പദ്ധതി പ്രകാരം വീട് അനുവദിക്കപ്പെട്ട ഗുണഭോക്താക്കൾക്ക് തുക പൂർണ്ണമായും കൊടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര തുകയാണ് കുടിശ്ശികയുള്ളത് എന്ന് വിശദമാക്കുമോ;

(സി) കുടിശ്ശിക തുകപൂർണ്ണമായും കൊടുത്ത് തീർക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>നെന്മാറ മണ്ഡലത്തിലെ പി.എം.ജി.എസ്.വൈ. പ്രകാരമുള്ള പ്രവൃത്തികൾ</u>

4052. **ശ്രീ.വി.ചെന്താമരാക്ഷൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർപി.എം.ജി.എസ്. വൈ. പ്രകാരം നെന്മാറ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച വിശദാംശം നൽകുമോ;

(ബി) ഇതിൽ എത്ര റോഡുകളുടെ പ്രവൃത്തിയാണ് പൂർത്തീകരിച്ചതെന്നും, ഇനി എത്രയെണ്ണം പൂർത്തീകരിക്കാനുണ്ടെന്നും വിശദമാക്കുമോ?

<u>ഗ്രാമീണ റോഡുകൾക്ക് വൺ ടൈം മെയിന്റനൻസ്</u>

T 4053. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ റോഡുകൾക്ക് വൺ ടൈം മെയിന്റനൻസ് പ്രകാരം ഓരോ മണ്ഡലത്തിലും എത്ര തുക വീതമാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതുവരെയായി എത്ര മണ്ഡലങ്ങളിൽ തുക അനുവദിച്ചിട്ടുണ്ടെന്നും എത്ര വീതമാണ് അനുവദിച്ചതെന്നും വ്യക്തമാക്കാമോ ;

(സി) മണ്ഡലങ്ങളിൽ തുക അനുവദിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത തുക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നിർദ്ദേശങ്ങൾ നേരത്തെ പുറപ്പെടുവിച്ചിട്ടുണ്ടോയെന്നു വെളിപ്പെടുത്തുമോ ?

ഗ്രാമീണ അടിസ്ഥാനസൗകര്യ വികസനഫണ്ട് റോഡുകൾ

4054. **ശ്രീ.പി.സി വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഗ്രാമീണ അടിസ്ഥാന സൗകര്യവികസന ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് ഏതെല്ലാം പ്രവൃത്തികൾ ആണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇനിയും പൂർത്തീകരിക്കുവാനുള്ള പ്രവൃത്തികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുവാനുണ്ടായ കാലതാമസം എന്തെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പ്രവൃത്തികളുടെ ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കുമോ ?

കണ്ണൂർ ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകളുടെ വിഭജനം

4055. **ശ്രീ.റ്റി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബ്ലോക്ക് പഞ്ചായത്തുകളുടെ വിഭജനം സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; ഇതു പ്രകാരം കണ്ണൂർ ജില്ലയിൽ ഏതൊക്കെ ബ്ലോക്കുകളാണുള്ളത് ; പുതുതായി ഉണ്ടാകുന്നത് ; വിശദാംശം നൽകുമോ ;

(ബി) കല്ല്യാശ്ശേരി മണ്ഡലത്തിൽ ഉള്ള ഏതൊക്കെ പഞ്ചായത്തുകളെയാണ് കല്ല്യാശ്ശേരി ബ്ലോക്കിൽ പുതുതായി ഉൾപ്പെടുത്തുന്നത് ; വ്യക്തമാക്കാമോ ?

മാവേലിക്കര ജില്ലാ ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനം

4056. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ജില്ലാ ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ആരോഗ്യവകുപ്പ് തയ്യാറാക്കി സമർപ്പിച്ച നിർദ്ദേശം ലഭ്യമായിട്ടുണ്ടോ ;

(ബി) മാവേലിക്കര ജില്ലാ ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് 2015-16ൽ നബാർഡ് ഫണ്ട് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത പ്രവർത്തിക്കായി ആരോഗ്യവകുപ്പ് 33കോടി രൂപ നബാർഡിൽ നിന്നും ലഭ്യമാക്കുന്നതിന് പ്രൊപ്പോസൽ തയ്യാറാക്കിയത് ശ്രദ്ധിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ ;വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

വാടകയ്ക്ക് എടുത്ത കെട്ടിടങ്ങൾ

4057. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം സി-ഡിറ്റ് എത്ര കെട്ടിടങ്ങൾ വാടകയ്ക്ക് എടുത്തുവെന്നും പ്രസ്തുത കെട്ടിടങ്ങളുടെ വാടകയിനത്തിലും ഓഫീസ് സജ്ജീകരണത്തിനുമായി എത്ര തുക വിനിയോഗിച്ചുവെന്നും പ്രസ്തുത തുകയുടെ ഉറവിടം ഏതാണെന്നും ഇനങ്ങൾ തിരിച്ച് വ്യക്തമാക്കുമോ ?

അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിൽ ഐ.എ.വൈ. ഭവന നിർമ്മാണ പദ്ധതി

4058. ശ്രീ.ജി.സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിന്റെ ഐ.എ.വൈ. ഭവന നിർമ്മാണ പദ്ധതി പ്രകാരം എത്ര ഗുണഭോക്താക്കൾക്ക് സംസ്ഥാന സർക്കാർ ഫണ്ട് ലഭ്യമാക്കുവാൻ ഉണ്ടെന്ന് വിശദമാക്കാമോ;

(ബി) ഫണ്ട് നൽകുന്നതിന് ഉണ്ടായിട്ടുള്ള തടസ്സം എന്താണെന്ന് വിശദമാക്കുമോ; ഗുണഭോക്താക്കൾക്ക് നൽകുവാനുള്ള തുക ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള ഗ്രാമപഞ്ചായത്തുകളിൽ പണം ലഭിക്കുവാനുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

കാസർഗോഡ് ജില്ലയിൽ തൊഴിലുറപ്പ് പദ്ധതി

4059. ശ്രീ.ഇ.ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത എത്ര കുടുംബങ്ങളുണ്ടെന്ന് മണ്ഡലം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ ;

(ബി) ജില്ലയിൽ 2012-13, 2013-14, 2014-15 കാലയളവിൽ എത്ര തൊഴിൽ ദിനങ്ങളാണ് സൃഷ്ടിക്കാൻ കഴിഞ്ഞതെന്നും കൂലിയിനത്തിൽ എത്ര രൂപയാണ് ചെലവഴിച്ചതെന്നും മണ്ഡലം തിരിച്ച കണക്കുകൾ ലഭ്യമാക്കാമോ ?

കൊട്ടാരക്കര മണ്ഡലത്തിലെ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ

4060. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം കഴിഞ്ഞ നാലു വർഷങ്ങളായി കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ എത്ര രൂപയുടെ പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത് എന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികളിൽ ഓരോ വർഷവും സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ എത്രയെന്ന്

പഞ്ചായത്ത് തിരിച്ച് പട്ടിക ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയുടെ കീഴിൽ ആരംഭിക്കാനുദ്ദേശിച്ചിട്ടുള്ള രാജീവ്ഗാന്ധി സേവാകേന്ദ്രങ്ങളുടെ പ്രവർത്തനം കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ ആരംഭിച്ചിട്ടുണ്ടോ ; എന്തെല്ലാം സേവനങ്ങളും പ്രവൃത്തികളുമാണ് പ്രസ്തുത കേന്ദ്രങ്ങൾ വഴി നടപ്പിലാക്കുന്നത് ?

<u>തൊഴിലുറപ്പ് പദ്ധതി മിനിമം വേതന വർദ്ധന</u>

4061. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതി പ്രകാരം, തൊഴിൽ ചെയ്യുന്നവരുടെ വേതനം മിനിമം വേജസ് നിയമപ്രകാരം 320 രൂപയായി ഉയർത്തി നൽകുന്ന കാര്യം പരിഗണിക്കുമോ;

(ബി) മിനിമം വേജസ് നിയമപ്രകാരം വേതനം വർദ്ധിപ്പിച്ചു നൽകുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; എങ്കിൽ എന്താണെന്ന് വിശദമാക്കുമോ;

(സി) മിനിമം വേജസ് നിയമപ്രകാരം വേതനം നൽകണമെന്ന് ഏതെങ്കിലും കോടതി ഉത്തരവ് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ഡി) തൊഴിലാളികളുടെ ജോലി സമയം രാവിലെ ഒൻപത് മുതൽ നാല് വരെ ആക്കുന്ന കാര്യം പരിഗണിക്കുമോ; ഇത് നടപ്പിലാക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ട് എന്താണെന്ന് വിശദമാക്കാമോ;

(ഇ) തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

(എഫ്) സർക്കാരിന്റെ പുതിയ ഉത്തരവ് പ്രകാരം ഇപ്പോൾ ഏതെല്ലാം ജോലികളാണ് പ്രസ്തുത പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ജി) മത്സ്യമേഖലയേയും ക്ഷീരമേഖലയേയും തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

<u>കാഞ്ഞങ്ങാട് മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതി</u>

4062. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം റോഡുകൾക്കാണ് ഭരണാനുമതി ലഭിച്ചതെന്നും അതിൽ എത്ര റോഡുകളുടെ പ്രവൃത്തി പൂർത്തിയായിയെന്നും വിശദമാക്കാമോ ;

(ബി) പുതുതായി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് കാഞ്ഞങ്ങാട് മണ്ഡലത്തിൽ നിന്നും ഏതൊക്കെ റോഡുകളാണ് തെരഞ്ഞെടുത്തിട്ടുള്ളത്;

(സി) പദ്ധതിയിൽ ഉൾപ്പെടാൻ നിലവിലെ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി യോഗ്യതയുള്ള ഏതൊക്കെ റോഡുകളാണ് മണ്ഡലത്തിൽ ഉള്ളതെന്ന് പഞ്ചായത്ത് തിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

## ഉടുമ്പൻചോല ഹാഡ പദ്ധതി

4063. ശ്രീ.കെ.കെ.ജയചന്ദ്രൻ **:** താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹാഡ പദ്ധതിയിൽപ്പെടുത്തി ഉടുമ്പൻചോല നിയോജകമണ്ഡലത്തിൽ ഏതൊക്കെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്; പഞ്ചായത്തും വർഷവും തിരിച്ച് വിശദാംശം നൽകാമോ;

## ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ പി.എം.ജി.എസ്.വൈ. പദ്ധതികൾ

4064. ശ്രീ.പി.സി വിഷ്ണുനാഥ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം നിർമ്മിച്ച റോഡുകൾ ഏതൊക്കെയെന്ന് ഉത്തരവിന്റെ പകർപ്പ് സഹിതം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തിയായവ ഏത്; ഇനിയും പൂർത്തീകരിക്കുവാനുള്ളത് ഏതൊക്കെയെന്നും, പ്രവൃത്തി ആരംഭിക്കുവാനുള്ളത് ഏതൊക്കെയെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## ചാത്തന്നൂർ നിയോജക മണ്ഡല പുനർനിർണ്ണയം

4065. ശ്രീ.ജി.എസ്.ജയലാൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലം പുനർനിർണ്ണയം നടത്തിയപ്പോൾ മണ്ഡലത്തിൽ നിലവിലുണ്ടായിരുന്ന നെടുമ്പന ഗ്രാമപഞ്ചായത്ത് മുഖത്തല ബ്ലോക്ക് പഞ്ചായത്തിലേക്ക് മാറ്റുകയും പകരം കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിലെ പൂയപ്പള്ളി ഗ്രാമപഞ്ചായത്ത് ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുത്തുകയും ചെയ്തകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ചാത്തന്നൂർ നിയോജക മണ്ഡലത്തിലേക്ക് കൂട്ടിച്ചേർത്ത പൂയപ്പള്ളി ഗ്രാമപഞ്ചായത്ത് ഇപ്പോഴും കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് പരിധിയിലാണ് പ്രവർത്തിക്കുന്നതെന്ന കാര്യം പരിഗണിച്ച് പ്രസ്തുത ഗ്രാമപഞ്ചായത്ത് ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പിന് മുൻപ് ഈ നടപടി പൂർത്തീകരിക്കുന്നതിന് തടസ്സമുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ തൊഴിലുറപ്പ് പദ്ധതി

4066. ശ്രീ.പി.സി വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ പഞ്ചായത്തുകളിൽ നാളിതുവരെ തൊഴിലുറപ്പ് പദ്ധതിയിൽ എത്ര കുടുംബങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര ആളുകൾ നിലവിൽ ജോലി ചെയ്യുന്നു എന്ന് വ്യക്തമാക്കുമോ;

(സി) നിലവിൽ തൊഴിലുറപ്പ് പദ്ധതി കൂലിയിനത്തിൽ കുടിശ്ശിക നൽകുവാനുണ്ടോ; ഉണ്ടെങ്കിൽ തുക എത്രയെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ?

മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

4067. ശ്രീ.എളമരം കരീം

,, കെ.വി.വിജയദാസ്

,, കെ.രാധാകൃഷ്ണൻ

,, സി.കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം കഴിഞ്ഞ വർഷങ്ങളിൽ 100 ദിവസം തൊഴിൽ ലഭ്യമായ കുടുംബങ്ങളുടെ എണ്ണം സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

(ബി) 100 ദിവസം തൊഴിൽ ലഭ്യമായവരുടെ എണ്ണത്തിൽ കുറവ് വരുന്ന സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതിനുള്ള കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ഡി) പോരായ്മകൾ ഒഴിവാക്കി പദ്ധതി ഫലപ്രദമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മഹാത്മാഗാന്ധി ദേശിയഗ്രാമീണ തൊഴിലുറപ്പു പദ്ധതി

4068. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശിയഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ 2011 മുതൽ 2015 വരെ ഓരോ വർഷവും പേര് രജിസ്റ്റർ ചെയ്തവർ എത്രയെന്ന് ജില്ലതിരിച്ച് വിശദമാക്കുമോ ;

(ബി) 2011 മുതൽ 2015 വരെ ഓരോ വർഷവും ഇവർക്കോരോരുത്തർക്കും എത്ര ദിവസം തൊഴിൽ നല്കിയെന്നും എത്ര കേന്ദ്ര സഹായം ലഭിച്ചുവെന്നും എത്ര ചെലവാക്കിയെന്നുമുള്ള വിശദാംശം ജില്ലതിരിച്ച് ലഭ്യമാക്കുമോ ;

(സി) 2011മുതൽ 2015 വരെയുള്ള ലേബർ ബജറ്റുപ്രകാരം ഓരോ വർഷവും പ്രതീക്ഷിക്കപ്പെട്ട ശരാശരി തൊഴിൽ ദിനം എത്രയെന്നും ലഭിച്ച തൊഴിൽ ദിനം എത്രയെന്നും ലഭിച്ച

പ്രതിദിനവേതനം എത്രയെന്നും വർഷം തിരിച്ചും ജില്ലതിരിച്ചും വിശദാംശം ലഭ്യമാക്കുമോ ;

(ഡി) ഇത് സംബന്ധിച്ച ലേബർ ബജറ്റിന്റെയും അനുബന്ധ സംസ്ഥാന-കേന്ദ്ര സർക്കാർ ഉത്തരവുകളുടെയും 2011 മുതലുള്ള പകർപ്പുകൾ ലഭ്യമാക്കുമോ ;

(ഇ) പ്രസ്തുത പദ്ധതിയിലെ ഷെഡ്യൂൾ 1 ൽപ്പെട്ട എന്തെല്ലാം പ്രവൃത്തികൾ 2011 മുതൽ 2015 വരെ ഓരോ വർഷവും സംസ്ഥാന സർക്കാർ നടപ്പിലാക്കിയെന്നും ഇവയ്ക്കോരോന്നിനും ലഭിച്ച തുകയും ചെലവാക്കിയ തുകയും എത്ര വീതമെന്നും വ്യക്താമാക്കുമോ ;

(എഫ്) നിലവിൽ തൊഴിലുറപ്പ് ജോലി ചെയ്തവരിൽ നാളിതുവരെ വേതനം ലഭിക്കാത്തവർ ആരെല്ലാം; ജില്ല തിരിച്ച് ലിസ്റ്റ് ലഭ്യമാക്കുമോ ?

## എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററുകൾ

4069. **ശ്രീ.വി.ശിവൻകുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിനു കീഴിലുള്ള വികസന പരിശീലന കേന്ദ്രങ്ങളിൽ (എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററുകൾ) ആർക്കൊക്കെയാണ് പരിശീലനം നൽകുന്നത്;

(ബി) പ്രസ്തുത പരിശീലന കേന്ദ്രങ്ങളിൽ ഒരു പരിശീലനാർത്ഥിക്ക് പ്രതിദിനം എത്ര രൂപയാണ് ഭക്ഷണത്തിനായി അനുവദിച്ചിരിക്കുന്നതെന്നും ഒരു ഫാക്കൽറ്റി അംഗത്തിന് പ്രതിദിനം എത്ര രൂപയാണ് പ്രതിഫലമായി നൽകുന്നതെന്നും വ്യക്തമാക്കുമോ;

(സി) മേൽ പറഞ്ഞ തുകകൾ പര്യാപ്തമാണോ എന്നും പര്യാപ്തമല്ലെങ്കിൽ ആയതു പര്യാപ്തമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും വ്യക്തമാക്കുമോ?

## ആദിവാസികൾക്ക് വേണ്ടി ഗ്രാമവികസന വകുപ്പ് നടപ്പാക്കിയതും നടപ്പാക്കാൻ തീരുമാനിച്ചതുമായ പദ്ധതികൾ

4070. **ശ്രീ.വി.ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആദിവാസികൾക്ക് വേണ്ടി ഗ്രാമവികസന വകുപ്പ് വഴി നടപ്പാക്കിയ /തീരുമാനിച്ച പദ്ധതികളുടെ പേര് വിവരം വർഷം തിരിച്ച് ലഭ്യമാക്കാമോ ;

(ബി) ഓരോ പദ്ധതികൾക്കും എത്ര രൂപാവീതം നീക്കിവച്ചുവെന്നും ഏതെല്ലാം പദ്ധതികൾ പൂർത്തീകരിച്ചുവെന്നും വ്യക്തമാക്കാമോ ;

(സി) അട്ടപ്പാടിയിൽ മാത്രം ഏതെല്ലാം പദ്ധതികൾ നടപ്പാക്കി ;

(ഡി) ഡോ.സീമാ ഭാസ്കറിന്റെ നേതൃത്വത്തിൽ അട്ടപ്പാടിയിൽ നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാം ; ഇതിനായി എത്ര രൂപ ചെലവാക്കിയെന്ന് വ്യക്തമാക്കാമോ ?

## പത്രപ്രവർത്തകരുടെ ആശ്രിതർക്കുള്ള പെൻഷൻ വിതരണം

T 4071. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്രപ്രവർത്തകരുടെ ആശ്രിതർക്കുള്ള പെൻഷൻ വിതരണം ചെയ്യുന്നതിന് കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ചാലക്കുടി സബ്ട്രഷറിക്കുകീഴിൽ പ്രസ്തുത പെൻഷൻ ലഭിക്കേണ്ടവരായ ശ്രീമതി സാവിത്രി അന്തർജ്ജനം, ശ്രീമതി അമ്മിണിയമ്മ തുടങ്ങിയവർക്കുള്ള പെൻഷൻ കുടിശ്ശിക സഹിതം ലഭിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

<u>റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് ഫണ്ടിൽ **(RIDF)** കോഴിക്കോട് ജില്ലയിൽ റോഡുകൾ</u>

4072. **ശ്രീ.കെ. ദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് ഫണ്ടിൽ (RIDF) നിന്നും റോഡുകൾക്ക് തുക അനുവദിക്കുന്നതിന്റെ മാനദണ്ഡമെന്ത് എന്നത് വിശദമായി വ്യക്തമാക്കാമോ ;

(ബി) RIDF-ൽ റോഡുകൾക്ക് നവീകരിക്കുന്നതിന് പ്രൊപ്പോസൽ ആർക്കാണ് സമർപ്പിക്കേണ്ടത് എന്നും പ്രൊപ്പോസലുകൾ ഗ്രാമവികസന വകുപ്പ് മുഖേനയാണോ അഥവാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയാണോ നൽകേണ്ടത് എന്നത് വിശദമാക്കാമോ ;

(സി) ഈ സർക്കാരിന്റെ നാളിതുവരെയുള്ള ഭരണകാലത്തു RIDF-പദ്ധതിയിൽ കോഴിക്കോട് ജില്ലയിൽ ഒരു റോഡിന് പോലും തുക അനുവദിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; കോഴിക്കോട് ജില്ലയെ ഇത്തരത്തിൽ പരിഗണിക്കാതിരിക്കാൻ കാരണമെന്ത് എന്നത് വിശദമാക്കാമോ ;

(ഡി) പുതുതായി RIDF-ൽ പരിഗണിക്കുന്ന റോഡുകളിലും കോഴിക്കോട് ജില്ല പരിഗണിക്കപ്പെടാതെ പോയത് എന്ത് കൊണ്ട് എന്നത് വിശദമാക്കാമോ ;

(ഇ) RIDF-ൽ ഉൾപ്പെടുത്തുന്നതിന് നിയമസഭാ സാമാജികർ നൽകുന്ന പ്രൊപ്പോസലുകൾ പരിഗണിച്ച് ഭരണാനുമതി നൽകാൻ നടപടികൾ സ്വീകരിക്കുമോ ?

<u>സാമൂഹ്യ സാമ്പത്തിക ജാതി സെൻസസ്</u>

4073. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യ സാമ്പത്തിക ജാതി സെൻസസ് ഫലം പ്രസിദ്ധീകരിച്ചിരുന്നോ;

(ബി) പ്രസ്തുത സെൻസസ് പ്രകാരം എല്ലാ ജില്ലകളിലും സർവ്വേ വിവരങ്ങളുടെ ക്രോഡീകരണം പൂർത്തീകരിച്ചിട്ടുണ്ടോ;

(സി) പൂർത്തീകരിക്കാത്ത ജില്ലകൾ ഏതെല്ലാമാണ്; ആയതിന്റെ കാരണങ്ങൾ എന്തെല്ലാമാണ്?

## ദേശീയ സാമ്പത്തിക സർവ്വേ

T 4074. ശ്രീ.സി.ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ സാമ്പത്തിക സർവ്വേ പ്രകാരം വിവിധ മാനവ വികസന സൂചകങ്ങളിൽ കേരളത്തിന്റെ സ്ഥാനം വ്യക്തമാക്കാമോ?

## വിവിധ പദ്ധതികളിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ

T 4075. ശ്രീ.വി.ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്ലാൻ, നോൺ പ്ലാൻ, സംസ്ഥാനാവിഷ്കൃതം, എന്നീ ഇനങ്ങളിൽ വിവിധ പദ്ധതികൾക്കായി നീക്കിവച്ച തുക എത്രയാണെന്നു വ്യക്തമാക്കാമോ;

(ബി) ഈ ഇനങ്ങളിൽ ഓരോ വർഷവും ചെലവഴിച്ച തുക എത്ര;

(സി) ഓരോ പദ്ധതിയിനത്തിലും ഓരോ വർഷവും ചെലവാക്കാതെ വന്ന തുക എത്ര; ലാപ്സായ തുക എത്ര; വിശദമാക്കാമോ?

## പദ്ധതി നടത്തിപ്പിലെ കാലതാമസം

T 4076. ശ്രീ.സി.കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ പദ്ധതികളുടെ നടത്തിപ്പിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുവാൻ എന്തെങ്കിലും പ്രത്യേക നടപടികൾ പരിഗണയിലുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ഭരണാനുമതി ലഭിച്ച പദ്ധതികൾക്ക് സാങ്കേതികാനുമതി ലഭിക്കുന്നതിനും പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതിനും ഉണ്ടാകുന്ന കാലതാമസത്തിൻെറ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പരിശോധന നടത്താൻ ആവശ്യമായ നിർദ്ദേശം നൽകുമോ ?

## സംസ്ഥാന ആസൂത്രണ ബോർഡിന്റെ പുനസംഘടനം.

4077. പ്രൊഫ. സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ആസൂത്രണ ബോർഡിനെ പുനസംഘടിപ്പിക്കുന്ന വിഷയം പഠിച്ച് റിപ്പോർട്ട് നൽകുന്നതിനായി ഏതെങ്കിലും സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പുനസംഘടനയിലൂടെ ലക്ഷ്യമിടുന്നത് എന്താണെന്നും ചുമതലപ്പെടുത്തിയ സ്ഥാപനം ഏതാണെന്നും വിശദമാക്കാമോ ;

(സി) പ്രസ്തുത സ്ഥാപനം പ്രാഥമിക റിപ്പോർട്ടോ, കരട് റിപ്പോർട്ടോ, അന്തിമ റിപ്പോർട്ടോ

നൽകിയിട്ടുണ്ടോ;

(ഡി) പ്രസ്തുത റിപ്പോർട്ട് ലഭിച്ചെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത പഠനം നടത്തുന്നതിനുള്ള ആകെ ചെലവ് എത്ര രൂപയാണ്;നാളിതുവരെ എത്ര രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്; വിശദമാക്കാമോ?

<u>സംസ്ഥാന ബാങ്കേഴ്സ് അവലോകന യോഗം</u>

T 4078. ഡോ.ടി.എം.തോമസ് ഐസക്

പ്രൊഫ. സി.രവീന്ദ്രനാഥ്

ശ്രീ.വി.ചെന്താമരാക്ഷൻ

,, ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബാങ്കേഴ്സ് അവലോകന യോഗത്തിൽ സംസ്ഥാനത്തിന്റെ താല്പര്യത്തിനനുസരിച്ച് ബാങ്കുകളുടെ പ്രവർത്തനം പ്രയോജനപ്പെടുന്നുണ്ടോയെന്ന് വിലയിരുത്താറുണ്ടോ ; വിശദമാക്കാമോ ;

(ബി) സംസ്ഥാനത്തെ ദേശസാൽകൃത ബാങ്കുകളിൽ നിക്ഷേപ തോതിൽ വൻവർദ്ധനയുണ്ടാകുമ്പോഴും വായ്പ നൽകുന്നതിന്റെ അനുപാതം കുറവാകുന്നതായ വിലയിരുത്തലുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ സംസ്ഥാനത്തിന്റെ പൊതുവികസനത്തിനും സാധാരണക്കാരുടെ താൽപര്യത്തിനുമനുസരിച്ച് ബാങ്കുകളുടെ പ്രവർത്തനവും നിക്ഷേപവും പ്രയോജനപ്പെടുത്തുന്നതിന് ഏതെങ്കിലും തരത്തിലുള്ള ആലോചനകൾ അവലോകന യോഗത്തിൽ നടത്താറുണ്ടോയെന്ന് വ്യക്തമാക്കുമോ ?

<u>സാമൂഹിക-സാമ്പത്തിക-ജാതി സെൻസസ്</u>

4079. ശ്രീ.ഇ.പി.ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പ് നടത്തുന്ന സാമൂഹിക -സാമ്പത്തിക -ജാതി സെൻസസ്ഇനിയും ഏതെല്ലാം ജില്ലകളിലാണ് ജോലികൾ പൂർത്തീകരിക്കാനുള്ളത്;

(ബി) ഏതെല്ലാം ജില്ലകളിലെ സെൻസസ് റിപ്പോർട്ട് പ്രസിദ്ധീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

<u>സാമ്പത്തിക സ്ഥിതി വിവരകണക്ക് വിഭാഗം</u>

4080. ശ്രീ.കെ.എസ്.ശബരീനാഥൻ

,, എം.പി.വിൻസെൻറ്

,, ലൂഡി ലൂയിസ്

,, എ.റ്റി.ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമ്പത്തിക സ്ഥിതി വിവരകണക്ക് വിഭാഗം ശക്തിപ്പെടുത്തുന്നതിനുള്ള പരിപാടിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ആരെല്ലാമാണ് പ്രസ്തുതപരിപാടിയുമായി സഹകരിക്കുന്നത്;

(ഡി) പ്രസ്തുതപരിപാടി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾ</u>

4081. **ശ്രീ.കെ. ദാസൻ :** താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിൽ കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാം; ആയത് നടപ്പാക്കിയിട്ടുള്ളത് ഏതെല്ലാം പ്രദേശങ്ങളിൽ; ഏതെല്ലാംതദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ; ഓരോ പ്രവൃത്തിക്കും അനുവദിച്ച എ. എസ്. തുക എത്ര; വർഷം തിരിച്ച് വിശദാംശം വ്യക്തമാക്കുമോ?

<u>വിദ്യാഭ്യാസ വായ്പ</u>

4082. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പയുമായി ബന്ധപ്പെട്ട മാർഗ്ഗ നിർദ്ദേശങ്ങൾ വിശദമാക്കുമോ;

<u>നിർമ്മൽ ഭാരത് അഭിയാൻ, ഐ.എൽ.സി.എസ് പദ്ധതികളുടെ പ്രവർത്തനം</u>

4083. **ശ്രീമതി.കെ.എസ്.സലീഖ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മൽ ഭാരത് അഭിയാൻ പദ്ധതി നടത്തിപ്പിനായി കേന്ദ്ര സർക്കാർ 2011 മുതൽ 2015 വരെ ഓരോ വർഷവും സംസ്ഥാനത്തിന് എത്ര തുക അനുവദിച്ച് നൽകിയെന്നും ഓരോ വർഷവും എത്ര തുക പ്രസ്തുത ഫണ്ടിൽ നിന്നും ചെലവാക്കിയെന്നും വ്യക്തമാക്കുമോ;

(ബി) മറ്റൊരു കേന്ദ്രാവിഷ്കൃത പദ്ധതിയായ ഐ.എൽ.സി.എസ്. പദ്ധതി നടത്തിപ്പിനായി 2011 മുതൽ 2015 വരെ ഓരോ വർഷവും എത്ര കേന്ദ്ര സഹായം ലഭിച്ചുവെന്നും ഏതെല്ലാം പ്രവൃത്തികൾക്കാണ് എന്നും ഓരോ വർഷവും എത്ര തുക ചെലവാക്കിയെന്നും വ്യക്തമാക്കുമോ;

(സി) ഗ്രാമപ്രദേശത്തെ ഖര-ദ്രവ മാലിന്യ സംസ്കരണത്തിനായിട്ടുള്ള കേന്ദ്ര പദ്ധതിയായ എൻ.ബി.എ. പദ്ധതിയുടെ ഭാഗമായി ലഭിച്ച സർക്കാർ സഹായത്തിൽ നിന്നും 2011 മുതൽ 2015 വരെ ഓരോ ജില്ലയിലും ഏതെല്ലാം പഞ്ചായത്തുകൾക്ക് എത്ര സഹായം സംസ്ഥാന സർക്കാർ ലഭ്യമാക്കി; വർഷം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ഡി) 2011 മുതൽ 2015 വരെ ഓരോ വർഷവും അങ്കണവാടി ശുചിത്വ പരിപാലനം, ശിശു സൗഹൃദ

ടോയ്ലറ്റ് നിർമ്മാണം, വിദ്യാലയ ശുചിത്വ പരിപാടി, വ്യക്തികൾക്ക് കക്കൂസ് നിർമ്മാണം തുടങ്ങിയവയ്ക്ക് എത്ര തുക കേന്ദ്ര സഹായം ലഭിച്ചുവെന്നും ഓരോ വർഷവും ഏതെല്ലാം പഞ്ചായത്തുകളിൽ എത്ര തുക വീതം ചെലവാക്കിയെന്നും വ്യക്തമാക്കുമോ;

(ഇ) എൽ.ബി.എ. പദ്ധതി പ്രകാരം കേന്ദ്ര സഹായത്തിൽ ലഭിക്കുന്ന തുകയിൽ 2011 മുതൽ 2015 വരെ ഓരോ വർഷവും വിവര - വിജ്ഞാന വ്യാപന പ്രവൃത്തികൾക്കായി ലഭിച്ച തുക എത്ര; ചെലവാക്കിയ തുക എത്ര; ഏതു പ്രദേശങ്ങളിൽ ചെലവാക്കി; വിശദാംശം ലഭ്യമാക്കുമോ;

(എഫ്) ഇത്തരത്തിൽ കേന്ദ്ര സഹായങ്ങൾ ലഭിക്കുന്ന എങ്നക്ഷത്രചിഹ്നമിടത്ത ചോദ്യമായി അനുവദിക്കാവുന്നതാണ്കിലും ഇവ ചെലവാക്കാനായി ശുചിത്വ മിഷൻ കാണിക്കുന്ന അനാസ്ഥ പരിശോധിച്ചുവോ; വിശദാംശം ലഭ്യമാക്കുമോ?

## വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നതിലെ മാനദണ്ഡം

4084. ശ്രീ.എ.എം. ആരിഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നതിലെ മാനദണ്ഡം എന്തെല്ലാം എന്നറിയിക്കുമോ;

(ബി) വിദ്യാഭ്യാസ വായ്പകളുടെ 2008-09ലെ പിലശനിരക്കും നിലവിലെ പലിശനിരക്കും എത്രയാണ്;

(സി) വിദ്യാഭ്യാസ വായ്പക്ക് ഇൻഷ്വറൻസ് പരിരക്ഷ നല്കിയിട്ടുണ്ടോ;

(ഡി) ഏതെങ്കിലും ദേശസാൽകൃത ബാങ്കുകൾ അമിത പലിശ ഈടാക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇത്തരം ബാങ്കുകൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കാൻ കഴിയുന്നത്;

(ഇ) പലിശ നിശ്ചയിക്കുന്നതിലെ മാനദണ്ഡം വെളിപ്പെടുത്തുമോ?

## പദ്ധതിവിഹിതം ഒറ്റ ബഡ്ജറ്റ് ശീർഷകത്തിൽ വകയിരുത്തുന്ന രീതി

4085. ശ്രീ.കെ.വി.വിജയദാസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് വേണ്ട വിഹിതം ഒറ്റ ബഡ്ജറ്റ് ശീർഷകത്തിൽ വകയിരുത്തുന്ന രീതി ഏതു വർഷം മുതലാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) പുതിയ രീതി അവലംബിക്കാനിടയായ കാരണങ്ങളും ഉദ്ദേശലക്ഷ്യങ്ങളും എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഇത്തരത്തിൽ ഒറ്റ ബഡ്ജറ്റ് ശീർഷകത്തിൽ തുക വകയിരുത്തിയത് ഏതെല്ലാം പദ്ധതിക്ക് വേണ്ടിയാണെന്നും അവയ്ക്കെല്ലാം കൂടി ആകെ എന്ത് തുക വകയിരുത്തിയെന്നും ഓരോ പദ്ധതിക്കും എന്ത് തുക വീതം ചെലവഴിച്ചിട്ടുണ്ടെന്നും മൊത്തം ചെലവുകൾ എത്ര ശതമാനമെന്നും വർഷം തിരിച്ച് വിശദമാക്കുമോ?

(ഡി) ചെലവുകളുടെ ശതമാനക്കണക്കിന്റെ അടിസ്ഥാനത്തിൽ പല പദ്ധതികൾക്കായി ഒറ്റ ബഡ്ജറ്റ് ശീർഷകത്തിൽ തുക വകയിരുത്തുന്ന പുതിയ രീതി വിജയമാണോയെന്നും ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിച്ചുവോയെന്നും വ്യക്തമാക്കുമോ?

കോഴിക്കോട് ജില്ലയിൽ നബാർഡ് ധനസഹായത്തോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രൊജക്റ്റുകൾ

4086. ശ്രീ.കെ. ദാസൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-2016 വർഷം കോഴിക്കോട് ജില്ലയിൽ നബാർഡ് ധനസഹായത്തോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രൊജക്റ്റുകൾ ഏതെല്ലാം ; ഇവ നിയമസഭാ മണ്ഡലം തിരിച്ച് വിശദമായി വ്യക്തമാക്കാമോ ;

(ബി) ഓരോ പ്രൊജക്റ്റിനും ഭരണാനുമതി നൽകിയ ഉത്തരവിന്റെ പകർപ്പും തുകയും വ്യക്തമാക്കാമോ?

ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ നബാർഡ് പദ്ധതികൾ

4087. ശ്രീ.പി.സി വിഷ്ണുനാഥ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരധികാരമേറ്റശേഷം ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള നബാർഡ് സഹായപദ്ധതികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) മണ്ഡലത്തിൽ നിലവിൽ പരിഗണനയിലുള്ള നബാർഡ് പദ്ധതികൾ എതൊക്കെയെന്ന് വ്യക്തമാക്കുമോ ;

(സി) ഈ പദ്ധതികളിൽ പൂർത്തിയായവ ഏതൊക്കെ ; നിർമ്മാണത്തിലിരിക്കുന്നവ ഏതൊക്കെ ; വിശദാംശം ലഭ്യമാക്കുമോ ?

കേന്ദ്രാവിഷ്കൃത പദ്ധതികൾ

4088. ശ്രീ.കെ.ശിവദാസൻ നായർ

,, ബെന്നി ബെഹനാൻ

,, ജോസഫ് വാഴയ്ക്കൻ

,, സി.പി.മുഹമ്മദ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതികളിൽ സംസ്ഥാനങ്ങൾക്കുള്ള അധികാരം പരിമിതമാണെന്ന് പരാതിയുണ്ടോ; വിശദമാക്കുമോ;

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഫണ്ടിന്റെ എത്ര ശതമാനമാണ് സംസ്ഥാനത്തിന് ലഭിക്കുന്നതെന്ന രൂപരേഖയായോ; വിശദമാക്കുമോ;

(സി) ഓരോ പദ്ധതിക്കും കേന്ദ്ര ബജറ്റിൽ പ്രത്യേകം തുക വകയിരുത്തുന്നതിന് സമ്മർദ്ദം ചെലുത്തുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ?

## മിഷൻ **676** -ൽ ഉൾപ്പെടുത്തിയ കോഴിക്കോട് ജില്ലയിലെ പ്രവൃത്തികൾ

T 4089. **ശ്രീ.പി.ടി.എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിഷൻ 676 പദ്ധതിയിൽ ഉൾപ്പെടുത്തി കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കാൻ തീരുമാനിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവയിൽ ഓരോ പ്രവൃത്തിയ്ക്കും വകയിരുത്തിയ തുക എത്ര വീതമാണെന്ന് വിശദമാക്കാമോ ;

(സി) ഓരോ പ്രവൃത്തിയും പൂർത്തീകരിക്കുന്നതിന് കാലയളവ് നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ ?

## ക്ഷീരവരം പദ്ധതി

4090. **ശ്രീ.വി.ചെന്താമരാക്ഷൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ക്ഷീര വികസന മേഖലയിലെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) പാൽ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും, ക്ഷീര കർഷകരുടെ ക്ഷേമത്തിനുമായി പാലക്കാട് ജില്ലയിൽ ക്ഷീരവരം എന്ന പദ്ധതിക്ക് രൂപം നൽകിയതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ക്ഷീര വരം പദ്ധതിക്കായി എന്തെല്ലാം സഹായങ്ങളാണ് സർക്കാരിന്റെ ഭാഗത്തുനിന്ന് ലഭ്യമാക്കുക എന്ന് വിശദമാക്കുമോ?

## അന്യ സംസ്ഥാനത്ത് നിന്നെത്തുന്ന പാലിന്റെ ഗുണനിലവാരം

4091. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യ സംസ്ഥാനത്ത് നിന്നും വിവിധ പേരുകളിലെത്തുന്ന പാലാണ് പലഭക്ഷണ ശാലകളിലും ഉപയോഗിക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവയുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ക്ഷീരവികസന വകുപ്പ് എന്തെങ്കിലും സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ;

(ബി) അന്യ സംസ്ഥാനത്ത് നിന്നും വിവിധ പേരുകളിലെത്തുന്ന പാൽ സർക്കാർ അനുമതിയോടെയും ക്ഷീരവികസന വകുപ്പിന്റെ അംഗീകാരത്തോടെയുമാണോ ഹോട്ടലുകളിലും മറ്റ് ഭക്ഷണശാലകളിലും ഉപയോഗിക്കപ്പെടുന്നതെന്ന് വിശദമാക്കുമോ;

(സി) ഗുണനിലവാരം ഇല്ലാത്ത ഇനം പാൽ സംസ്ഥാനത്ത് ഉപയോഗിക്കപ്പെടാതിരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## അന്യ സംസ്ഥാനങ്ങളിൽ നിന്നും മിൽമ വാങ്ങുന്ന പാലിന്റെ ഗുണനിലവാരം.

4092. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യ സംസ്ഥാനങ്ങളിൽ നിന്നും മിൽമ വാങ്ങുന്ന പാലിന്റെ ഗുണനിലവാര പരിശോധന ഏതെല്ലാം ഘട്ടങ്ങളിലായാണ് നടത്തുന്നത്; സംസ്ഥാനത്തിന് പുറത്തുള്ള ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നുമാണ് മിൽമ പാൽ ശേഖരിക്കുന്നത്; വ്യക്തമാക്കാമോ;

(ബി) അന്യ സംസ്ഥാനങ്ങളിൽ നിന്നും ശേഖരിക്കുന്ന പാലിന്റെ ഗുണനിലവാരം ആരോഗ്യ വകുപ്പിന്റെ ഏതെങ്കിലും വിഭാഗം പരിശോധിക്കുന്നുണ്ടോ; വിശാദമാക്കാമോ?

## മിൽക്ക് ഫെഡ് വികസന പദ്ധതി

4093. ശ്രീ.ഡൊമിനിക് പ്രസന്റേഷൻ

,, അൻവർ സാദത്ത്

,, പി.എ.മാധവൻ

,, ആർ . സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിൽക്ക് ഫെഡ് വികസന പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോയെന്നു വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്;വ്യക്തമാക്കാമോ;

(സി) ഈ പദ്ധതിയുമായി ആരെല്ലാമാണ് സഹകരിക്കുന്നതെന്നു വിശദമാക്കാമോ ;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

## മിൽമയുടെ പ്രവർത്തനം

4094. ശ്രീ.പി.കെ.ഗുരുദാസൻ

പ്രൊഫ. സി.രവീന്ദ്രനാഥ്

ശ്രീ.എം.ചന്ദ്രൻ

,, പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിതരണം നടത്തുന്നതിനാവശ്യമായ പാൽ ക്ഷീരകർഷകരിൽ നിന്നും മിൽമയ്ക്ക് സംഭരിക്കാൻ കഴിയുന്നുണ്ടോ ; ഇല്ലെങ്കിൽ അന്യസംസ്ഥാനത്ത് നിന്നും പാൽ ഇറക്കുമതി ചെയ്യുന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാണോ ;

(ബി) മിൽമ വൻതോതിൽ പാൽ ഇറക്കുമതി ചെയ്യുന്നതിനാൽ കർഷകർക്ക് ലഭിക്കേണ്ട ആനുകൂല്യം അനധികൃതമായി മിൽമ തട്ടിയെടുക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(സി) അന്യസംസ്ഥാനത്ത് നിന്നും ഇറക്കുമതി ചെയ്യുന്ന പാൽ എന്ത് വിലയ്ക്കാണ് മിൽമ വാങ്ങുന്നത് എന്നറിയിക്കാമോ ?

## മിൽമയുടെ പ്രവർത്തനം

4095. ശ്രീ.സാജു പോൾ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിൽമയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) മിൽമ പ്രതിദിനം 11 ലക്ഷം ലിറ്റർ പാൽ സംഭരിച്ച് 12.5 ലക്ഷം ലിറ്റർ ആയി വർദ്ധിപ്പിച്ച് വിൽക്കുന്നത് ശ്രദ്ധിച്ചിട്ടുണ്ടോ;

(സി) സംഭരിക്കുന്നതിലും കൂടുതൽ പാൽ വിൽക്കുന്നത് എങ്ങിനെയെന്ന് വിശദമാക്കാമോ ?

<u>കവർപാലിൽ 'ഫോർമാലിന്റെ സാന്നിദ്ധ്യം</u>

4096. ശ്രീ.എ. കെ. ശശീന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിൽമ വിതരണം ചെയ്യുന്ന കവർപാലിൽ 'ഫോർമാലിൻ' ചേർക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ ജനങ്ങളുടെ ആശങ്ക തീർക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ക്ഷീരമേഖലയിലെ സ്വയംപര്യാപ്തത</u>

4097. ശ്രീ.വർക്കല കഹാർ

,, ടി.എൻ. പ്രതാപൻ

,, തേറമ്പിൽ രാമകൃഷ്ണൻ

,, വി.പി.സജീന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷീരമേഖല സ്വയം പര്യാപ്തതയിലേക്ക് എത്തിയ്ക്കുന്നതിനുള്ള നടപടികൾക്ക് രൂപം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) എന്തെല്ലാം ഉദ്യേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നതെന്ന് അറിയിക്കാമോ;

(ഡി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ക്ഷീരകർഷകർക്കുള്ള സബ്സിഡി</u>

4098. ശ്രീ.കെ.കെ.ജയചന്ദ്രൻ

ശ്രീമതി.കെ.എസ്.സലീഖ

ശ്രീ.ജെയിംസ് മാത്യു

,, കെ.കുഞ്ഞിരാമൻ **(ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും

ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരകർഷകർക്ക് ഇപ്പോൾ പാലുല്പാദനത്തിനായി നൽകി വരുന്ന സബ്സിഡി തൃപ്തികരമാണെന്ന് കരുതുന്നുണ്ടോ;

(ബി) അയൽ സംസ്ഥാനങ്ങളിൽ ക്ഷീരകർഷകർക്ക് നൽകിവരുന്ന സബ്സിഡി , ഇവിടുത്തെ കർഷകർക്കു നൽകുന്നതിനേക്കാൾ കൂടുതലാണെന്നകാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) എങ്കിൽ സംസ്ഥാനത്തെ ക്ഷീരകർഷകർക്ക് അതിനനുസൃതമായി സബ്സിഡി തുക വർദ്ധിപ്പിച്ചു നല്കുമോ?

<u>സി.ഡിറ്റിന് കെട്ടിട നിർമ്മാണം</u>

4099. ശ്രീ.വി.ശിവൻകുട്ടി **:** താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പട്ടത്ത് സി.ഡിറ്റിന് സർക്കാർ അനുവദിച്ച ഭൂമിയിൽ ഇക്കഴിഞ്ഞ 4 വർഷത്തിനുള്ളിൽ സി.ഡിറ്റിന് കെട്ടിട നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം എന്താണെന്നു വ്യക്തമാക്കുമോ ?

<u>ട്രാംവെ റെയിൽ പൈതൃക മ്യൂസിയം</u>

4100. ശ്രീ.ബി.ഡി. ദേവസ്സി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി ആസ്ഥാനമാക്കി 'ട്രാംവെ റെയിൽ പൈതൃക മ്യൂസിയം' സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് ;

(ബി) നിർമ്മാണം ആരംഭിക്കുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

<u>കൂർമ്മൽ എഴുത്തച്ഛൻ</u>

4101. ശ്രീ.ഇ.ചന്ദ്രശേഖരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കൻ കേരളത്തിൽ സാമൂഹ്യമാറ്റത്തിന് നേതൃത്വം നൽകിയതിൽ പ്രധാനിയും മൂന്ന് നൂറ്റാണ്ടിനപ്പുറത്ത് ജീവിച്ചിരുന്നതുമായ കൂർമ്മൽ എഴുത്തച്ഛന്റെ സാഹിത്യ സാംസ്കാരിക സംഭാവനകൾ ക്രോഡീകരിക്കുന്നതിനു എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;എങ്കിൽ വിശദമാക്കാമോ;

(ബി) കൂർമ്മൽ എഴുത്തച്ഛന്റെ പേരിൽ അജാനൂർ പടിഞ്ഞാറെക്കരയിൽ സാംസ്കാരിക കേന്ദ്രം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്</u>

4102. ശ്രീ.കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ എത്ര പേർക്ക് അംഗത്വമുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ ബോർഡിൽ നിന്നുള്ള പെൻഷൻ ഇനത്തിൽ എത്രപേർക്ക് എത്ര ഗഡുവീതം, ആകെ എത്ര തുക കുടിശ്ശികയുണ്ടെന്ന് വിശദമാക്കാമോ;

(സി) ഈ കാലയളവിൽ മരണാനന്തര സഹായം, പെൺമക്കളുടെ വിവാഹ സഹായം, പ്രസവാനുകൂല്യം തുടങ്ങിയ ഇനത്തിൽ എത്ര അപേക്ഷകൾ ബോർഡിൽ ലഭ്യമായിട്ടുണ്ടെന്നും, ഇതിൽ എത്ര അപേക്ഷകളിൽ തുക വിതരണം ചെയ്തെന്നും വിശദമാക്കുമോ?

<u>സി-ഡിറ്റിലെ ജീവനക്കാരുടെ സർവ്വീസ് പ്രശ്നങ്ങൾ</u>

4103. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ഡിറ്റിലെ ജീവനക്കാർക്ക് സർവ്വീസ് അപാകതകളും വിവേചനങ്ങളും ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ആയതു പരിഹരിക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ ?

<u>സി.ഡിറ്റിലെ കൊറിയർ ഇടപാട് അഴിമതി</u>

4104. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.ഡിറ്റിൽ കൊറിയർ ഇടപാടിൽ അഴിമതി നടന്നു എന്ന പരാതിയിന്മേൽ വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ആയതിന്റെ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

<u>കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാനുള്ള പദ്ധതി</u>

4105. ശ്രീ.കെ.ശിവദാസൻ നായർ

,, എം.എ. വാഹീദ്

,, ലൂഡി ലൂയിസ്

,, എം.പി.വിൻസെൻറ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത്;

(ഡി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

<u>കേരള കലാമണ്ഡലം ജീവനക്കാർ സമർപ്പിച്ച നിവേദനം</u>

4106. **ശ്രീ.കെ.രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കലാമണ്ഡലം യൂണിവേഴ്സിറ്റി ടീച്ചേഴ്സ് ആന്റ് നോൺ ടീച്ചേഴ്സ് എംപ്ലോയീസ് യൂണിയന്റെ ആഭിമുഖ്യത്തിൽ ജീവനക്കാരുടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള നിവേദനം ലഭിച്ചിരുന്നോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത നിവേദനത്തിന്റെ അടിസ്ഥാനത്തിൽ 30-11-2013ൽ സാംസ്കാരിക വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചർച്ച നടത്തിയിരുന്നോ ; എങ്കിൽ ചർച്ചയിലെ തീരുമാനങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ ;

(സി) പ്രസ്തുത ചർച്ചയിൽ തീരുമാനമെടുത്ത കാര്യങ്ങൾ നടപ്പിലാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ഡി) വകുപ്പ് സെക്രട്ടറിയുടെ ചർച്ചയിൽ തീരുമാനിച്ച കാര്യങ്ങൾ ഇനിയും നടപ്പിലാക്കാൻ കേരള കലാമണ്ഡലം അധികൃതർ തയ്യാറായിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ ജീവനക്കാർ ദീർഘകാലമായി ഉന്നയിച്ചുവരുന്ന ആവശ്യങ്ങൾ നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

<u>കേരള കലാമണ്ഡലത്തിന്റെ വികസന പ്രവർത്തനങ്ങൾക്കുള്ള ചെലവ്.</u>

4107. **ശ്രീ.കെ.രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കലാമണ്ഡലത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ഈ സർക്കാർ ഇതുവരെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ ഇവിടെ നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ ?

<u>വിവിധ പുരസ്കാരങ്ങൾക്ക് ശിപാർശ ചെയ്യാൻ നടപടി</u>

4108. **ശ്രീമതി.കെ.എസ്.സലീഖ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഓരോ വർഷവും എത്ര പേർക്ക് പത്മപുരസ്കാരം ഉൾപ്പെടെ മറ്റു പുരസ്കാരങ്ങൾക്ക് ശിപാർശ ചെയ്തിരുന്നു ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇവരിൽ ഓരോ വർഷവും പത്മപുരസ്കാരവും മറ്റു പുരസ്കാരങ്ങളും ലഭിച്ചവർ ആരെല്ലാമാണ് ; വിശദാംശം ലഭ്യമാക്കുമോ ;

(സി) ഇത്തരം പുരസ്കാരങ്ങൾ ലഭിക്കാനായി സർക്കാർ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ

എന്തെല്ലാമെന്നും മാനദണ്ഡങ്ങളുണ്ടെങ്കിലും ആയതിലേക്ക് സർക്കാർ കാലയളവിൽ ഓരോ വർഷവും ലഭിച്ച പരാതികൾ എത്രയാണ്; പരാതിക്കാർ ആരെല്ലാമാണ്; സർക്കാർ ഇതിന്മേൽ ഓരോ വർഷവും സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ഡി) കേന്ദ്രനിർദ്ദേശങ്ങൾ പാലിക്കാതെ ഇത്തരം പുരസ്കാരങ്ങൾക്ക് വ്യക്തികളെ പരിഗണിക്കുന്നതു സംബന്ധിച്ച് സർക്കാർ കാലയളവിൽ ഓരോ വർഷവും എത്ര പരാതികളാണ് ലഭിച്ചത് ; എന്തു നടപടി സർക്കാർ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ഇ) ഇക്കാര്യത്തിൽ വ്യക്തികളെ തെരഞ്ഞെടുക്കാൻ നിയോഗിക്കപ്പെട്ട മന്ത്രിസഭാ ഉപസമിതി തീരുമാനങ്ങൾക്ക് ക്യാബിനറ്റിന്റെ അനുമതി വാങ്ങിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(എഫ്) ഇത്തരം തീരുമാനങ്ങൾ ക്യാബിനറ്റും/ഉപസമിതിയും എടുത്ത ശേഷം നിയമസഭയുടെ അംഗീകാരം വാങ്ങുന്നതിന് സ്വീകരിക്കുന്ന നടപടി എന്ത് എന്ന് വ്യക്തമാക്കുമോ ; അതുവഴി പ്രസ്തുത പ്രവർത്തനം കുറ്റമറ്റതും സുതാര്യവുമാക്കാൻ കഴിയുമോ എന്ന് വ്യക്തമാക്കുമോ ;

(ജി) ഇത്തരം പുരസ്കാരങ്ങൾക്ക് നിശ്ചയിക്കപ്പെടുന്നവരെ തെരഞ്ഞെടുക്കാൻ സർക്കാർ 2011 മുതൽ 2015 വരെ ഓരോ വർഷവും സ്വീകരിച്ച പ്രവർത്തനങ്ങളും മാനദണ്ഡങ്ങളും എന്താണെന്ന് വ്യക്തമാക്കുമോ?

## മലയാളം ടി.വി. സീരിയലുകൾ

4109. **ശ്രീ.സാജു പോൾ :** താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാളം ടി.വി. സീരിയലുകളുടെ നിലവാരം പരിശോധിക്കാൻ സംവിധാനം നിലവിലുണ്ടോ ; വിശദമാക്കാമോ ?

## കലാകാര പെൻഷൻ

4110. **ശ്രീമതി.കെ.എസ്.സലീഖ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ കഥാപ്രസംഗരംഗത്ത് പ്രവർത്തിക്കുന്നവർ, പ്രൊഫഷണൽ നാടകരംഗത്തെ വിവിധ വിഭാഗം കലാകാരന്മാർ, ശബ്ദക്രമീകരണ വിദഗ്ധർ , ഗായകർ, സീരിയൽ രംഗത്തെ കലാകാരന്മാർ എന്നിവർ എത്ര വീതം എന്നത് സംബന്ധിക്കുന്ന വിശദാംശം ലഭ്യമാക്കുമോ ; കണക്ക് ലഭ്യമല്ല എങ്കിൽ ആയതിനായി എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ;

(ബി) ഇവരിൽ ഓരോ വിഭാഗത്തിലുംപെട്ട എത്രപേർക്ക് പെൻഷൻ നൽകുന്നുണ്ടെന്നും എത്ര തുക കുടിശ്ശികയുണ്ടെന്നും നാളിതുവരെ ഇൻഷ്വറൻസ്, മെഡിക്ലെയിം പദ്ധതിയിൽ ഉൾപ്പെടുത്തിയ നാടക സംഘങ്ങൾ ഏതെല്ലാം എന്നും അതിൽ എത്ര അംഗങ്ങളുണ്ട് എന്നും വ്യക്തമാക്കുമോ ;

(സി) നാളിതുവരെ കലാകാര പെൻഷൻ, കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി എന്നിവയ്ക്കായി നൽകിയ സഹായം എത്രയെന്നും ക്ഷേമനിധി അംഗങ്ങൾ എത്രയെന്നും എത്ര പേർക്ക് ഇതിൽ നിന്നും പ്രതിമാസ പെൻഷൻ നല്കിയെന്നും അശരണരും

രോഗബാധിതരുമായ കലാകാരൻമാർക്കുള്ള അടിയന്തര ചികിത്സാ സഹായം, ഇൻഷ്വറൻസ് മെഡിക്ലെയിം എന്നിവ ഈ സർക്കാർ കാലയളവിനുള്ളിൽ ഓരോ വർഷവും എത്രപേർക്ക് നല്കിയെന്നും ഇതിനായി ലഭിച്ച സർക്കാർ സഹായം എത്രയെന്നും വ്യക്തമാക്കുമോ ;

(ഡി) ഇത്തരം കലാപ്രവർത്തകർക്ക് കേരള സംഗീത നാടക അക്കാദമി മുഖേന നടപ്പിലാക്കിവരുന്ന ക്ഷേമപ്രവർത്തനങ്ങൾ എന്തെല്ലാം എന്നും അതുവഴി 2011 മുതൽ 2015 വരെ ഓരോവർഷവും എത്ര പേർക്ക് എത്ര തുക വീതം നല്കി എന്നും ഇതിനായി ലഭിച്ച ധനസഹായം എത്രയെന്നും വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത ക്ഷേമനിധിയിൽ അംഗങ്ങളാകാത്ത, വൃദ്ധരും സ്ഥിരരോഗികളായവരും നിരാലംബരുമായ കലാകാരന്മാരെ കണ്ടെത്തി അവർക്ക് ആവശ്യമുള്ള ചികിത്സ, താമസം , ജീവിതസൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്താൻ എന്തു നടപടി സ്വീകരിക്കും എന്നും വ്യക്തമാക്കുമോ ?

<u>കലാകാര പെൻഷൻ അനുവദിക്കാൻ നടപടി</u>

4111. **ശ്രീ.മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കലാകാര പെൻഷൻ ലഭിക്കുന്നതിന് ശ്രീ. ഇ. കെ. കുഞ്ഞുകുഞ്ഞ്, ഇടപറമ്പിൽ വീട്, പൂഴിക്കൽ പി.ഒ., കടുത്തുരുത്തി, കോട്ടയം, എന്ന വ്യക്തിയുടെ അപേക്ഷയിന്മേൽ 15/5/2013ലും 15/4/2015 ലും സാംസ്കാരിക വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(ബി) ഈ കലാകാരന് പെൻഷൻ അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതു സംബന്ധിച്ചുള്ള പ്രധാന തടസ്സം വ്യക്തമാക്കാമോ; ഈ അവശകലാകാരന് പെൻഷൻ നൽകുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

<u>മഹാകവി കുമാരനാശാൻ സ്മാരക ദേശീയ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുനരുദ്ധാരണ പ്രവർത്തനം</u>

4112. **ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ :** താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ പൈതൃക സ്മാരകങ്ങളുടെ പട്ടികയിലുൾപ്പെടുത്തി മഹാകവി കുമാരനാശാൻ സ്മാരക ദേശീയ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി 2012ഏപ്രിൽ 1 മുതൽ 2015 മാർച്ച് 31വരെ ബഡ്ജറ്റിൽ നീക്കിവച്ച തുകയെത്ര ; ചെലവഴിച്ചതിന്റെ വർഷാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ ?

<u>രാഘവൻ മാസ്റ്റർ സ്മാരകം</u>

4113. **ശ്രീ.ഇ.കെ.വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംഗീത സംവിധായകൻ രാഘവൻ മാസ്റ്റർക്ക് സ്മാരകം പണിയുന്നതിന് കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ?

ലളിതകലാ അക്കാഡമിയുടെ ആർട്ട് ഗ്യാലറികൾ

4114. ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി

,, ഐ.സി.ബാലകൃഷ്ണൻ

,, വർക്കല കഹാർ

,, പി.എ.മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലളിതകലാ അക്കാഡമിയുടെ ആർട്ട് ഗ്യാലറികൾ ആരംഭിക്കാനുള്ള പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പദ്ധതിയുമായി ആരെല്ലാമാണ് സഹകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ?

നന്ദികേശ ശില്പപൈതൃക ഗ്രാമം പദ്ധതി

4115. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂറനാട്, നന്ദികേശ ശില്പപൈതൃക ഗ്രാമം പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കേരള ലളിതകലാ അക്കാദമി തയ്യാറാക്കിയ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഔദ്യോഗിക പ്രസിദ്ധീകരണങ്ങൾ

4116. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാരിന്റെ ഔദ്യോഗികം ഉൾപ്പെടെ പ്രസിദ്ധീകരണങ്ങൾ ഏതെല്ലാം എന്നും ഓരോന്നിനും 2011 മുതൽ 2015 വരെ ഓരോ വർഷവും ചെലവായ തുക എത്ര; അച്ചടിച്ച പ്രതികൾ എത്ര എന്നും ഇതിനായി നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ ആരെല്ലാം എന്നും വ്യക്തമാക്കാമോ;

(ബി) ഔദ്യോഗിക പ്രസിദ്ധീകരണമായ ജനപഥത്തിന്റെ (1969 ൽ ആരംഭിച്ചത്) രജിസ്ട്രേഷനുമായി ബന്ധപ്പെട്ട രേഖകളും പകർപ്പും ലഭ്യമാക്കുമോ ; ഇല്ലെങ്കിൽ കാരണവും ഇതുമായി കുറ്റകൃത്യം വഹിച്ച ഉദ്യോഗസ്ഥരുടെയും സർക്കാർ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പും ഉൾപ്പെടെ വിശദാംശം ലഭ്യമാക്കുമോ ;

(സി) സർക്കാർ പ്രസിദ്ധീകരണങ്ങൾക്ക് 2011 മുതൽ 2015 വരെ നിയോഗിക്കപ്പെട്ട

ഉദ്യോഗസ്ഥർ ആരെല്ലാം ; ഇവരിൽ കുറ്റാരോപണവിധേയർ ആരെല്ലാം എന്നും ഇവരുടെ പേരിൽ സർക്കാർ എന്തു നടപടി നാളിതുവരെ സ്വീകരിച്ചു എന്നും ഇവരിൽ ആർക്കെങ്കിലും പുനർനിയമനം മുൻ തസ്തികകളിലേക്ക് നൽകി എന്നും അവർ ആരെല്ലാം എന്നും വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പ്രസിദ്ധീകരണങ്ങൾക്കായി (അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നതിന്) സർക്കാർ 2011 മുതൽ 2015 വരെ ഓരോ വർഷവും നീക്കിവച്ച തുക എത്ര; എത്ര തുക ചെലവായി; വിശദമായ സ്റ്റേറ്റ്മെന്റ് (ഓരോ പ്രസിദ്ധീകരണവും അവയ്ക്കുണ്ടായ ചെലവും ഉൾപ്പെടെ) ലഭ്യമാക്കുമോ?

## കാസർഗോഡ് മുളിയാർ പഞ്ചായത്തിലെ പൊവ്വൽ കോട്ട സംരക്ഷണം

4117. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ മുളിയാർ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന പൊവ്വൽ കോട്ടയ്ക്ക് എത്ര ഏക്കർ സ്ഥലമുണ്ട്; ആയത് അളന്ന് തിട്ടപ്പെടുത്തി സംരക്ഷിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പൊവ്വൽ കോട്ട സംരക്ഷിക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ടോ ; തുക എന്തിനു വേണ്ടിയാണ് അനുവദിച്ചതെന്നും പ്രസ്തുത തുക എന്തിനുവേണ്ടി ചെലവഴിച്ചു എന്നും വിശദമാക്കാമോ ?

## സാംസ്കാരിക കേന്ദ്രങ്ങളും ചരിത്ര സ്മാരകങ്ങളും

4118. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ച സാംസ്കാരിക കേന്ദ്രങ്ങൾ ഏതെല്ലാമാണ് ; അവ എവിടെയെല്ലാമാണ് ; വ്യക്തമാക്കുമോ?

(ബി) നിരവധി ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളും സ്മരിക്കപ്പെടേണ്ട വ്യക്തികളുമുള്ള കേരളത്തിൽ ഈ സർക്കാർ കാലയളവിൽ ഈ സ്ഥലങ്ങളെയും വ്യക്തികളെയും സംബന്ധിക്കുന്ന എത്ര സ്മാരകങ്ങൾ സ്ഥാപിക്കുകയോ നിർമ്മിക്കുകയോ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇവയ്ക്കായി ചെലവഴിച്ച തുക എത്രയാണെന്ന് അറിയിക്കുമോ?

(ഡി) സ്മാരകങ്ങൾ നിർമ്മിക്കുമ്പോൾ എന്തെല്ലാം മാനദണ്ഡങ്ങളാണ് പാലിക്കുന്നത് എന്ന് വ്യക്തമാക്കാമോ ; സ്മാരകങ്ങളായി കേവലം കെട്ടിടങ്ങൾ പണിയുന്നതിന് പകരം സ്മരിക്കപ്പെടേണ്ട വ്യക്തികളുടെ പ്രവർത്തനമേഖലയ്ക്ക് സജീവത നൽകുംവിധം സ്മാരകങ്ങൾ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ?

## കാഞ്ഞങ്ങാടിലെ മടിയൻ കൂലോം ക്ഷേത്രത്തിലെ ശില്പങ്ങൾ

4119. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ മടിയൻ കൂലോം ക്ഷേത്രത്തിൽ നൂറ്റാണ്ടുകൾ പഴക്കമുളള ദാരുശില്പങ്ങൾ സംരക്ഷണമില്ലാതെ നശിക്കുന്നു എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ശില്പങ്ങൾക്ക് എത്ര വർഷം പഴക്കമുണ്ടെന്നും അതിന്റെ ചരിത്ര പ്രാധാന്യം എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ദാരുശില്പങ്ങൾ സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

<u>സാഹിത്യകാരൻമാർക്കും കലാകാരന്മാർക്കും പെൻഷൻ</u>

4120. ശ്രീ.സണ്ണി ജോസഫ്

,, എം.എ. വാഹീദ്

,, എം.പി.വിൻസെൻറ്

,, തേറമ്പിൽ രാമകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാഹിത്യകാരൻമാർക്കും കലാകാരന്മാർക്കും പെൻഷൻ നല്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത്;

(ഡി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

<u>പത്രജീവനക്കാർക്കുള്ള പെൻഷൻ</u>

4121. ശ്രീ.കെ.മുരളീധരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്രജീവനക്കാർക്കുള്ള പ്രതിമാസ പെൻഷനിൽ ആയിരം രൂപയുടെ വർദ്ധനവ് വരുത്തുമെന്നുള്ള ബഡ്ജറ്റ് പ്രഖ്യാപനം നടപ്പിലാക്കാത്തതിനുള്ള കാരണം വ്യക്തമാക്കാമോ ;

(ബി) കുടിശ്ശിക ഉൾപ്പെടെയുള്ള പ്രതിമാസ പെൻഷൻ യഥാസമയം വിതരണം ചെയ്യുന്നതിനുള്ള ഫണ്ട് ലഭ്യമാക്കുന്നതിനും പെൻഷൻ വർദ്ധനവ് നടപ്പിൽ വരുത്തുന്നതിനും തയ്യാറാകുമോ?

(സി) നോൺ ജേണലിസ്റ്റ് പെൻഷൻ പദ്ധതിപ്രകാരമുള്ള പെൻഷൻ വിതരണത്തിൽ എത്ര മാസത്തെ കുടിശ്ശികയുണ്ട്; ഇതിന് കാരണം എന്താണ്;

<u>പത്ര മാധ്യമങ്ങൾക്ക് പരസ്യ ഇനത്തിൽ നൽകാനുള്ള തുക</u>

4122. ശ്രീ.സി.കൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.ആർ.ഡി കഴിഞ്ഞ നാല് വർഷങ്ങളിലായി പത്ര മാധ്യമങ്ങൾക്ക് പരസ്യ ഇനത്തിൽ നൽകാനുള്ള തുകയിൽ എത്ര തുക

വിതരണം ചെയ്തിട്ടുണ്ടെന്ന് പത്രമാധ്യമം അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) പരസ്യ ഇനത്തിൽ കുടിശ്ശികയായി 2015 മാർച്ച് 31 വരെ എത്ര തുക വിതരണം ചെയ്യാൻ ബാക്കിയുണ്ടെന്ന് പത്രമാധ്യമ അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(സി) പത്രമാധ്യമങ്ങൾക്ക് പരസ്യ തുക കുടിശ്ശിക അനുവദിച്ചുനൽകുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(ഡി) പ്രഭാത, സായാഹ്ന പത്രങ്ങൾക്ക് കുടിശ്ശിക തുക വിതരണം ചെയ്യുന്നതിന് ഒരേ മാനദണ്ഡം തന്നെയാണോ സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

<u>പരസ്യങ്ങൾ നൽകിയ ഇനത്തിൽ പത്ര-ദൃശ്യ മാധ്യമങ്ങൾക്ക് ചെലവായ തുക</u>

4123. ശ്രീ.എസ്.രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഓരോ വർഷവും പത്രം, ദൃശ്യം തുടങ്ങിയ മാധ്യമത്തിലൂടെ പരസ്യം നൽകിയ ഇനത്തിലും പ്രസിദ്ധീകരണങ്ങൾക്കുമായി ചെലവായ തുകയുടെ കണക്കുകൾ ലഭ്യമാക്കാമോ ;

(ബി) പരസ്യങ്ങൾ നൽകിയ ഇനത്തിൽ പത്ര-ദൃശ്യ മാധ്യമങ്ങൾക്ക് 2015 ജൂൺ 30 ന് കൊടുത്ത് തീർക്കാൻ ബാക്കിയുള്ള തുക എത്ര ;ഇതിനായി തന്നാണ്ടിലെ ബഡ്ജറ്റിൽ അവശേഷിക്കുന്ന തുക എത്ര ;

(സി) പരസ്യങ്ങളിലൂടെ സർക്കാർ നൽകുന്ന വാഗ്ദാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ എന്ന് പി. ആർ. ഡി പരിശോധിക്കാറുണ്ടോ ; എങ്കിൽ പ്രസ്തുത വാഗ്ദാനങ്ങളിൽ നാളിതുവരെ നടപ്പിലാക്കിയിട്ടില്ലാത്തവ വിശദമാക്കാമോ ?

<u>സൗദി അറേബ്യയിൽ നിന്ന് തിരികെയെത്തുന്ന മലയാളികളുടെ പുനരധിവാസം</u>

4124. ശ്രീ.വി.ഡി.സതീശൻ
,, എ.പി.അബ്ദുള്ളക്കുട്ടി
,, ഡൊമിനിക് പ്രസന്റേഷൻ
,, ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗദി അറേബ്യയിൽ നിന്ന് തിരികെയെത്തുന്ന മലയാളികളുടെ പുനരധിവാസ നടപടികൾക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

<u>തൊഴിൽ രഹിതരാകുന്ന വിദേശ മലയാളികളുടെ പ്രശ്നങ്ങൾ</u>

4125. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വദേശിവൽക്കരണം മൂലം തൊഴിൽ രഹിതരാകുന്ന വിദേശ മലയാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ തൊഴിൽ രഹിതരായി നാട്ടിലെത്തുന്ന പ്രവാസികൾക്ക് സ്വദേശത്ത് തൊഴിൽ കണ്ടെത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

തൊഴിൽ നഷ്ടപ്പെട്ട പ്രവാസിമലയാളികളുടെ ക്ഷേമം

4126. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ രാജ്യങ്ങളിൽ നിന്ന് തൊഴിൽ നഷ്ടപ്പെട്ട് തിരികെ എത്തിയ മലയാളികളുടെ എണ്ണം ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) തൊഴിൽ നഷ്ടപ്പെട്ട് നാട്ടിൽ തിരിച്ചെത്തിയ പ്രവാസികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(സി) ഇവർക്ക് സ്ഥിര വരുമാനം ലഭ്യമാക്കുന്നതിനും,തൊഴിൽ നൽകുന്നതിനുമായി ഏതെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

പ്രവാസി മലയാളികൾക്കായുള്ള പദ്ധതികൾ

4127. ശ്രീ.സി.എഫ്.തോമസ്
,, മോൻസ് ജോസഫ്
,, റ്റി.യു. കുരുവിള
,, തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി മലയാളികൾക്കായി ഈ സർക്കാർ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രവാസി മലയാളികളുടെ കൂട്ടായ്മയിൽ സംസ്ഥാന വികസനത്തിന് പ്രത്യേക പദ്ധതികൾ നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

യെമനിൽ നിന്നും മടങ്ങിയെത്തിയ നഴ്സുമാർക്കുള്ള സഹായം

T 4128. ശ്രീ.കെ.കെ.ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുദ്ധഭീതിയിൽ യെമനിൽ നിന്നും ജോലി ഉപേക്ഷിച്ച് മടങ്ങി എത്തിയിട്ടുള്ളത് എത്ര നഴ്സുമാരാണ് ; ജില്ല തിരിച്ച് വിശദാംശം നൽകാമോ ;

(ബി) ടി നഴ്സുമാർക്ക് എന്തൊക്കെ സഹായങ്ങളാണ് വാഗ്ദാനം ചെയ്തിരുന്നത് ; വിശദാംശം

നൽകാമോ ;

(സി) ഇവർക്ക് വാഗ്ദാനം ചെയ്യപ്പെട്ട സഹായങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ ; എങ്കിൽ എത്ര പേർക്ക് എന്തൊക്കെ സഹായങ്ങൾ നൽകിയെന്ന് ജില്ല തിരിച്ച് വിശദാംശം നൽകാമോ ;

(ഡി) ഇവർക്ക് കേരളത്തിൽ ജോലി ലഭിക്കുന്നതിനുവേണ്ട സഹായം വാഗ്ദാനം ചെയ്തിരുന്നുവോ ; എങ്കിൽ എത്ര പേർക്ക് സർക്കാർ സഹായത്താൽ ജോലി ലഭിച്ചിട്ടുണ്ട് ; ജില്ല തിരിച്ച് വിശദാംശം നൽകാമോ ;

(ഇ) ഇല്ലെങ്കിൽ വാഗ്ദാനം ചെയ്ത സഹായങ്ങൾ ലഭ്യമാക്കാതിരിക്കാനിടയായ സാഹചര്യം വിശദീകരിക്കാമോ ;

(എഫ്) വിദ്യാഭ്യാസ വായ്പയും മറ്റും എടുത്ത് കടക്കെണിയിലായ ഇവർക്ക് എന്തൊക്കെ സഹായങ്ങളാണ് നൽകുന്നത്?

## നോർക്ക റൂട്ട്സിലെ നിയമനം

4129. ശ്രീമതി.കെ.കെ.ലതിക **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർക്ക റൂട്ട്സിലെ ജീവനക്കാരുടെ നിയമനം സംബന്ധിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ബി) നോർക്ക റൂട്ട്സിൽ നിലവിൽ എത്ര ജീവനക്കാരുണ്ടെന്നും ഇതിൽ സ്ഥിര ജീവനക്കാർ എത്രയെന്നും താൽക്കാലിക ജീവനക്കാർ എത്രയെന്നും വെളിപ്പെടുത്തുമോ ;

(സി) ജീവനക്കാരെ സ്ഥിരപ്പെടുത്തിയത് കാബിനറ്റ് തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണോ എന്നും എങ്കിൽ ഏത് തീയതികളിലെ കാബിനറ്റ് തീരുമാന പ്രകാരമെന്നും വ്യക്തമാക്കുമോ ;

(ഡി) ജീവനക്കാരെ സ്ഥിരപ്പെടുത്താനുള്ള ഏതെങ്കിലും കാബിനറ്റ് തീരുമാനം റദ്ദ് ചെയ്തിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ ?

## നോർക്ക- റൂട്ട്സിലെ ഓഹരി പങ്കാളിത്തം

4130. ശ്രീമതി.കെ.കെ.ലതിക **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർക്ക-റൂട്ട്സ് രൂപീകരിച്ചത് എന്നാണെന്നും രൂപീകരണ സമയത്ത് സർക്കാർ വിഹിതമായി എത്ര രൂപയാണ് നൽകിയതെന്നും സ്വകാര്യ വിഹിതമായി എത്ര രൂപയാണ് കളക്ട് ചെയ്തത് എന്നും ഇത് മൊത്തം ഓഹരിയുടെ എത്ര ശതമാനം പങ്കാളിത്തം വരും എന്നും വ്യക്തമാക്കുമോ ;

(ബി) നിലവിൽ നോർക്കാ റൂട്ട്സിൽ എത്ര ശതമാനം സർക്കാർ ഓഹരിയുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) നോർക്ക റൂട്ട്സിന്റെ രൂപീകരണ സമയത്തും പിന്നീടും ഓഹരി പങ്കാളിത്തം സംബന്ധിച്ച് ഇറക്കിയ സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ ?

## ഗൾഫിൽ നിന്ന് മൃതശരീരം കൊണ്ടുവരുന്നതിനുള്ള ചെലവ്

4131. **ശ്രീ.പി.ടി.എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൾഫിൽ നിന്ന് മൃതശരീരം കൊണ്ടുവരുന്നതിന് യാത്രാചെലവിന്റെ മൂന്നിരട്ടി ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രവാസികൾക്ക് ഇക്കാര്യത്തിലുള്ള ബുദ്ധിമുട്ട് പരിഹരിക്കാൻ എന്തു നടപടിയാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

<u>നേഴ്സിംഗ് റിക്രൂട്ട്മെന്റുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ നടത്തിയ പ്രവർത്തനങ്ങൾ</u>

4132. **ശ്രീ.കെ.അജിത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേഴ്സിംഗ് റിക്രൂട്ട്മെന്റുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ തലത്തിൽ വിദേശരാജ്യങ്ങളിലെ മന്ത്രാലയങ്ങളുമായി ബന്ധപ്പെട്ട് എന്തു പ്രവർത്തനങ്ങളാണ് കഴിഞ്ഞ മൂന്ന മാസത്തിലധികമായി നോർക്ക വഴി നടത്തിയിട്ടുള്ളതെന്ന് വിശദാംശങ്ങൾ സഹിതം വ്യക്തമാക്കുമോ;

(ബി) ഇതുവഴി എത്ര പേർക്ക് നേഴ്സിംഗ് ജോലികൾ വിദേശത്ത് ലഭിക്കുവാൻ സഹായകരമായ നടപടികൾ വകുപ്പുവഴി ഉറപ്പുവരുത്തിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(സി) നേഴ്സിംഗ് റിക്രൂട്ട്മെന്റുമായി ബന്ധപ്പെട്ട് വിദേശ രാജ്യങ്ങളിലെ മന്ത്രാലയങ്ങളുമായി ആശയ വിനിമയം നടത്തുന്നതിൽ എന്തെങ്കിലും വീഴ്ചകൾ സർക്കാർ തലത്തിൽ സംഭവിച്ചതായി കണ്ടെത്തിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ ?

<u>പ്രവാസികളുടെ പുനരധിവാസ പദ്ധതി</u>

4133. **ശ്രീ.റ്റി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ രാജ്യങ്ങളിൽ നിന്നും തിരിച്ചെത്തുന്ന പ്രവാസികളുടെ പുനരധിവാസത്തിന് നോർക്ക വകുപ്പ് വഴി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദാംശം നൽകുമോ?

<u>പ്രവാസികൾക്കുള്ള വായ്പ</u>

4134. **ശ്രീ.സി.ദിവാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികളുടെ പുനരധിവാസ പാക്കേജിൽ ഉൾപ്പെടുത്തി വായ്പയ്ക്കായി 2014-15 വർഷം എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്; എത്ര പേർക്കാണ് വായ്പ ലഭ്യമാക്കിയത്;

(ബി) പ്രവാസികളുടെ കോടിക്കണക്കിനു രൂപ നിക്ഷേപമുള്ള ബാങ്കുകളാണ് വായ്പ നൽകാൻ മടി കാട്ടുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടി എന്താണെന്നറിയിക്കുമോ?

നോർക്കമുഖേനയുള്ള മരണാനന്തര ധനസഹായം

4135. ശ്രീ.എ.എ.അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്ത് വച്ച് മരണമടയുന്നവർക്ക് നോർക്കമുഖേന നൽകുന്ന സാമ്പത്തിക സഹായം എത്രയാണ് ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര പേർക്ക് മരണാനന്തര സഹായം നൽകി എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ?

വിദേശരാജ്യങ്ങളിൽ നിന്നും തിരിച്ചെത്തിയ നഴ്സുമാർ

T 4136. ശ്രീ.കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തര സംഘർഷങ്ങൾ മൂലം വിദേശരാജ്യങ്ങളിൽ നിന്ന് മലയാളികളായ എത്ര നഴ്സുമാരും, പാരാമെഡിക്കൽ ജോലിചെയ്യുന്നവരും സംസ്ഥാനത്ത് തിരിച്ചെത്തിയെന്ന് വെളിപ്പെടുത്താമോ;

(ബി) തിരിച്ചെത്തിയ എത്ര പേർക്ക് എത്ര രൂപാവീതം ധനസഹായം നൽകിയെന്ന് വിശദമാക്കാമോ ;

(സി) തിരിച്ചെത്തിയ എത്ര പേർക്ക് തൊഴിൽ നൽകിയെന്ന് വിശദമാക്കാമോ ?

റിക്രൂട്ടുമെന്റുകൾ സുതാര്യമാക്കുന്നതിന് നടപടി

4137. ശ്രീ.എം.വി.ശ്രേയാംസ് കുമാർ

,, റോഷി അഗസ്റ്റിൻ

ഡോ.എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിന്ന് വിദേശരാജ്യങ്ങളിലേക്കുള്ള റിക്രൂട്ടുമെന്റുകൾ കുറഞ്ഞുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയെ എപ്രകാരം ബാധിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) വിദേശരാജ്യങ്ങളിലേക്കുള്ള റിക്രൂട്ടുമെന്റ് വ്യവസ്ഥകൾ സുതാര്യമാക്കുന്നതിനും ലഘൂകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

വിദേശരാജ്യങ്ങളിലേയ്ക്ക് പോകുന്ന ഉദ്യോഗാർത്ഥികളെ പീഡിപ്പിക്കുന്ന ഏജൻസികൾ

4138. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എമിഗ്രേഷൻ ക്ലിയറൻസിനുൾപ്പെടെ വിദേശരാജ്യങ്ങളിലേയ്ക്ക് ജോലിക്ക് പോകേണ്ട ഉദ്യോഗാർത്ഥികളെ ഏജൻസികൾ സാമ്പത്തികമായും മാനസികമായും പീഡിപ്പിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഇ-മാലിന്യങ്ങളുടെ നിർമ്മാർജ്ജനം</u>

T 4139. ശ്രീ.എ. കെ. ശശീന്ദ്രൻ

,, തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീടുകളിൽ ബ്രാൻഡഡ് അല്ലാത്ത ഉത്പന്നങ്ങളിൽ നിന്നുണ്ടാകുന്ന ഇ-മാലിന്യം ശേഖരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്തെങ്കിലും സംവിധാനം ഒരുക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

(ബി)

<u>നഗര ശുചീകരണത്തിനായുള്ള പുതിയ പദ്ധതികൾ</u>

4140. ശ്രീ.പി.തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരശുചീകരണം സംബന്ധിച്ച പുതിയ പദ്ധതികൾ എന്തെല്ലാമാണെന്ന് പറയാമോ, ഇവയിലേതെല്ലാം നടപ്പിലാക്കിയെന്നും ഏതെല്ലാം നഗരസഭകളെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും പറയാമോ?

(ബി) നഗര പരിസരങ്ങളും വ്യാപാര സമുച്ചയങ്ങളുടെ പരിസരങ്ങളും മാർക്കറ്റ്പരിസരങ്ങളും മാരകമായ പകർച്ച വ്യാധികൾക്ക് കാരണമാകാവുന്നവിധം മാലിന്യങ്ങൾ നിറഞ്ഞ് ജനജീവിതം ദുസ്സഹമായ അവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ, പ്രസ്തുത അവസ്ഥ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് പറയാമോ, ഇതിനുവേണ്ടി ഓരോ നഗരസഭയ്ക്കും അനുവദിച്ചിട്ടുള്ള തുക എത്രയാണെന്ന് പറയാമോ?

(സി) നഗര പരിസരങ്ങളും വ്യാപാര സമുച്ചയങ്ങളുടെ പരിസരങ്ങളും മാർക്കറ്റ്പരിസരങ്ങളും ശുചീകരിക്കുന്നതിന് സർക്കാർ നിർദ്ദേശിച്ചിട്ടുള്ള പദ്ധതികൾ നടപ്പിലാക്കാത്ത നഗരസഭകൾക്കെതിരെ എന്ത് നടപടികളാണ് കൈക്കൊള്ളുന്നതെന്ന് പറയാമോ?

<u>എസ്.സി.പി, റ്റി.എസ്.പി ഫണ്ടുകൾ</u>

4141. ശ്രീ.എ.കെ.ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരസഭകൾക്ക് കഴിഞ്ഞ നാല്ല വർഷത്തിനുള്ളിൽ പദ്ധതി വിഹിതമായി അനുവദിച്ച എസ്.സി.പി, റ്റി.എസ്.പി ഫണ്ടുകളുടെ തുക എത്ര വീതമായിരുന്നു ; ഇതിൽ ഓരോ സാമ്പത്തിക വർഷവും എത്ര തുക ചെലവഴിച്ചു ; ചെലവഴിച്ച ശതമാനം എത്രയായിരുന്നു ;

(ബി) മുനിസിപ്പാലിറ്റികൾക്ക് കഴിഞ്ഞ നാല് വർഷങ്ങളിൽ പദ്ധതി വിഹിതമായി അനുവദിച്ച എസ്.സി.പി, റ്റി.എസ്.പി ഫണ്ടുകളുടെ തുക എത്ര വീതമായിരുന്നു ; ഇതിൽ ഓരോ സാമ്പത്തിക വർഷവും എത്ര തുക ചെലവഴിച്ചു ; ചെലവഴിച്ച ശതമാനം എത്രയായിരുന്നു ?

## ദേശീയ നഗര ഉപജീവന പദ്ധതി

4142. ശ്രീ.ടി.എൻ. പ്രതാപൻ

,, കെ.എസ്.ശബരീനാഥൻ

,, വി.റ്റി.ബൽറാം

,, ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ നഗര ഉപജീവന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

## നഗരസഭാ ജീവനക്കാർക്ക് പി.എഫ് ക്രഡിറ്റ് കാർഡ്

4143. ശ്രീ.മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭാ ജീവനക്കാർക്ക് പി.എഫ് ക്രഡിറ്റ് കാർഡ് (Municipal Common Service) നൽകിയതിന്റെ വിശദാംശങ്ങൾ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി തിരിച്ച് നൽകുമോ;

(ബി) പി.എഫ്. ക്രെഡിറ്റ് കാർഡ് നല്കുന്നതിനും പി.എഫ്. തുക എൻടി വരുത്തുന്നതിനും IKM ( Information Kerala Mission)പുതിയ സോഫ്റ്റ് വെയർ ഡെവലപ് ചെയ്തിട്ടുണ്ടോ; ഇതിനു വരുന്ന കാലതാമസം വ്യക്തമാക്കാമോ; ഇതിന്റെ പൂർത്തീകരണം എന്ന് നടക്കുമെന്ന് അറിയിക്കാമോ?

## നഗരങ്ങളെ മാലിന്യവിമുക്തമാക്കുന്നതിനുള്ള കർമ്മപദ്ധതികൾ

4144. ശ്രീ.കെ.മുരളീധരൻ

,, തേറമ്പിൽ രാമകൃഷ്ണൻ

,, ആർ . സെൽവരാജ്

,, എം.എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളെ മാലിന്യവിമുക്തമാക്കുന്നതിന് ആസൂത്രണം ചെയ്തിരിക്കുന്ന കർമ്മപദ്ധതികൾ വിശദമാക്കാമോ ;

(ബി) നഗരങ്ങളെ മാലിന്യവിമുക്തമാക്കുന്നതിനായി രൂപീകരിച്ച കമ്പനി തയ്യാറാക്കിയിട്ടുള്ള പദ്ധതികൾ വിശദമാക്കാമോ ;

(സി) പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിന് ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ?

## നഗരങ്ങൾ സ്മാർട്ടാക്കുന്ന കേന്ദ്ര പദ്ധതി

4145. ശ്രീ.എം.വി.ശ്രേയാംസ് കുമാർ

,, റോഷി അഗസ്റ്റിൻ

ഡോ.എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ ആവിഷ്കരിക്കുന്ന നഗരങ്ങൾ സ്മാർട്ടാക്കുന്ന പദ്ധതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട നഗരങ്ങളെ സംബന്ധിച്ച് സാധ്യതാപഠനം നടത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) പദ്ധതിയിൽ സംസ്ഥാനത്തെ ഉൾപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

## അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

4146. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിപ്രകാരം മാവേലിക്കര നഗരസഭയിൽ എത്ര കുടുംബങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഇതിൽ എത്ര കുടുംബങ്ങൾക്ക് കഴിഞ്ഞ സാമ്പത്തിക വർഷം തൊഴിൽ നൽകിയെന്ന് വ്യക്തമാക്കുമോ;

(ഡി) അയ്യങ്കാളി തൊഴിലുറപ്പപദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) 20112-13, 2013-14, 2014-15 വർഷങ്ങളിൽ പ്രസ്തുത പദ്ധതിമുഖേന നൽകിയ തൊഴിലിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## മുനിസിപ്പൽ കോർപ്പറേഷനുകളുടെ പ്രവർത്തനം .

4147. ശ്രീ.സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പൽ കോർപ്പറേഷനുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഓരോ കോർപ്പറേഷനിലും എത്ര സ്ഥിരം-താൽക്കാലിക ജീവനക്കാർ ഉണ്ടെന്ന് അറിയിക്കുമോ;

(സി) കോർപ്പറേഷൻ ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) എത്ര കോർപ്പറേഷനുകളിൽ ഐ.എ.എസ്. ഉദ്യോഗസ്ഥർ സെക്രട്ടറിമാരായി ജോലി ചെയ്യുന്നുണ്ടെന്ന് അറിയിക്കുമോ;

(ഇ) എല്ലാ കോർപ്പറേഷനുകളിലും ഐ.എ.എസ്.ഉദ്യോഗസ്ഥരെ സെക്രട്ടറിമാരായി നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

## നഗരസഭകൾക്ക് വൈ-ഫൈ സംവിധാനം

4148. ശ്രീ.എം.വി.ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തെരഞ്ഞെടുത്ത നഗരസഭകൾക്ക് വൈ-ഫൈ സംവിധാനം ഏർപ്പെടുത്തുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിലേക്ക് നഗരസഭകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) വിനോദസഞ്ചാര കേന്ദ്രമായ കൽപ്പറ്റ മുനിസിപ്പാലിറ്റിയെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

## തിരുവനന്തപുരം നഗരസഭ ചേരി നിർമ്മാർജ്ജന പദ്ധതി

4149. ശ്രീ.പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭ ചേരി നിർമ്മാർജ്ജന പദ്ധതി നടപ്പാക്കിയതിൽ വ്യാപക ക്രമക്കേട് നടന്നിട്ടുള്ളതായ സി ആന്റ് എ.ജി.യുടെ റിപ്പോർട്ടിലെ വെളിപ്പെടുത്തൽ സംബന്ധിച്ച വിശദവിവരം ശേഖരിച്ചിട്ടുണ്ടോ ; എങ്കിൽ വെളിപ്പെടുത്തുമോ ;

(ബി) ഡി.പി.ആറിൽ ഉൾപ്പെടുത്തിയ പ്രോജക്ടുകൾ എല്ലാം നടപ്പാക്കാതിരുന്നതുമൂലം പ്രയോജനം ലഭിക്കാതായ തിരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ കാര്യത്തിൽ എന്തെങ്കിലും സഹായപദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) ക്രമക്കേടുകൾക്ക് ഉത്തരവാദികൾ ആരൊക്കെയാണെന്ന് കണ്ടെത്തി കർശന നടപടി സ്വീകരിക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകുമോ?

## തിരുവനന്തപുരം നഗരസഭാപരിധിയിലെ അനധികൃത കെട്ടിടങ്ങൾ

4150. ശ്രീ.പി.സി. ജോർജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം നഗരസഭാപരിധിയിൽ വീട്, ഫ്ലാറ്റ്, കോമേഴ്സ്യൽ കെട്ടിടങ്ങൾ മുതലായ എത്ര അനധികൃത കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്; ഓരോന്നും ഏതൊക്കെയെന്ന് പേരുസഹിതം വിവരിക്കുമോ;

(ബി) ഈ അനധികൃത കെട്ടിട നിർമ്മാണ പ്രവർത്തനത്തിന് എതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) തിരുവനന്തപുരം കോർപ്പറേഷൻ ആറ്റിപ്ര സോണൽ ഓഫീസിന്റെ കീഴിൽ മാത്രം വീട്, ഫ്ലാറ്റ്, കോമേഴ്സ്യൽ മുതലായ എത്ര അനധികൃത കെട്ടിട നിർമ്മാണം കണ്ടെത്തിയിട്ടുണ്ട്; ഇവ ഏതൊക്കെ; ആരുടെയൊക്കെ പേരിൽ ; പൂർണ്ണ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

## കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയിലെ പുതിയ പദ്ധതികൾ

4151. ശ്രീ.സി.ദിവാകരൻ **:** താഴെ കാണുന്ന ചോദ്യത്തിന് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയിൽ നടപ്പിലാക്കിയ പുതിയ പദ്ധതികൾ എന്തെല്ലാമാണ്; ഇതിൽ കേന്ദ്രസർക്കാരിന്റെ ഏതെല്ലാം പദ്ധതികളാണ് ഉൾപ്പെടുന്നത് ; പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്ന നോഡൽ ഏജൻസികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

## പരസ്യബോർഡുകൾ

4152. ശ്രീ.ജെയിംസ് മാത്യു **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയോരങ്ങളിലും പൊതുഇടങ്ങളിലും വൈദ്യുതിക്കാലുകളിലും സ്ഥാപിച്ചിട്ടുള്ള പരസ്യബോർഡുകൾ മുഖേന 2011-12 ഏപ്രിൽ മുതൽ 2015 മാർച്ച് വരെ ലഭിച്ചിട്ടുള്ള വരുമാനത്തിൻെറ കണക്ക് ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) പരസ്യബോർഡുകളുടെയും ബാനറുകളുടെയും അമിതമായ വർദ്ധനവ് പരിസ്ഥിതി മലിനീകരണം രൂക്ഷമാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയവ നീക്കം ചെയ്യാൻ സത്വര നടപടികൾ സ്വീകരിക്കുമോ;

(സി) കാലാവധി കഴിഞ്ഞ പരസ്യബോർഡുകളും മറ്റും നീക്കം ചെയ്യാത്തവർക്കെതിരെ സ്വീകരിച്ചിട്ടുള്ള ശിക്ഷാ നടപടികൾ അറിയിക്കാമോ?

## നഗരമാർക്കറ്റുകളിലെ ആധുനിക അറവുശാലകൾ

4153. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരപ്രദേശങ്ങളിലെ മാർക്കറ്റുകളിൽ ആധുനിക അറവുശാലകൾ നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത മാർക്കറ്റുകളിലെ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നഗരസഭകൾ ഏർപ്പെടുത്തിയിരിക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ ;

(സി) ആധുനിക അറവുശാലകൾ നിർമ്മിക്കുന്നതിനും മാലിന്യ സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും നഗരസഭകൾക്ക് സർക്കാർ എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) സംസ്ഥാനത്ത് ഇത്തരത്തിലുള്ള സംവിധാനങ്ങളില്ലാത്ത എത്ര നഗരസഭകളുണ്ടെന്നും അവ ഏതെല്ലാമാണെന്നും വിശദമാക്കാമോ?

<u>മുനിസിപ്പാലിറ്റികളിലെയും കോർപ്പറേഷനുകളിലെയും മാലിന്യസംസ്കരണം</u>

4154. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും മാലിന്യസംസ്കരണത്തിനും നിർമ്മാർജ്ജനത്തിനും നടപടികൾ ആവിഷ്കരിക്കുമോയെന്ന് വിശദമാക്കുമോ;

(ബി) സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി തിരിച്ച് ലഭ്യമാക്കുമോ?

<u>അർബൻ **2020** പദ്ധതി</u>

4155. ശ്രീ.ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അർബൻ 2020 പദ്ധതി നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ;

(ബി) അങ്കമാലി നഗരസഭയിൽ നിന്നും ഏതെല്ലാം പ്രൊജക്റ്റുകളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപെടുത്തുന്നതിനായി സമർപ്പിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പ്രൊജക്റ്റുകൾ നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ?

<u>ഹൈമാസ്റ്റ് ലാംബ്</u>

4156. ശ്രീ.എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ യൂണിവേഴ്സിറ്റിയ്ക്ക് മുമ്പിലുള്ള ആശാൻ സ്ക്വയറില് മതിയായ വെളിച്ചം ഇല്ലാത്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എം.എൽ.എ ഹോസ്റ്റലിന് മുമ്പിലും ആശാൻ സ്ക്വയറിലും മതിയായ വെളിച്ചമില്ലാത്തതിനാൽ എയർപോർട്ടിൽ നിന്നും വി.വി.ഐ.പി. സഞ്ചരിച്ച വാഹനം ആശാൻ സ്ക്വയർ ചുറ്റി വരുന്നതിന് പകരം ദിശമാറി സഞ്ചരിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എം.എൽ.എ. ഹോസ്റ്റലിന് മുമ്പിൽ വെളിച്ചമില്ലാത്ത ഈ ന്യൂനത പരിഹരിക്കുന്നതിനായി ആശാൻ സ്ക്വയറിൽ ഒരു ഹൈമാസ്റ്റ് ലാംബ് സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ?

## സ്മാർട്ട് സിറ്റി പദ്ധതിയിൻകീഴിൽ വികസിപ്പിക്കുന്ന നഗരങ്ങൾ

4157. ശ്രീ.കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെന്റിന്റെ സ്മാർട്ട് സിറ്റി പദ്ധതിയിൻ കീഴിൽ സംസ്ഥാനത്തെ ഏതെല്ലാം നഗരങ്ങൾ വികസിപ്പിക്കാൻ പദ്ധതികൾ തയ്യാറാക്കുകയുണ്ടായിട്ടുണ്ട്;

(ബി) ഏത് ഏജൻസിയാണ് പദ്ധതികൾ രൂപകല്പന ചെയ്തിരിക്കുന്നത്; ആദ്യഘട്ടത്തിൽ ഏതെല്ലാം നഗരങ്ങളെ സ്മാർട്ട് സിറ്റി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്;

(സി) സംസ്ഥാനത്തെ നഗരങ്ങളിൽ സ്മാർട്ട് സിറ്റി പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കേണ്ടതുണ്ട്; ഇതിനകം സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ഡി) പദ്ധതി തയ്യാറാക്കുന്നതിന്റെയും നടപ്പിൽ വരുത്തുന്നതിന്റെയും മുഖ്യ ഉത്തരവാദിത്തം ആർക്കാണ്; അതിനായി സജ്ജമാക്കിയ സംവിധാനങ്ങൾ എന്തൊക്കെ;

(ഇ) ആദ്യഘട്ട സ്മാർട്ട് സിറ്റി പദ്ധതികൾ ഏത് വർഷത്തിനകം പൂർത്തിയാക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്?

## ഇ-മാലിന്യ നിർമ്മാർജ്ജനം

4158. ശ്രീ.പി.കെ.ബഷീർ
,, കെ.മുഹമ്മദുണ്ണി ഹാജി
,, എൻ. ഷംസുദ്ദീൻ
,, പി.ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-മാലിന്യ ശേഖരണവും റീസൈക്ലിംഗും നടത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) ഉപയോഗശൂന്യമായ ട്യൂബ് ലൈറ്റ്,സി.എഫ്.എൽ., എൽ.ഇ.ഡി ടെലിവിഷൻ സെറ്റ് എന്നിവ ശേഖരിച്ച് നിർമ്മാർജ്ജനം/റീസൈക്ലിംഗ് നടത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇലക്ട്രോണിക് സാധനങ്ങൾ വില്പന/സർവ്വീസിംഗ് നടത്തുന്ന സ്ഥാപനങ്ങൾ മുഖേന ഇ-വേസ്റ്റ് ശേഖരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനു

നടപടി സ്വീകരിക്കുമോ?

<u>നഗര വികസനത്തിന് പൊതു സ്വകാര്യ പങ്കാളിത്തത്തോടെയുള്ള പദ്ധതികൾ</u>

4159. ശ്രീ.പാലോട് രവി

,, വർക്കല കഹാർ

,, വി.ഡി.സതീശൻ

,, ജോസഫ് വാഴയ്ക്കൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗര വികസനത്തെ സംബന്ധിച്ച് പൊതു സ്വകാര്യ പങ്കാളിത്തത്തോടെ പദ്ധതികൾ നടപ്പാക്കുന്നതിന് എന്തെല്ലാം കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ട് ;

(ബി) ഇതിനായി നഗരസഭകളും വികസന അതോറിറ്റികളും പാർട്ട്ണർ കേരള മിഷനുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ ;

(സി) ഇതു സംബന്ധിച്ച് എത്ര കരാറുകൾ ഒപ്പുവച്ചിട്ടുണ്ട് ; വിശദാംശങ്ങൾ നൽകാമോ ;

(ഡി) നഗര വകുപ്പ് തയ്യാറാക്കിയ പദ്ധതികൾ പ്രായോഗിക ഘട്ടത്തിലെത്തിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

<u>തലസ്ഥാന നഗര ശുചീകരണ പദ്ധതികൾ</u>

4160. ശ്രീ.സി.മോയിൻ കുട്ടി

,, പി.കെ.ബഷീർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരശുചീകരണവുമായി ബന്ധിപ്പെട്ട് കഴിഞ്ഞ അഞ്ചു വർഷത്തിനിടെ എത്ര പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്; അവയുടെ പേരുവിവരം വെളിപ്പെടുത്തുമോ;

(ബി) ഓരോ പദ്ധതിക്കും വേണ്ടി ഇതുവരെ എന്തു തുക ചെലവഴിച്ചിട്ടുണ്ട്;

(സി) ഇവയിൽ എത്ര പദ്ധതികൾ പ്രാവർത്തികമാക്കിയിട്ടുണ്ട്; നഗരശുചീകരണത്തിൽ ഇതുമൂലം എന്തൊക്കെ നേട്ടമുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്;

(ഡി) നഗരത്തിൽ നഗരസഭ എത്ര മാലിന്യ സംസ്കരണ പ്ലാന്റുകൾ പ്രസ്തുത കാലയളവിൽ സ്ഥാപിച്ചിട്ടുണ്ട്; പ്രതിദിനം എത്ര ടൺ മാലിന്യം പ്രസ്തുത പ്ലാന്റുകളിലൂടെ കൈകാര്യം ചെയ്യാനാവുന്നുണ്ട്;

(ഇ) നഗരം മാലിന്യ മുക്തമാവണമെങ്കിൽ ഇനി എത്ര പദ്ധതികൾ കൂടി നടപ്പാക്കേണ്ടിവരുമെന്നാണ് കണക്കാക്കുന്നത് എന്ന് വ്യക്തമാക്കുമോ?

<u>എരുമേലി ടൗൺഷിപ്പ്</u>

4161. ശ്രീ.പി.സി. ജോർജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയുടെ കവാടമായ എരുമേലി ടൗൺഷിപ്പ് ആക്കുന്ന നടപടി ഏതുഘട്ടം വരെയായി എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിലേയ്ക്കായി സർക്കാർ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) എരുമേലി ടൗൺഷിപ്പ് പ്രവർത്തനം ഉടനെ ആരംഭിയ്ക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിയ്ക്കാൻ ഉദ്ദേശിക്കുന്നു എന്ന കാര്യം വിവരിക്കുമോ?

നഗരങ്ങളുടെ മുഖഛായ മാറ്റാൻ പദ്ധതി

4162. ശ്രീ.ഷാഫി പറമ്പിൽ

,, ഡൊമിനിക് പ്രസന്റേഷൻ

,, എ.പി.അബ്ദുള്ളക്കുട്ടി

,, കെ.ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഗരങ്ങളുടെ മുഖഛായ മാറ്റാൻ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത്;

(ഡി) ഇത് നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

കുളത്തൂർ ജംഗ്ഷനിൽ അനധികൃത കെട്ടിട നിർമ്മാണം

4163. ശ്രീ.പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭയുടെ ആറ്റിപ്ര സോണൽ ഓഫീസിന്റെ കീഴിലുള്ള കുളത്തൂർ ജംഗ്ഷനിൽ ഒരു കോമേഴ്സ്യൽ കെട്ടിടം പണിയുവാൻ 5-10-2012-ൽ, B.മണിലാൽ, ലാൽബിൽഡിംഗ്സ് എന്ന ആളിന് പെർമിറ്റ് നൽകിയിട്ടുണ്ടോ; ഇതിന്റെ അപേക്ഷ എന്നാണ് നൽകിയത്; എത്ര നിലയ്ക്കാണ് അനുവാദം നൽകിയത്; ഇതിന്റെ പൂർണ്ണവിശദാംശങ്ങളും പെർമിറ്റിന്റെയും മറ്റും കോപ്പികളും ലഭ്യമാക്കാമോ;

(ബി) ഈ കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ച് കംപ്ലീഷൻ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടോ;

(സി) ടി കെട്ടിടത്തിൽ അനധികൃതനിർമ്മാണം നടന്നതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെയെന്ന് വിവരിക്കാമോ;

(ഡി) കെട്ടിടത്തിന്റെ അനധികൃതനിർമ്മാണത്തിനെതിരെ എന്തെല്ലാം നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടുണ്ട്; ഈ നടപടികൾക്കായി ടിയാനും മറ്റും അയച്ച കത്തിന്റെ കോപ്പി ലഭ്യമാക്കാമോ;

(ഇ) ടി അനധികൃത നിർമ്മാണം ആറ്റിപ്ര സോണൽ ഓഫീസിൽ നിന്നും സർക്കാരിനെ കത്ത് മുഖാന്തിരം അറിയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനെതിരെ നടപടി സ്വീകരിയ്ക്കാൻ തയ്യാറാകുമോ;

(എഫ്) കെട്ടിടം പണി എന്ന് പൂർത്തികരിച്ചതായിട്ടാണ് ആറ്റിപ്ര സോണൽ ഓഫീസിൽ റിക്കാർഡ്

ഉള്ളത് ; ഇതിന്റെ കോപ്പി ലഭ്യമാകുമോ;

(ജി) കെട്ടിടത്തിന് T.C.നമ്പർ നൽകിയിട്ടുണ്ടോ; എന്നാണ് T.C. യ്ക്ക് വേണ്ടി ഉടമ അപേക്ഷിച്ചത്; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; T.C. നമ്പർ കൊടുക്കാത്ത കെട്ടിടത്തിന്റെ മുകളിൽ ഇപ്പോൾ റൂഫ് ടോപ്പ് നിർമ്മിച്ചിരിയ്ക്കുന്നത് ഏത് ഉത്തരവിലൂടെയാണ്; ടിയാൻ ഇതിനായി അപേക്ഷ നൽകിയിരുന്നോ; ഇതിന്റെ പകർപ്പുകൾ (ഉത്തരവിന്റെയും , അപേക്ഷയുടെയും) ലഭ്യമാക്കുമോ; അനധികൃത കെട്ടിട നിർമ്മാണത്തിന് എതിരെ രണ്ടു കൊല്ലമായി എന്തൊക്കെ നടപടികൾ സ്വീകരിച്ചു; സ്വീകരിച്ചില്ലെങ്കിൽ എന്തുകൊണ്ട്; ആരാണ് ഇതിന് ഉത്തരവാദി; വിശദമാക്കുമോ; അനധികൃത നിർമ്മാണത്തിനെതിരെ ആറ്റിപ്ര സോണൽ ഓഫീസിൽ നിന്നോ സർക്കാരിൽനിന്നോ എന്തെങ്കിലും കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ടെങ്കിൽ ഇതിന്റെ കോപ്പികൾ ലഭ്യമാക്കാമോ?

## നഗരസഭകളിൽ പൊതു-സ്വകാര്യ പങ്കാളിത്ത മാതൃകയിലുള്ള പദ്ധതികൾ

4164. **ശ്രീ.കെ.എൻ.എ.ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭകളിൽ പൊതു-സ്വകാര്യ പങ്കാളിത്ത (പി.പി.പി) മാതൃകയിലുള്ള പദ്ധതികൾക്കായി എത്ര രൂപയുടെ ധാരണാപത്രമാണ് ഒപ്പിട്ടിട്ടുള്ളത്;

(ബി) പ്രസ്തുത പദ്ധതിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രധാന വികസന മാതൃകകൾ ഏതെല്ലാമാണ് ;

(സി) ഇത്തരം പദ്ധതികൾക്കാവശ്യമായ ഭൂമി എങ്ങനെ കണ്ടെത്തുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഡി) സംരംഭകരെ ലഭിക്കാത്തതുമൂലം പദ്ധതികൾ മുടങ്ങുന്നുവെന്ന തരത്തിലുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) സർക്കാർ ഉദ്ദേശിക്കുന്ന തരത്തിൽ ഈ പദ്ധതികൾ വിജയിപ്പിക്കുന്നതിനാവശ്യമായ ജാഗ്രത പുലർത്തുന്നതിനും മുൻകരുതലുകൾ കൈക്കൊള്ളുന്നതിനും നടപടി എടുക്കുമോ?

## നഗരസഭകളിൽ ട്രേഡ് ലൈസൻസ് നൽകൽ

4165. ശ്രീ.ലൂഡി ലൂയിസ്

,, വർക്കല കഹാർ

,, കെ.മുരളീധരൻ

,, പി.എ.മാധവൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭകളിൽ ട്രേഡ് ലൈസൻസ് നൽകുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) ഇതിനായി കടകളെ തരം തിരിച്ച് ഫീസ് ഈടാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(സി) ഫീസ് ഏകീകരിക്കുന്നതിനും വെവ്വേറെ ഫീസ് ഈടാക്കുന്നത് ഒഴിവാക്കാനും എന്തെല്ലാം

നടപടികൾ കൈക്കൊണ്ടിട്ടുണ്ട് ; വിശദമാക്കാമോ?

<u>വഴിവാണിഭക്കാരെ പുനരധിവസിപ്പിക്കാനുള്ള പദ്ധതി</u>

4166. ശ്രീ.സി.പി.മുഹമ്മദ്

,, ഡൊമിനിക് പ്രസന്റേഷൻ

,, വി.ഡി.സതീശൻ

,, എം.എ. വാഹീദ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവ് കച്ചവടക്കാരെ പുനരധിവസിപ്പിക്കുന്നതിന് ഏതെല്ലാം സമിതികളാണ് രൂപീകരിച്ചിട്ടുള്ളത് ; ആരെല്ലാമാണ് ഇതിലെ അംഗങ്ങൾ ; വ്യക്തമാക്കാമോ ;

(ബി) ഏതെല്ലാം പദ്ധതികളാണ് വഴിവാണിഭക്കാരെ പുനരധിവസിപ്പിക്കാൻ ആവിഷ്കരിച്ചിട്ടുള്ളത് ; വിശദമാക്കാമോ ;

(സി) ദേശീയ നഗര ഉപജീവന മിഷൻ പദ്ധതി നടത്തിപ്പിനായി സംസ്ഥാന സർക്കാരിന് എന്തെല്ലാം മാർഗ്ഗനിർദ്ദേശങ്ങളാണ് സ്വീകരിക്കേണ്ടത് ; വ്യക്തമാക്കാമോ ;

(ഡി) ജില്ലാ ആസ്ഥാനങ്ങൾക്കുപുറമെ താലൂക്ക് ആസ്ഥാനങ്ങളിലും വഴിവാണിഭക്കാരെ പുനരധിവസിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

<u>നഗരങ്ങളിൽ ഫ്ലാറ്റുകൾ **3** നിലയ്ക്ക് മുകളിലേക്ക് നിർമ്മിയ്ക്കുന്നതിനുള്ള അനുമതി</u>

4167. ശ്രീ.പി.സി. ജോർജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ ഫ്ലാറ്റുകൾ 3 നിലയ്ക്ക് മുകളിലേക്ക് നിർമ്മിയ്ക്കുന്നതിന് ഫയർ ആന്റ് റെസ്ക്യൂ വിഭാഗം ഉന്നതാധികാരി അനുമതി നൽകില്ലെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഫ്ലാറ്റ് നിർമ്മാണത്തിന് ഏതൊക്കെ ഘട്ടത്തിലാണ് ഫയർ ആന്റ് റെസ്ക്യൂ വിഭാഗത്തിന്റെ അനുമതി വാങ്ങേണ്ടത്; ഇതിനെ സംബന്ധിച്ച് കൂടുതൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

<u>വൈപ്പിൻ-പള്ളിപ്പുറം തീരദേശപാത പുനരുദ്ധാരണത്തിന് ജിഡ ഫണ്ട്</u>

4168. ശ്രീ.എസ്.ശർമ്മ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ -പള്ളിപ്പുറം തീരദേശപാത പുനരുദ്ധാരണത്തിന്റെ ഭാഗമായി നായരമ്പലം ഭാഗത്തെ പ്രവൃത്തികൾക്ക് ജിഡയിൽ നിന്നും ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുന്നതിലുള്ള തടസ്സമെന്തെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി പൂർണ്ണമായ തോതിൽ നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ?

## ന്യൂനപക്ഷക്ഷേമ വകുപ്പിലെ നിയമനങ്ങൾ

4169. **ശ്രീ.കെ.വി.അബ്ദുൾ ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷക്ഷേമ വകുപ്പിലെ നിയമനങ്ങൾക്ക് ഇപ്പോൾ സ്പെഷ്യൽ റൂൾസ് നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ നിയമനങ്ങൾ ഇപ്പോൾ നടത്തുന്നത് എന്ത് വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ്;

(സി) നിലവിൽ വകുപ്പിൽ സേവനമനുഷ്ഠിക്കുന്നവരിൽ സ്വകാര്യ എയ്ഡഡ് കോളേജുകളിൽ നിന്നുള്ളവർ ഉണ്ടോ; ഇങ്ങനെ നിയമനം നൽകുന്നത് KS&SSR ചട്ടങ്ങൾക്കനുസൃതമാണോ;

(ഡി) ഇത്തരക്കാരുടെ നിയമനങ്ങൾ, ഡയറക്ടറുടേതുൾപ്പെടെ, റഗുലറൈസ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇത് ചട്ടങ്ങൾക്ക് വിരുദ്ധമാണെന്ന കാര്യം അറിയുമോ?

## കൈപ്പാട് കൃഷി

4170. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൈപ്പാട് കൃഷി എത്ര ഏക്കർ സ്ഥലത്ത് നടത്തുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കണ്ണൂർ, കാസർകോഡ് ജില്ലകളിലെ തീരദേശങ്ങളിൽ പ്രസ്തുത കൃഷി വ്യാപിപ്പിക്കുന്നതിന് വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

## കണ്ണൂർ ജില്ലയിൽ കൃഷി ഓഫീസർ തസ്തിക

4171. **ശ്രീ.സി.കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ കൃഷി ഓഫീസർ, കൃഷി അസിസ്റ്റന്റ് മുതലായ തസ്തികകൾ അനുവദിക്കാത്ത എത്ര കൃഷി ഭവനുകൾ നിലവിലുണ്ടെന്നും, അവ ഏതൊക്കെയാണന്നും അറിയിക്കാമോ;

(ബി) പ്രസ്തുത കൃഷി ഭവനുകളിൽ ഈ തസ്തികകൾ സൃഷ്ടിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## പഴം ,പച്ചക്കറി കൃഷി

4172. ശ്രീ.സി.പി.മുഹമ്മദ്

,, ടി.എൻ. പ്രതാപൻ

,, ഷാഫി പറമ്പിൽ

,, ഐ.സി.ബാലകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴം ,പച്ചക്കറി കൃഷി പ്രോൽസാഹിപ്പിക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത്;

(ഡി) ഇതു നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

<u>മാമം നാളികേര കോംപ്ലക്സിന്റെ പ്രവർത്തനം</u>

4173. ശ്രീ.ബി.സത്യൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മാമം നാളികേര കോംപ്ലക്സിന്റെ പുനഃപ്രവർത്തനം സംബന്ധിച്ച നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്നും, ഏതെല്ലാം തരത്തിലുള്ള പദ്ധതികളാണ് ഇവിടെ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളതെന്നും, ഇതിനായി എന്തു തുക നീക്കിവച്ചിട്ടുണ്ടെന്നും, ഏതെല്ലാം വകപ്പിൽ നിന്നുമാണ് ഫണ്ട് ലഭ്യമാക്കുന്നതെന്നും വിശദമാക്കുമോ;

(ബി) പുനഃപ്രവർത്തനം ആരംഭിച്ചശേഷം പുതിയതായി എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ടെന്നും, ഏതെല്ലാം തസ്തികകളിലാണ് നിയമിച്ചതെന്നും, എന്തടിസ്ഥാനത്തിലാണ് ജീവനക്കാരെ നിയമിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ ?

<u>കൃഷി ഓഫീസർ നിയമനം</u>

4174. ശ്രീ.ജി.സുധാകരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുന്നപ്ര കൃഷി ഓഫീസിലെ കൃഷി ഓഫീസർ തസ്തികയിൽ ഒഴിവു വന്നത് എന്ന് മുതലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഓഫീസിൽ നിലവിലുണ്ടായിരുന്ന കൃഷി ഓഫീസറെ ഏത് മാനദണ്ഡ പ്രകാരമാണ് സ്ഥലം മാറ്റി നിയമിച്ചതെന്നു വ്യക്തമാക്കാമോ ;

(സി) പുന്നപ്ര കൃഷി ഓഫീസിൽ സ്ഥിരമായി കൃഷി ഓഫീസറെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ ?

<u>കൃഷി അധിഷ്ഠിത വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ</u>

T 4175. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി അധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) ഇത്തരം വ്യവസായങ്ങൾക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത വ്യവസായങ്ങളിൽ നിന്നുമുള്ള ഉല്പന്നങ്ങളുടെ വിപണനം ഉറപ്പ് വരുത്താൻ സ്വീകരിച്ച

നടപടികൾ വ്യക്തമാക്കാമോ?

കൃഷി വകുപ്പിലെ പദ്ധതികൾക്കുള്ള കേന്ദ്ര വിഹിതം

4176. ശ്രീമതി.ജമീലാ പ്രകാശം
ശ്രീ.മാത്യു റ്റി.തോമസ്
,, ജോസ് തെറ്റയിൽ
,, സി.കെ.നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷം കേന്ദ്ര വിഹിതമായി കൃഷി വകുപ്പിന്റെ കീഴിലുള്ള പദ്ധതികൾക്ക് എത്ര തുക വീതമാണ് ലഭിച്ചത് ;

(ബി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുവാൻ വേണ്ടി എത്ര തുകയാണ് സംസ്ഥാന സർക്കാർ ചെലവാക്കിയത് ;

(സി) ഈ വർഷം ഏതെല്ലാം പദ്ധതികൾക്ക് എത്ര തുക വീതം അനുവദിച്ചു ; ഇതിൽ സംസ്ഥാന വിഹിതം എത്രയാണ് ;

(ഡി) സംസ്ഥാന വിഹിതത്തിന് ബഡ്ജറ്റിൽ എത്ര തുകയാണ് അനുവദിച്ചിരുന്നത് ?

കൃഷി ഡയറക്ടറേറ്റിലെ ഒഴിവുകൾ

4177. ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി ഡയറക്ടറേറ്റിലെ എൽ.ഡി.സി, എൽ.ജി.എസ്, എൽ.ഡി.ടൈപ്പിസ്റ്റ് എന്നീ തസ്തികകളിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട് എന്ന് അറിയിക്കുമോ; ഈ ഒഴിവുകൾ എല്ലാം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുകയുണ്ടായോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തസ്തികകളിൽ ഒഴിവുകൾ ഇനിയും റിപ്പോർട്ട് ചെയ്യാത്ത തസ്തികകൾ ഏതൊക്കെയാണെന്നും എന്നത്തേക്ക് പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയുമെന്നും അറിയിക്കുമോ?

കൃഷി അസിസ്റ്റന്റുമാരുടെ സ്ഥാനക്കയറ്റം

4178. ശ്രീമതി.കെ.കെ.ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പ് ഡയറക്ടറുടെ ഉത്തരവ് നമ്പർ SD (1) 26167/2011 തീയതി 2/8/2012 പ്രകാരം കൃഷി ഓഫീസർമാരായി സ്ഥാനക്കയറ്റം ലഭിച്ച കൃഷി അസിസ്റ്റന്റുമാർക്കുവേണ്ടി പുതിയ കൃഷി ഓഫീസർ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) മേൽ ഉത്തരവ് പ്രകാരമുള്ള സ്ഥാനക്കയറ്റം സംബന്ധിച്ച് ഏതെങ്കിലും കോടതികളിലോ ട്രിബ്യൂണലിലോ കേസ് നിലവിലുണ്ടോ ; ഇതിൽ സർക്കാർ സത്യവാങ്മൂലം നൽകിയിട്ടുണ്ടോ ;

ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ;

(സി) കൃഷി അസിസ്റ്റന്റുമാരുടെ പ്രമോഷൻ സംബന്ധിച്ച് സ്പെഷ്യൽ റൂൾ നിലവിലുണ്ടോ ; മേൽ ഉത്തരവ് പ്രകാരമുള്ള പ്രമോഷൻ സ്പെഷ്യൽ റൂൾ അനുസരിച്ചാണോ നടത്തിയത് എന്ന് വ്യക്തമാക്കുമോ?

<u>കൃഷി അസിസ്റ്റന്റുമാരുടെയും അസിസ്റ്റന്റ് കൃഷി ഓഫീസർമാരുടെയും പൊതു സ്ഥലംമാറ്റത്തിനുള്ള മാനദണ്ഡങ്ങൾ</u>

4179. **ശ്രീമതി.കെ.കെ.ലതിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ കൃഷി ഓഫീസർ ജില്ലയ്ക്കുള്ളിൽ നടത്തുന്ന കൃഷി അസിസ്റ്റന്റുമാരുടെയും അസിസ്റ്റന്റ് കൃഷി ഓഫീസർമാരുടെയും പൊതുസ്ഥലം മാറ്റത്തിന് പാലക്കാട് ജില്ലയിൽ എത്ര അപേക്ഷകൾ ലഭിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) സ്ഥലംമാറ്റത്തിന് പൊതുമാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

(സി) പാലക്കാട് ജില്ലാ ഓഫീസറുടെ E(1) 433/2015 തീയതി 19.06.15 പ്രകാരം സ്ഥലംമാറ്റപ്പെട്ടവർ ഓരോരുത്തരും അവർ ജോലി ചെയ്തിരുന്ന ഓഫീസുകളിൽ തുടർച്ചയായി എത്ര വർഷം, എത്ര മാസം, എത്ര ദിവസം ജോലിചെയ്തിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ഡി) സ്ഥലം മാറ്റപ്പെട്ടവരിൽ അപേക്ഷ നൽകാത്തവർ ഉൾപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്തുകാരണത്താലാണ് അവരെ സ്ഥലം മാറ്റിയത് ; വ്യക്തമാക്കുമോ?

<u>സമഗ്ര പച്ചക്കറി വികസന പദ്ധതി</u>

4180. **ശ്രീ.ഡൊമിനിക് പ്രസന്റേഷൻ**

**,,** പാലോട് രവി

**,,** ടി.എൻ. പ്രതാപൻ

**,,** വർക്കല കഹാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമഗ്ര പച്ചക്കറി വികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത്;

(ഡി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

<u>നീരയെ പ്രോത്സാഹിപ്പിക്കാൻ നടപടി</u>

4181. **ശ്രീ.കെ.കെ.ജയചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീരയെ പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) നീര ഉല്പന്നങ്ങൾക്ക് വിദേശ വിപണി പ്രയോജനപ്പെടുത്തുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്?

<u>കർഷക ആത്മഹത്യ</u>

4182. ശ്രീ.എ.കെ.ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കർഷകർ ആത്മഹത്യ ചെയ്യാനിടയായ കാരണങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ ; എല്ലാ പേരും കൃഷിക്കായി ബാങ്കുകളിൽ നിന്ന് വായ്പ എടുത്തിരുന്നവരാണോ ;

(ബി) അതിൽ എത്ര പേർക്ക് ബാങ്ക് വായ്പാ കുടശ്ശികയുണ്ട് ; എത്ര പേർക്ക് ജപ്തി നോട്ടീസ് ലഭിച്ചിട്ടുണ്ട് ; വ്യക്തമാക്കാമോ ?

<u>വയനാട് ജില്ലയിൽ ഇഞ്ചി സംസ്കരണശാല അനുവദിക്കുന്നതിന് നടപടി</u>

4183. ശ്രീ.എം.വി.ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ ഇഞ്ചി കർഷകർക്ക് നൽകിവരുന്ന ധനസഹായം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നു വിശദമാക്കുമോ;

(ബി) ഇഞ്ചി കർഷകരെ സഹായിക്കുന്നതിനായി ജില്ലയിൽ എന്തെല്ലാം പദ്ധതികൾ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ജില്ലയിൽ ഇഞ്ചി സംസ്കരണശാല അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>അരൂർ മണ്ഡലത്തിൽ കൃഷി വകുപ്പ് നടത്തിയ വികസന പ്രവർത്തനങ്ങൾ</u>

4184. ശ്രീ.എ.എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരൂർ മണ്ഡലത്തിൽ കൃഷി വകുപ്പ് വഴി എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്; പഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദമാക്കാമോ?

<u>റബ്ബർ വില സ്ഥിരതാ ഫണ്ട്</u>

4185. ശ്രീ.കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില സ്ഥിരതാ ഫണ്ട് ഉപയോഗിച്ച് റബ്ബർ കർഷകർക്ക് സബ്സിഡി നൽകുന്ന പദ്ധതിയിൽ സംസ്ഥാനത്ത് ഇതിനകം എത്രപേർ പേർ രജിസ്റ്റർ ചെയ്തെന്ന് ജില്ല തിരിച്ച് കണക്ക്

വെളിപ്പെടുത്താമോ;

(ബി) ഇതിനകം സബ്സിഡിയായി എത്ര റബ്ബർ കർഷകർക്ക് എത്ര തുക വീതം വിതരണം ചെയ്തെന്ന് വിശദമാക്കുമോ ?

## റബ്ബർ സംഭരണം.

4186. ശ്രീ.കെ.സുരേഷ് കുറുപ്പ്

,, രാജു എബ്രഹാം

,, സാജു പോൾ

,, എസ്.രാജേന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തിക വർഷത്തിൽ റബ്ബർ സംഭരണത്തിനായി സർക്കാർ ചെലവഴിച്ച ഫണ്ട് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റബ്ബർ കർഷകരെ രക്ഷിക്കാനായി ഖജനാവിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ഏതൊക്കെ ഏജൻസികൾക്കാണ് റബ്ബർ സംഭരണത്തിനായി ഫണ്ട് അനുവദിച്ചത്;

(ഡി) സർക്കാരിന്റെ ഇടപെടൽ മൂലം റബ്ബർ വില ഉയർത്താനോ, റബ്ബർ കർഷകരെ സാമ്പത്തികമായി സഹായിക്കാനോ കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഇ) ബജറ്റിൽ വകയിരുത്തിയ ഫണ്ടു കൊണ്ട് തന്നാണ്ടിലെ റബ്ബർ ഉൽപാദനത്തിന്റെ എത്ര ശതമാനം സംഭരിക്കുവാൻ സാധിക്കുമെന്ന് ഉൽപാദനം, വകയിരുത്തിയ ഫണ്ട്, വരുന്ന ചെലവ് ഇവയുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ?

## ഇടുക്കി പാക്കേജ്

T 4187. ശ്രീ.കെ.കെ.ജയചന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി പാക്കേജ് ഇപ്പോൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഈ പാക്കേജ് എന്നുവരെ നിലവിലുണ്ടായിരുന്നു;

(ബി) ഇടുക്കി പാക്കേജിൽ ആകെ എത്ര രൂപയാണ് വിവിധ പദ്ധതികൾക്കായി അനുവദിച്ചത്;ഇതിൽ എത്ര രൂപ ചെലവഴിച്ചു; എത്ര രൂപ ചെലവഴിക്കാനാവാതെ നഷ്ടപ്പെട്ടു;

(സി) അനുവദിച്ച തുക ചെലവഴിക്കാതെ നഷ്ടപ്പെടാനിടയായ സാഹചര്യം വിശദീകരിക്കാമോ;

(ഡി) ഈ പാക്കേജിന്റെ കാലാവധി നീട്ടുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## റബ്ബർ വിലയിടിവ് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ

T 4188. ശ്രീമതി.കെ.കെ.ലതിക **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ വിലയിടിവ് പരിഹരിക്കുന്നതിനും റബ്ബർ കൃഷിക്കാരെ സഹായിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ ഏതെല്ലാം ടയർ കമ്പനികളാണ് സർക്കാരുമായി ചർച്ച ചെയ്യുന്നതിന് സന്നദ്ധമായി വന്നത് എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ടയർ കമ്പനികൾ ഓരോന്നും എത്ര ടൺ റബ്ബർ വാങ്ങുമെന്നാണ് വാഗ്ദാനം നൽകിയതെന്നും അവർ ഓഫർ ചെയ്ത വിലയെത്രയെന്നും വ്യക്തമാക്കുമോ?

<u>ചിറക്കര ഗ്രാമപഞ്ചായത്തിലെ മാലാക്കായൽ വികസന പദ്ധതി</u>

4189. ശ്രീ.ജി.എസ്.ജയലാൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറക്കര ഗ്രാമപഞ്ചായത്തിലെ മാലാക്കായൽ വികസന പദ്ധതി പ്രകാരം കെ.എൽ.ഡി.സി. മുഖേന നബാർഡ് എത്ര ലക്ഷം രൂപയുടെ പദ്ധതിയാണ് ആവിഷ്കരിച്ചതെന്നും, ഭരണാനുമതി നൽകിയത് എന്നാണെന്നും അറിയിക്കുമോ ;

(ബി) പ്രസ്തുത നിർമ്മാണ ജോലികൾ എന്നാണ് ആരംഭിച്ചത് എന്നും എന്നത്തേക്ക് പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടിരുന്നത് എന്നും വെളിപ്പെടുത്തുമോ ;

(സി) നിർമ്മാണ ജോലിയുടെ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ടോ ; എങ്കിൽ തീയതി അറിയിക്കുമോ ;

(ഡി) നാളിതുവരെ എന്തൊക്കെ ജോലികളാണ് പൂർത്തീകരിച്ചിട്ടുള്ളത് എന്നും ഇനി ശേഷിക്കുന്ന നിർമ്മാണ ജോലികൾ എന്തൊക്കെയാണ് എന്നും വിശദമാക്കുമോ ;

(ഇ) ജോലി ഏറ്റെടുത്ത കരാറുകാരന് എത്ര രൂപ നല്കിയെന്നും ഇയാൾക്ക് എസ്റ്റിമേറ്റ് പുതുക്കി നൽകിയിട്ടുണ്ടോയെന്നും അറിയിക്കുമോ ;

(എഫ്) പ്രസ്തുത നിർമ്മാണ ജോലികൾ തടസ്സപ്പെടുന്ന സാഹചര്യം നിലവിലുണ്ടോ ; എങ്കിൽ വിശദാംശം അറിയിക്കുമോ ;

(ജി) പ്രസ്തുത തടസ്സങ്ങൾ നീക്കി പ്രവർത്തനം ആരംഭിക്കുന്നതിലേക്കായി ജനപ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ യോഗങ്ങൾ കൂടുകയുണ്ടായോ ; എങ്കിൽ ഏതൊക്കെ തീയതികളിൽ എന്നും തീരുമാനങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ ; നിർമ്മാണ ജോലികൾ പുനരാരംഭിക്കുവാൻ ഗവൺമെന്റ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണ് ; പ്രസ്തുത പദ്ധതി ഉപേക്ഷിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; എങ്കിൽ വിശദാംശം അറിയിക്കുമോ?

<u>കാർഷിക നയം</u>

4190. ശ്രീ.സി.പി.മുഹമ്മദ്

,, എ.പി.അബ്ദുള്ളക്കുട്ടി

,, ഹൈബി ഈഡൻ

,, വി.ഡി.സതീശൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും

സ്റ്റേഷനറിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക നയത്തിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ;

(ബി) കാർഷിക നയം നടപ്പാക്കുന്നത് വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) കർഷകത്തൊഴിലാളികളുടെ ക്ഷേമത്തിന് എന്തെല്ലാം കാര്യങ്ങളാണ് നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ?

## കാർഷിക നയം

4191. ശ്രീ.മാത്യു റ്റി.തോമസ്
ശ്രീമതി.ജമീലാ പ്രകാശം
ശ്രീ.ജോസ് തെറ്റയിൽ
,, സി.കെ.നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ അംഗീകരിച്ച കാർഷിക നയം നടപ്പാക്കണമെങ്കിൽ എന്തെല്ലാം നിയമനിർമ്മാണങ്ങളാണ് നടത്തേണ്ടത്;

(ബി) നിയമനിർമ്മാണം നടത്തുവാൻ എന്തെല്ലാം നടപടികളാണ് കൃഷി വകുപ്പ് സ്വീകരിച്ചത്;

(സി) കരടുനിയമം തയ്യാറാക്കിയിട്ടുണ്ടോ; നിയമത്തിൻെറ കരട് ക്യാബിനറ്റിന്റെ അംഗീകാരത്തിന് വേണ്ടി സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ന് സമർപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) നിയമസഭയുടെ നടപ്പു സമ്മേളനത്തിൽ ഈ ബില്ലുകൾ അവതരിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) നിയമനിർമ്മാണം ആവശ്യമില്ലാത്ത കാര്യങ്ങളിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്;

(എഫ്) തുടർന്നുള്ള പദ്ധതി നിർവ്വഹണത്തിൽ കാർഷിക നയത്തിനനുസൃതമായിട്ടാണോ പദ്ധതികൾ വിഭാവനം ചെയ്തിട്ടുള്ളത്; സംസ്ഥാന പ്ലാനിംഗ് ബോർഡുമായി ചർച്ചചെയ്ത് വിശദമായ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ?

## കാർഷിക മേഖല നേരിടുന്ന പ്രശ്നങ്ങൾ

4192. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക ഉൽപാദനമേഖല നേരിടുന്ന പ്രശ്നങ്ങൾ എന്തെല്ലാമാണെന്ന് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ ;

(ബി) കാർഷിക വിളവുകളുടെ ഉൽപാദനം , ഉൽപാദനക്ഷമത, വിലലഭ്യത , മാർക്കറ്റിംഗ് എന്നിവ കാര്യക്ഷമമാക്കുന്നതിന് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(സി) തൊഴിലാളികളുടെ ദൗർലഭ്യം , ഉൽപാദനോപാധികളുടെ വിലവർദ്ധനവ്, അനിയന്ത്രിതമായ നിലംനികത്തൽ , ഉൽപന്നങ്ങൾക്ക് ന്യായവില ലഭിക്കാതിരിക്കൽ, ജലസേചന

സൗകര്യങ്ങളുടെ അഭാവം തുടങ്ങി ഈ മേഖല നേരിടുന്ന പ്രശ്നങ്ങൾ പരിഹരിച്ച് കൃഷി ആകർഷകമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

<u>കൂടുതൽ അളവിൽ വെള്ളം ലഭിയ്ക്കുന്ന കരിക്ക് ലഭ്യമാകുന്ന തെങ്ങിനങ്ങൾ</u>

4193. ശ്രീ.ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിക്കിന്റെ ആവശ്യം ദിനം പ്രതി വർദ്ധിച്ചുവരുന്നത് കൃഷി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൂടുതൽ അളവിൽ വെള്ളം ലഭിയ്ക്കുന്ന കരിക്ക് ലഭ്യമാകുന്ന തെങ്ങിനങ്ങൾ ഏതൊക്കെയാണ്; ഈ തെങ്ങിനങ്ങളുടെ കൃഷി വ്യാപകമാക്കുന്നതിന് കൃഷി വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) പ്രസ്തുത തെങ്ങിൻ തൈകൾ കൃഷി ഭവനുകൾ മുഖേന വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിയ്ക്കുമോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

<u>കാർഷിക മേഖലയിലെ തൊഴിലാളികളുടെ കൂലിയും കാർഷികോല്പന്നങ്ങൾക്ക് ലഭിക്കുന്ന വിലയും</u>

4194. ശ്രീ.സി.മോയിൻ കുട്ടി

,, പി.ഉബൈദുള്ള

,, എൻ .എ.നെല്ലിക്കുന്ന്

,, റ്റി.എ.അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിലെ തൊഴിലാളികൾക്ക് ഏറ്റവും കൂടുതൽ കൂലി നൽകുന്ന സംസ്ഥാനം കേരളമാണെന്ന കേന്ദ്ര തൊഴിൽ ബ്യൂറോയുടെ കണക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏറ്റവും കൂടിയ കൂലി നൽകുന്നതിൽ രണ്ടാം സ്ഥാനത്തുള്ള കാശ്മീരിനേക്കാൾ അറുപത്തഞ്ചുശതമാനവും, തൊട്ടടുത്ത സംസ്ഥാനമായ തമിഴ്നാടിനേക്കാൾ അറുപതുശതമാനവും അധികം കൂലി നൽകുന്ന കേരളസംസ്ഥാനത്ത് കാർഷികോല്പന്നങ്ങൾക്ക് ലഭിക്കുന്ന വിലയുമായി താരതമ്യപ്പെടുത്തി കർഷകർക്കുണ്ടാകുന്ന നഷ്ടത്തിന്റെ തോത് എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അത് കണക്കാക്കാനും, കർഷകർക്കുള്ള ആനുകൂല്യങ്ങളും, സംഭരണവിലയും വർദ്ധിപ്പിച്ച് കൃഷി ചെറിയതോതിലെങ്കിലും ആദായകരമായ നിലവാരത്തിലെത്തിക്കാൻ നടപടി സ്വീകരിക്കുമോ?

<u>റബ്ബറിന് വിലസ്ഥിരത</u>

4195. ശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബറിന് 150 രൂപായുടെ വിലസ്ഥിരത ഉറപ്പുവരുത്തുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; ഇതു സംബന്ധിച്ച് ഏതെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ?

## സംയോജിത നീർത്തട പരിപാലന പരിപാടി

4196. ശ്രീ.അൻവർ സാദത്ത്

,, വി.റ്റി.ബൽറാം

,, ആർ . സെൽവരാജ്

,, വി.ഡി.സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംയോജിത നീർത്തട പരിപാലന പരിപാടി നടപ്പാക്കലിന് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത് ;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

## നാദാപുരം മണ്ഡലത്തിൽ പ്രകൃതി ക്ഷോഭം മൂലം കൃഷിനാശം

4197. ശ്രീ.ഇ.കെ.വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ കൃഷിഭവനുകളിൽ 2013-2014, 2014-2015, 2015-2016 വർഷങ്ങളിൽ പ്രകൃതി ക്ഷോഭം മൂലം കൃഷിനാശം സംഭവിച്ച കർഷകരിൽ നിന്നും ലഭിച്ച അപേക്ഷകൾ എത്ര വീതമെന്ന് കൃഷിഭവൻ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത അപേക്ഷകളിന്മേൽ ധനസഹായം അനുവദിക്കാത്ത അപേക്ഷകൾ എത്ര എണ്ണമുണ്ട് ; അതിന്റെ കാരണം വ്യക്തമാക്കാമോ?

## ജൈവകൃഷി ഉല്പന്നങ്ങളുടെ ശേഖരണം

4198. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി

,, കെ.എം.ഷാജി

,, സി.മമ്മൂട്ടി

,, എം.ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പച്ചക്കറി ഉപഭോക്താക്കൾ ഭക്ഷ്യാവശ്യത്തിന് വിഷലിപ്തമായ അന്യസംസ്ഥാന വിഭവങ്ങളെത്തന്നെ കൂടുതലായി ആശ്രയിക്കേണ്ട അവസ്ഥ ഇപ്പോഴും നിലനിൽക്കുന്ന കാര്യം ഗൗരവപൂർവ്വം പരിഗണിച്ചിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് ജൈവരീതിയിൽ മാത്രം കൃഷി നടത്തുന്ന കർഷകരുടെ വിവരശേഖരണം കൃഷി ഭവൻ മുഖേന നടത്തിയിട്ടുണ്ടോ ; അക്കാര്യത്തിൽ കൃഷി ഭവന്റെ മേൽനോട്ടം ഉറപ്പുവരുത്തിയിട്ടുണ്ടോ ;

(സി) ജൈവരീതിയിൽ മാത്രം ഉല്പാദിപ്പിക്കപ്പെടുന്ന ഭക്ഷ്യവിഭവങ്ങൾ, ഉറവിടങ്ങളിൽ നിന്നും

ന്യായവില നൽകി ശേഖരിക്കാൻ സർക്കാർ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുകയും, അത്തരം കർഷകർക്ക് പ്രോത്സാഹനം നൽകാനും നടപടി സ്വീകരിക്കുമോ?

കാർഷിക ഉൽപ്പന്നങ്ങൾക്ക് ലഭിക്കേണ്ട ന്യായവില

4199. ശ്രീ.ഇ.കെ.വിജയൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കോഴിക്കോട് ജില്ലയിലെ മലയോര മേഖലയിലെ നാദാപുരം, കുറ്റ്യാടി, പേരാമ്പ്ര മണ്ഡലങ്ങളിലെ കർഷകർ ഉൽപാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങൾക്ക് ന്യായവില ലഭിക്കുന്നതിന് ഒരു സംഭരണ കേന്ദ്രം ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ?

കീടനാശിനി പ്രയോഗം പരിശോധിക്കുന്നതിനുള്ള സംവിധാനം

4200. ശ്രീ.കെ.വി.വിജയദാസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചമുളക്, കറിവേപ്പില, കോളിഫ്ലവർ തുടങ്ങിയ പച്ചക്കറികളിലാണ് മാരകമായ കീടനാശിനി പ്രയോഗം കണ്ടുവരുന്നതായുള്ള റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) ഇക്കാര്യത്തിൽ തമിഴ്നാട് സർക്കാരുമായി പ്രസ്തുത വിഷയം ചർച്ച ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) അതിർത്തി ചെക്ക് പോസ്റ്റുകളിൽ ആയത് പരിശോധിക്കുന്നതിന് ഏർപ്പെടുത്തിയ സംവിധാനം സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കുമോ ?

വളർത്തു മൃഗങ്ങളെ വാങ്ങുവാൻ സർക്കാരിൽ നിന്നും വായ്പ

4201. ശ്രീ.പി.സി. ജോർജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാവപ്പെട്ടവരും സാധാരണക്കാരുമായ ജനങ്ങൾക്ക് ഉപജീവനത്തിനായി ആട്, മാട്, കോഴി, മുയൽ മുതലായവയെ വളർത്തി ജീവിക്കുന്നതിനായി എന്തെങ്കിലും വായ്പകൾ നൽകുന്നുണ്ടോ ;

(ബി) മൃഗസംരക്ഷണ വകുപ്പാണോ ഈ പദ്ധതി നടപ്പാക്കുന്നത്; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) വായ്പ നല്കുന്നതിന്റെ മാനദണ്ഡം എങ്ങനെയെന്ന് വിവരിക്കുമോ;

(ഡി) അർഹതപ്പെട്ടവർക്ക് വളർത്തു മൃഗങ്ങളെ സർക്കാരിൽ നിന്നും യഥേഷ്ടം നല്കുവാൻ പദ്ധതിയുണ്ടോയെന്നു വിശദമാക്കുമോ;

## പാലക്കാട് ജില്ലയിലെ നീര ഉൽപ്പാദനം

4202. **ശ്രീ.സി.പി.മുഹമ്മദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ പടിഞ്ഞാറു ഭാഗത്തെ പ്രദേശങ്ങളിൽ നിന്നും നീര ഉൽപ്പാദിപ്പിക്കാൻ ലൈസൻസ് തേടിക്കൊണ്ട് ഏതെങ്കിലും ഫെഡറേഷനുകൾ അപേക്ഷ നൽകിയിട്ടുണ്ടോ;

(ബി) പാലക്കാട് ജില്ലയുടെ പടിഞ്ഞാറുഭാഗത്ത് നീര വൻതോതിൽ ഉൽപ്പാദിപ്പിക്കാനുള്ള ഒരു പ്ലാന്റ് സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഒരു നീര ഉൽപ്പാദനയൂണിറ്റ് പട്ടാമ്പി മേഖലാ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

## പച്ചക്കറി, പഴം എന്നിവയുടെ രാസ പരിശോധന

4203. **ശ്രീ.രാജു എബ്രഹാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് എത്തിക്കുന്ന വിവിധയിനം പഴവർഗ്ഗങ്ങൾ, പച്ചക്കറികൾ തുടങ്ങിയവയിൽ തളിയ്ക്കുന്ന വിഷം കേരളീയർക്ക് അർബുദ രോഗം വരുത്താൻ ഇടയാക്കുന്നവെന്ന തരത്തിൽ വന്നിട്ടുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച ശാസ്ത്രീയ പരിശോധനകൾ എന്തെങ്കിലും കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നടത്തിയിട്ടുണ്ടോ;

(സി) വിഷം തളിച്ച പച്ചക്കറികളുടെ കേരളിത്തിലേക്കുള്ള ഇറക്കുമതി തടയുന്നതിന് കൃഷി വകുപ്പ് ചെക്ക്പോസ്റ്റുകളിൽ പരിശോധന നടത്താറുണ്ടോ; ഇത്തരം പരിശോധനകൾക്കായി എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; ഏതൊക്കെ ചെക്ക്പോസ്റ്റുകളിലാണ് ഈ സംവിധാനങ്ങൾ ഉള്ളത്;

(ഡി) ഇത്തരം പരിശോധന വഴി വിഷം തളിച്ചവയെന്ന് കണ്ടെത്തിയ പച്ചക്കറികളും, പഴങ്ങളും കൊണ്ടുവരുന്നവർക്കെതിരെ എന്ത് നടപടിയാണ് എടുത്തിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) കേരളത്തിലെ വിവിധ പച്ചക്കറി, പഴം, വിൽപനശാലകളിൽ എത്തിക്കുന്ന ഇവയുടെ പരിശോധനയ്ക്കായി പ്രത്യേക സ്ക്വാഡിനെ കൃഷി വകുപ്പ് നിയോഗിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ;

(എഫ്) കേരളത്തിലെ ഓരോ വീടുകളിലും ഇത് സംബന്ധിച്ച സന്ദേശമെത്തിക്കുന്നതിനും, ജൈവ പച്ചക്കറി-പഴവർഗ്ഗ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും കൃഷി വകുപ്പ് മുഖേന സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെ എന്ന് വിശദമാക്കാമോ?

## കർഷകരുടെ മാതൃകാ സംരഭങ്ങൾക്ക് പ്രോൽസാഹനം

4204. ശ്രീ.ബെന്നി ബെഹനാൻ

,, ജോസഫ് വാഴയ്ക്കൻ

,, തേറമ്പിൽ രാമകൃഷ്ണൻ

,, ടി.എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിൻ കീഴിൽ കർഷകരുടെ മാതൃകാ സംരഭങ്ങൾക്ക് പ്രോൽസാഹനം നൽകുന്ന പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത്;

(ഡി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

<u>അമ്പലപ്പുഴ മണ്ഡലത്തിൽ കൃഷിയും മൃഗസംരക്ഷണവും വകുപ്പ് നടപ്പാക്കിയ പ്രവൃത്തികൾ /പദ്ധതികൾ</u>

:

4205. ശ്രീ.ജി.സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരമേറ്റശേഷം അമ്പലപ്പുഴ മണ്ഡലത്തിൽ കൃഷിയും മൃഗസംരക്ഷണവും വകുപ്പ് നടപ്പാക്കിയ പ്രവൃത്തികളുടെ /പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയ്ക്കും/ പദ്ധതിക്കും എന്തു തുക വിനിയോഗിച്ചു; വ്യക്തമാക്കുമോ;

(സി) ഭരണാനുമതി ലഭിച്ചിട്ടും ഇതുവരെ ആരംഭിക്കാത്തതും പൂർത്തിയാക്കാത്തതുമായ പ്രവൃത്തികൾ /പദ്ധതികൾ ഏതെല്ലാം ആണെന്ന് വിശദമാക്കാമോ?

<u>കൃഷിനാശവും നഷ്ടപരിഹാരവും</u>

4206. ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിനാശം സംഭവിക്കുന്നവർക്ക് എന്തൊക്കെ നഷ്ടപരിഹാരങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ;

<u>സമ്പൂർണ്ണ ജൈവ-കാർഷിക പദ്ധതി</u>

4207. ശ്രീ.കോടിയേരി ബാലകൃഷ്ണൻ

,, എം. ഹംസ

,, എ. പ്രദീപ്കുമാർ

,, എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-13 ൽ പ്രഖ്യാപിക്കപ്പെട്ട സമ്പൂർണ്ണ ജൈവ-കാർഷിക പദ്ധതി ഇപ്പോൾ നടത്തിപ്പിന്റെ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ ;

(ബി) പദ്ധതി പ്രഖ്യാപിച്ച് മൂന്നേകാൽ വർഷമായിട്ടും ഇതുവരെ എത്രത്തോളം ലക്ഷ്യം കണ്ടിട്ടുണ്ട് ;

(സി) പ്രസ്തുത പദ്ധതി പ്രഖ്യാപിക്കപ്പെട്ടപ്പോൾ സംസ്ഥാനത്തെ എന്നത്തേക്ക് ജൈവ കാർഷിക സംസ്ഥാനമായി മാറ്റാനാണ് ലക്ഷ്യമിട്ടിരുന്നത് എന്നറിയിക്കാമോ ;പ്രസ്തുത ലക്ഷ്യം നേടാനായിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത പദ്ധതിക്കായി വിവിധ ഘട്ടങ്ങളിലായി എന്ത് തുക അനുവദിക്കപ്പെട്ടു എന്നും അതിൽ എന്ത് തുക ചെലവഴിക്കപ്പെട്ടുവെന്നുമുള്ള കണക്ക് ലഭ്യമാക്കാമോ ?

## ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ നിറവ് പദ്ധതി

4208. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിറവ് പദ്ധതി ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്നുണ്ടോ ; എങ്കിൽ പദ്ധതി നടത്തിപ്പ് ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) ഇതിനായി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടോ ; പ്രോജക്ട് തയ്യാറാക്കുന്നതിന്റെ ചുമതല ആർക്കാണെന്ന് വ്യക്തമാക്കാമോ ; പ്രോജക്ടിന്റെ ഒരു പകർപ്പ് ലഭ്യമാക്കാമോ ;

(സി) ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ പദ്ധതി വേഗത്തിൽ നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കുമോ ?

## സംസ്ഥാനത്തെ കൊക്കോ കൃഷി.

4209. **ശ്രീ.കെ.എൻ.എ.ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൊക്കോ കൃഷിയുടെ ഉത്പാദനവും കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ അളവും വർദ്ധിച്ചു വരികയാണെന്ന പഠനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൊക്കോ കൃഷി വ്യാപിപ്പിക്കുന്നതിന് സർക്കാർ എതെങ്കിലും തരത്തിലുള്ള സഹായങ്ങൾ നൽകുന്നുണ്ടോ; എങ്കിൽ ഏത് ഏജൻസിക്കാണ് ഈ കൃഷിയ്ക്കാവശ്യമായ പ്രോത്സാഹനങ്ങൾ നൽകുന്നത് ;

(സി) കൊക്കോ കൃഷിയുടെ വ്യാപനം മൂലം അടയ്ക്കാ കൃഷിയിലും ഉത്പാദനത്തിലും ഗണ്യമായ കുറവ് സംഭവിച്ചിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അടയ്ക്കാ കർഷകരെ ഈ രംഗത്ത് തുടരുന്നതിന് പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ പദ്ധതികൾ ആവിഷ്കരിക്കുമോ;

## റബ്ബറിൻെറ ഉല്പാദനവും ഉപഭോഗവും

4210. **ശ്രീ.ജെയിംസ് മാത്യു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റബ്ബറിന്റെ ഉല്പാദനവും ഉപഭോഗവും സംബന്ധിച്ച കഴിഞ്ഞ പത്ത് വർഷത്തെ സ്ഥിതിവിവരക്കണക്കുകൾ വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ റബ്ബർ ഉപയോഗിക്കുന്ന അഞ്ച് വ്യവസായ സ്ഥാപനങ്ങൾ ഏതൊക്കെയാണ്;

(സി) റബ്ബർ ഉപയോഗിച്ചുള്ള ഉല്പന്നങ്ങളുടെ വില നാൾക്കുനാൾ വർദ്ധിക്കുമ്പോഴും അസംസ്കൃത റബ്ബറിന്റെ വില നാൾക്കുനാൾ കുറഞ്ഞുകൊണ്ടിരിക്കുന്നതിന്റെ കാരണം വെളിപ്പെടുത്താമോ?

<u>ചെങ്ങന്നൂർ മണ്ഡലത്തിലെ കാർഷിക പദ്ധതികൾ</u>

4211. **ശ്രീ.പി.സി വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം ചെങ്ങന്നൂർ മണ്ഡലത്തിൽ കൃഷി വകുപ്പിൻകീഴിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദമായ റിപ്പോർട്ട് നഗരസഭ, പഞ്ചായത്ത് എന്നിവ തിരിച്ച് വ്യക്തമാക്കാമോ ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ചിട്ടുള്ളതും ചെലവാക്കിയിട്ടുള്ളതുമായ തുകയുടെ വിശദവിവരം ഇനം തിരിച്ച് വെളിപ്പെടുത്തുമോ ;

(സി) നിലവിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ ?

<u>ഓണക്കാലത്തെ അവശ്യപച്ചക്കറികളുടെ ലഭ്യത</u>

4212. **ശ്രീ.ബാബു എം. പാലിശ്ശേരി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണക്കാലത്ത് എത്ര ടൺ പച്ചക്കറികളുടെ ആവശ്യം ഉണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര ടൺ ആഭ്യന്തരമായി ഉൽപാദിപ്പിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) സംസ്ഥാനത്തിന് പുറത്തുനിന്നു വരുന്ന പച്ചക്കറികളിൽ വലിയ തോതിൽ വിഷാംശങ്ങൾ അടങ്ങിയിട്ടുള്ളതായ വാർത്തകൾ കണക്കിലെടുത്ത് ഓണക്കാലത്ത് വിഷരഹിത പച്ചക്കറികൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ ?

<u>അന്താരാഷ്ട്ര കരാറുകളും കേരളത്തിലെ കാർഷികരംഗവും</u>

T 4213. **ശ്രീ.മാത്യു റ്റി.തോമസ്**

**,, സി.കെ.നാണു**

**,, ജോസ് തെറ്റയിൽ**

**ശ്രീമതി.ജമീലാ പ്രകാശം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോഴത്തെ വിവിധ അന്താരാഷ്ട്ര കരാറുകൾ കേരളത്തിലെ കാർഷികരംഗത്തെ എങ്ങനെ ബാധിച്ചു എന്നത് സംബന്ധിച്ച വിലയിരുത്തലോ പഠനങ്ങളോ നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) കാർഷിക നയം അംഗീകരിച്ചതിൻെറ അടിസ്ഥാനത്തിൽ ഡബ്ല്യൂ. റ്റി. ഒ സെല്ലിൻെറ പ്രവർത്തനത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തുവാൻ ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കാമോ ;

(ഡി) അഗ്രികൾച്ചർ ട്രേഡ് സംബന്ധിച്ച മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള സമിതി എപ്പോഴാണ് നിലവിൽ വന്നത് ;

(ഇ) പ്രസ്തുത സമിതി എത്ര യോഗങ്ങളാണ് കൂടിയിരിക്കുന്നത് ; അവസാനത്തെ യോഗം കൂടിയത് എന്നാണ് ; പ്രസ്തുത യോഗത്തിൽ എടുത്ത തീരുമാനങ്ങൾ വിശദമാക്കാമോ ?

<u>കാർഷികരംഗം നേരിടുന്ന വെല്ലുവിളികൾ</u>

4214. ശ്രീ.എം.വി.ശ്രേയാംസ് കുമാർ
,, റോഷി അഗസ്റ്റിൻ
ഡോ.എൻ. ജയരാജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികരംഗം നേരിടുന്ന പ്രധാന വെല്ലുവിളികൾ ഏതെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) കാലാവസ്ഥയിലുണ്ടായ വ്യതിയാനം കാർഷിക രംഗത്തെ എപ്രകാരമാണ് ബാധിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) കാലവസ്ഥാ വ്യതിയാനത്തിന് അടിമപ്പെടാൻ സാധ്യതയുള്ള വിളകളെ സംബന്ധിച്ച് ശാസ്ത്രീയമായ പഠനം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

<u>ചാത്തന്നൂർ മണ്ഡലത്തിലെ പോളച്ചിറ ഏലാ വികസന പദ്ധതി</u>

4215. ശ്രീ.ജി.എസ്.ജയലാൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പോളച്ചിറ ഏലാ വികസന പദ്ധതിയുമായി ബന്ധപ്പെട്ട് നബാർഡ് എത്ര കോടി രൂപയുടെ പദ്ധതിയാണ് ആവിഷ്കരിച്ചിട്ടുള്ളതെന്നും, ഭരണാനുമതി നൽകിയത് എന്നാണെന്നും അറിയിക്കുമോ ;

(ബി) പ്രസ്തുത നിർമ്മാണ ജോലികൾ പൂർത്തീകരിക്കേണ്ടത് എന്നായിരുന്നു ; കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ടോ ; എങ്കിൽ എന്നത്തേക്ക് നിർമ്മാണ ജോലികൾ പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയിൻ കീഴിൽ എന്തൊക്കെ നിർമ്മാണ ജോലികളാണ് വിഭാവന ചെയ്തിരുന്നതെന്ന് അറിയിക്കുമോ ; ഇതിൽ എത്രത്തോളം ജോലികൾ പൂർത്തീകരിച്ചുവെന്നും, എത്ര രൂപ ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത നിർമ്മാണ ജോലികളിൽ ശേഷിക്കുന്ന പ്രവർത്തികൾ ഏതൊക്കെയെന്നും എന്നത്തേക്ക് നിർമ്മാണം പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ ?

ഉടുമ്പൻചോല മണ്ഡലത്തിൽ കൃഷി ഓഫീസർമാരുടെ നിയമനം

4216. **ശ്രീ.കെ.കെ.ജയചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല നിയോജകമണ്ഡലത്തിൽ കൃഷി ഓഫീസർമാർ ഇല്ലാത്ത എത്ര കൃഷി ഓഫീസുകൾ ഉണ്ട് ; വിശദാംശം നൽകാമോ ;

(ബി) കൃഷി ഓഫീസർമാരുടെ അഭാവത്തിൽ ജനകീയാസൂത്രണ പദ്ധതിയിലൂടെ ക്ഷീര കർഷകർക്ക് ലഭിക്കേണ്ട സഹായങ്ങൾ ലഭിക്കാനാവാതെ പോകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) നിയോജകമണ്ഡലത്തിലെ എല്ലാ കൃഷി ഓഫീസുകളിലും അടിയന്തരമായി കൃഷി ഓഫീസർമാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

കൃഷിക്കാരുടെ ഉന്നമനത്തിനായി പദ്ധതികൾ

4217. **ശ്രീ.പി.സി. ജോർജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കൃഷിക്കാരുടെ ഉന്നമനത്തിനായി എന്തൊക്കെ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്; വിവരിക്കുമോ;

(ബി) കൃഷിക്കാരുടെ ക്ഷേമത്തിനും കൃഷി വികസനത്തിനുമായി കൃഷി വകുപ്പിൽ നിന്നും പുതിയ വായ്പാപദ്ധതികൾ എന്തെങ്കിലും നടപ്പാക്കിയിട്ടുണ്ടോ; വിവരിക്കുമോ;

കർഷകർക്ക് ഇ-പെയ്മെന്റ് വഴി ആനുകൂല്യങ്ങൾ

4218. **ശ്രീ.പാലോട് രവി**

**,,** കെ.എസ്.ശബരീനാഥൻ

**,,** ഷാഫി പറമ്പിൽ

**,,** വി.പി.സജീന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്കുള്ള ആനുകൂല്യങ്ങൾ ഇ-പെയ്മെന്റ് വഴി നൽകുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത്;

(ഡി) പ്രസ്തുത പദ്ധതിനടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

കല്ല്യാശ്ശേരി മണ്ഡലത്തിൽ കാർഷിക പദ്ധതികൾ

4219. ശ്രീ.റ്റി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തെ സമ്പൂർണ്ണ ജൈവകൃഷി മണ്ഡലമാക്കി മാറ്റുന്നതിന് എന്തൊക്കെ പദ്ധതികളാണ് കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്നത്; വിശദാംശം നൽകുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കല്ല്യാശ്ശേരി മണ്ഡലത്തിൽ കൃഷി വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

നെൽവയലുകളുടെ വിസ്തീർണ്ണവും നെല്ലിന്റെ ഉല്പാദനവും

4220. ശ്രീ.കെ.അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കഴിഞ്ഞ 5 വർഷങ്ങളിലെ നെൽവയലുകളുടെ വിസ്തീർണ്ണവും നെല്ലിന്റെ ഉല്പാദനവും ഓരോ ഹെക്ടറിൽ നിന്നുള്ള ഉത്പാദന ക്ഷമതയും എത്ര വീതമെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ;

(ബി) നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ ഭേദഗതി വരുത്തിയതിനുശേഷം നെൽവയൽ വിസ്തൃതി ചുരുങ്ങിയതായി കണ്ടെത്തിയിട്ടുണ്ടോ ; വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ 5 വർഷങ്ങളിലായി സംസ്ഥാനത്ത് ആവശ്യമായി വന്ന അരിയുടെ/നെല്ലിന്റെ അളവ് എത്രയെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ?

കൊരട്ടിച്ചാൽ-കുലയിടം പാടശേഖരത്തിന്റെ സമഗ്ര കാർഷിക വികസന പ്രവർത്തനങ്ങൾ

4221. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയ കൃഷി വികാസ് യോജനയിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ച ചാലക്കുടി മണ്ഡലത്തിലെ കൊരട്ടിച്ചാൽ-കുലയിടം പാടശേഖരത്തിന്റെ സമഗ്ര കാർഷിക വികസന പ്രവർത്തനങ്ങൾ ഏതുഘട്ടത്തിലാണ് എന്നും ഏതെല്ലാം പ്രവൃത്തികളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത് എന്നും വ്യക്തമാക്കാമോ?

കർഷകർക്കായി പ്രത്യേക ക്ഷേമബോർഡ്

4222. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്കായി മുഖേന നടപ്പാക്കുന്ന ക്ഷേമ പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) കർഷകർക്കും അവരുടെ കുടുംബാംഗങ്ങൾക്കും പ്രത്യേക ക്ഷേമപെൻഷനുകളോ, വിദ്യാഭ്യാസ

മേഖലയിൽ സംവരണമോ ആനുകൂല്യമോ, ആരോഗ്യ പരിരക്ഷാ പദ്ധതികളോ നടപ്പാക്കുന്നുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) കർഷകർക്കായി പ്രത്യേക ക്ഷേമബോർഡ് രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ക്ഷേമബോർഡ് രൂപീകരിച്ച് വിവിധ ക്ഷേമപരിപാടികൾ ആവിഷ്കരിക്കാൻ തയ്യാറാകുമോ?

## തരിശിട്ടിട്ടുള്ള പാടശേഖരം കൃഷിചെയ്യാൻ നടപടി

4223. **ശ്രീ.സി.മമ്മൂട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരിശുകിടന്ന പാടശേഖരം, പാടശേഖര സമിതിയുടെ നേതൃത്വത്തിൽ കൃഷി ചെയ്ത് മാതൃക കാട്ടിയിട്ടും കൃഷി വകുപ്പ്, വാഗ്ദാനം ചെയ്ത സഹായം നൽകിയില്ല എന്നുള്ള പരാതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അതേക്കുറിച്ച് അന്വേഷിച്ച് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) തലസ്ഥാന ജില്ലയിൽ കഴിഞ്ഞ വർഷം നെൽകൃഷിയും വിളവെടുപ്പുത്സവവും നടത്തിയ പാടശേഖരത്തിൽ ഈ വർഷം കൃഷി നടത്താതെ തരിശിട്ടിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത പാടശേഖരം തരിശിടുന്നതിനുണ്ടായ കാരണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇക്കാര്യം അടിയന്തരമായി പരിശോധിച്ച് കൃഷിക്കാരുടെ കൂട്ടായ്മയിൽ പാടശേഖരം ഒന്നായി കൃഷി ചെയ്യാനും തരിശിടുന്ന ഭൂമി പിടിച്ചെടുത്ത് കൃഷി ചെയ്യാൻ കൂട്ടായ്മയെ ഏല്പിക്കാനും നടപടി സ്വീകരിക്കുമോ?

## കാർഷികമേഖലയുടെ പുനരുജ്ജീവനത്തിനായി സ്പെഷൽ പാക്കേജുകൾ

4224. **ശ്രീ.എം. ഹംസ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികമേഖലയുടെ പുനരുജ്ജീവനത്തിനായി ഈ സർക്കാർ എന്തെല്ലാം സ്പെഷൽ പാക്കേജുകളാണ് നടപ്പിലാക്കിയത്; അതിനായി എത്ര തുക നീക്കിവച്ചിരുന്നു; അതിൽ എത്ര ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്തെ കർഷകർക്ക് ആവശ്യമായ സാങ്കേതികസഹായങ്ങൾ ഏതെല്ലാം വിധത്തിലാണ് കൃഷിവകുപ്പ് ലഭ്യമാക്കുന്നതെന്ന് വിശദമാക്കാമോ;

(സി) സംസ്ഥാനത്തെ വിവിധ കൊമേഴ്സ്യൽ ബാങ്കുകളിൽ നിന്നും ക്രോപ് ലോൺ എടുത്ത കർഷകർ വിളനാശം കാരണം ലോൺ തിരിച്ചടക്കുവാൻ കഴിയാതെ വിഷമിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത്തരക്കാരെ സഹായിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർമാരുടെ നിയമനം

4225. **ശ്രീ.ഇ.കെ.വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കൃഷി വകുപ്പിൽ അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർമാരുടെ ആകെ തസ്തികകളുടെ എണ്ണം എത്രയാണ്; പ്രസ്തുത തസ്തികകളിൽ എല്ലാം ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ;ഇല്ലായെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ അവസാനമായി ലിസ്റ്റ് തയ്യാറാക്കിയത് എന്നാണെന്ന് അറിയിക്കുമോ; പ്രസ്തുത ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) എ.എഫ്.ഒ തസ്തികയിൽ ജോലിനോക്കുന്ന ജീവനക്കാരിൽ 20% പേർക്ക് ഹയർഗ്രേഡ് നൽകുന്ന നടപടി ഇപ്പോഴും നിലവിലുണ്ടോ; വിശദാംശം അറിയിക്കുമോ; ഈ വിഭാഗം ജീവനക്കാർക്ക് അർഹമായ ആനുകൂല്യം ലഭ്യമാക്കുന്നതിൽ കുറ്റകരമായ വീഴ്ച വരുത്തുന്നുവെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ ആയതിന്റെ കാരണം എന്താണെന്നും എന്നത്തേക്ക് ഹയർ ഗ്രേഡ് നൽകുന്ന നടപടി പൂർത്തീകരിച്ച് ഉത്തരവ് നൽകുവാൻ കഴിയുമെന്നും അറിയിക്കുമോ;

(ഡി) പ്രസ്തുത വിഭാഗം ജീവനക്കാർക്ക് അവസാനമായി ഹയർ ഗ്രേഡ് നൽകി ഉത്തരവ് ഇറക്കിയത് എന്നാണ് ; പ്രസ്തുത നടപടിയുടെ പകർപ്പ് ലഭ്യമാക്കുമോ?

## ദിവസവാടകനിരക്കിൽ കാർഷിക യന്ത്രങ്ങൾ

4226. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക യന്ത്രങ്ങൾ ദിവസവാടക നിരക്കിൽ കർഷകർക്ക് ലഭ്യമാകുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കാസർഗോഡ് ജില്ലയിൽ എവിടെയൊക്കെയാണ് അവ ലഭിക്കുന്നതെന്നും ഏതൊക്കെ യന്ത്രങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

## ഹോർട്ടികോർപ്പിന്റെ വിറ്റ് വരവ്

4227. **ശ്രീ.സി.ദിവാകരൻ :** താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 -ൽ ഹോർട്ടികോർപ്പിന്റെ വിറ്റ് വരവ് എത്രയാണ് ; സബ്സിഡിയിനത്തിൽ എത്ര തുക ചെലവഴിച്ചു; പൊതുവിപണിയെക്കാൾ കുറഞ്ഞ വിലയ്ക്ക് ഉൽപ്പന്നങ്ങൾ വിൽക്കാൻ ഹോർട്ടികോർപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്?

## മണ്ണ്, ജല സംരക്ഷണ പ്രവർത്തനങ്ങൾ

4228. **ശ്രീ.വി.പി.സജീന്ദ്രൻ**

**,, ഐ.സി.ബാലകൃഷ്ണൻ**

**,, എ.റ്റി.ജോർജ്**

**,, ഹൈബി ഈഡൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിൽ നബാർഡ് സഹായത്തോടെ മണ്ണ്, ജലസംരക്ഷണ പ്രവർത്തനങ്ങൾക്കായുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത്;

(ഡി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>പോളിഹൗസ് കൃഷിരീതിയിലും കീടനാശിനികളുടെ പ്രയോഗം</u>

4229. ശ്രീ.എൻ. ഷംസുദ്ദീൻ

,, കെ.മുഹമ്മദുണ്ണി ഹാജി

,, പി.ബി. അബ്ദുൾ റസാക്

,, പി.കെ.ബഷീർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ പേരുമാറ്റം നടത്തിയ കീടനാശിനികൾ വ്യാപകമാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിനെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ ;വിശദമാക്കാമോ ;

(ബി) പോളിഹൗസ് കൃഷിരീതിയിലും കീടനീശിനികൾ ഉപയോഗിക്കുന്നത് ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) വിഷരഹിത ജൈവ ഉല്പന്നങ്ങളുടെ ഉല്പാദനവും വിപണനവും ഉറപ്പുവരുത്തുന്നതിന് സർട്ടിഫിക്കേഷൻ സംവിധാനം നിലവിലുണ്ടോ ; ഇല്ലെങ്കിൽ അക്കാര്യം പരിഗണിക്കുമോ ?

<u>സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷനിലെ ജീവനക്കാർ</u>

4230. ശ്രീ.മുല്ലക്കര രത്നാകരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷനിൽ നിലവിൽ എത്ര സ്ഥിരം ജീവനക്കാരുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) താല്ക്കാലിക ജീവനക്കാർ എത്ര പേരുണ്ട് എന്ന് വ്യക്തമാക്കാമോ ;

(സി) നിലവിലുള്ള ജീവനക്കാരെ പിരിച്ചുവിടുന്നതിനുള്ള എന്തെങ്കിലും സാഹചര്യം നിലവിലുണ്ടോയെന്നു വെളിപ്പെടുത്തുമോ ?

<u>കൃഷി അവബോധ പഠന ക്ലാസ്സുകൾ</u>

4231. ശ്രീ.ബാബു എം. പാലിശ്ശേരി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവതീയുവാക്കൾക്ക് നവീന കൃഷിരീതിയെക്കുറിച്ച് ശാസ്ത്രീയ അവബോധം നൽകി കൃഷിയിലേക്ക് ആകർഷിക്കുന്നതിന് കാർഷിക സർവ്വകലാശാല ഏതെങ്കിലും പദ്ധതികൾ

ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ;

(ബി) ഇതിനായി കാർഷിക സർവ്വകലാശാലയിലെ വിദഗ്ദ്ധരുടെ നേതൃത്വത്തിൽ കോളേജുകൾ, വായനശാലകൾ എന്നിവ കേന്ദ്രീകരിച്ച് കൃഷി അവബോധ പഠന ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

## പൂൾഡ് ഫണ്ടിന്റെ വിനിയോഗം

T 4232. ശ്രീ.വി.ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14 ലെ പൂൾഡ് ഫണ്ടിൽ നിന്നും പശുവിനെ നൽകുന്നതിന് എത്ര കോടി രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ ജില്ലകളിലും എത്ര രൂപ വീതം ചെലവഴിച്ചുവെന്നും എത്ര പശുക്കളെ വീതം നൽകിയെന്നും വ്യക്തമാക്കാമോ?

## താറാവ് കർഷകർക്ക് നഷ്ടപരിഹാരം

4233. ശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താറാവുരോഗവുമായി ബന്ധപ്പെട്ട് താറാവുകൾ നഷ്ടപ്പെട്ട കർഷകർക്ക് നഷ്ടപരിഹാരമായി എത്ര തുക വിതരണം ചെയ്തു എന്ന് വ്യക്തമാക്കാമോ ; എത്ര കർഷകർക്ക് ഇതിന്റെ ആനുകൂല്യം ലഭിച്ചുവെന്നു വ്യക്തമാക്കാമോ ; രോഗം ബാധിച്ച് എത്ര താറാവുകൾ നഷ്ടപ്പെട്ടു എന്ന് കണക്കാക്കിയിട്ടുണ്ടോ ?

## കെപ്കോ ചിക്കൻ

4234. ശ്രീ.വി.ശിവൻകുട്ടി

,, എ.എം. ആരിഫ്

,, എസ്.രാജേന്ദ്രൻ

,, ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൗൾട്രി ഡെവലപ്പമെന്റ് കോർപ്പറേഷൻ ചിക്കൻ വില കുത്തനെ കൂട്ടാനുണ്ടായ കാരണം എന്താണ് ;

(ബി) പൊതുവിപണിയിലെ ചിക്കന്റെ വിലയും കെപ്കോ ചിക്കന്റെ വിലയും തമ്മിലുള്ള അന്തരം വ്യക്തമാക്കാമോ ;

(സി) കെപ്കോ ചിക്കന്റെ വിലക്കയറ്റം സ്വകാര്യ കച്ചവടക്കാരെ സഹായിക്കാനാണ് എന്ന ആക്ഷേപം സംബന്ധിച്ച് വിശദമാക്കാമോ ;

(ഡി) വിലക്കയറ്റം കെപ്കോയുടെ പ്രവർത്തനത്തെ എത്രത്തോളം ബാധിക്കുമെന്ന് അറിയിക്കാമോ ?

ഗോസുരക്ഷാ ഇൻഷ്വറൻസ് പദ്ധതി.

4235. ശ്രീ.കെ.ശിവദാസൻ നായർ
,, എം.പി.വിൻസെൻറ്
,, ലൂഡി ലൂയിസ്
,, അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഗോസുരക്ഷാ ഇൻഷ്വറൻസ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത്;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

കന്നുകാലികളെ ഇൻഷ്വർ ചെയ്യുന്നതിനുള്ള പദ്ധതി

4236. ശ്രീ.എം.എ. വാഹീദ്
,, ബെന്നി ബെഹനാൻ
,, ജോസഫ് വാഴയ്ക്കൻ
,, സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ കന്നുകാലികളെയും ഇൻഷ്വർ ചെയ്യുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ ;

(സി) ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത്;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

തീറ്റപ്പുല്ല് ക്ഷാമം

4237. ശ്രീ.കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീര കർഷകർക്ക് തീറ്റപ്പുല്ല് ക്ഷാമം മൂലം പലപ്പോഴും ബുദ്ധിമുട്ട് അനുഭവിക്കേണ്ടിവരുന്നുണ്ടെന്നും ഇത് കർഷകരെ ഈ മേഖലയിൽ നിന്നും പിന്തിരിയാൻ പ്രേരിപ്പിക്കുന്നുണ്ടെന്നുമുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കർഷകർക്ക് തീറ്റപ്പുല്ല് നൽകുന്നതിനും തീറ്റപ്പുൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ വിശദമാക്കാമോ ;

(സി) കർഷകർക്ക് വർഷം മുഴുവൻ തീറ്റപ്പുൽ എത്തിക്കുന്ന തരത്തിലുള്ള പദ്ധതികൾ ക്ഷീര സഹകരണ സംഘങ്ങൾ വഴി നടപ്പിലാക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; വിശദാംശം നല്കാമോ?

ഇറച്ചിക്കോഴികൾക്കും മറ്റും നൽകുന്ന ആന്റി ബയോട്ടിക്കുകൾ

4238. ശ്രീ.കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറച്ചിക്കോഴികൾക്ക് ജൈവ ആന്റി ബയോട്ടിക് ഉപയോഗിക്കുന്നതിന്റെ ഫലപ്രാപ്തി സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; ഇത്തരത്തിലുള്ള ആന്റി ബയോട്ടിക്കുകളുടെ ഉപയോഗം സർക്കാർ പ്രോത്സാഹിപ്പിക്കുന്നുണ്ടോ ;

(ബി) ഇത്തരത്തിലുള്ള ജൈവ ആന്റി ബയോട്ടിക്കുകൾ എന്ന പേരിൽ ഇറച്ചിക്കോഴികൾക്കും മറ്റും നൽകുന്ന ആന്റിബയോട്ടിക്കുകളെ സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പരിശോധനകൾ നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇവയുടെ ഗുണനിലവാരം സംബന്ധിച്ചും ഫലപ്രാപ്തി സംബന്ധിച്ചും ആവശ്യമായ പരിശോധനകളും പഠനങ്ങളും നടത്താൻ തയ്യാറാകുമോ ;

(സി) ഇറച്ചിക്കോഴികൾക്ക് നൽകിവരുന്ന മറ്റ് ആന്റി ബയോട്ടിക്കുകൾ ഇറച്ചി കഴിക്കുന്ന മനുഷ്യരുടെ പ്രതിരോധ ശക്തിയെ ദോഷകരമായി ബാധിക്കുന്നുണ്ടെന്നത് സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പഠനങ്ങൾ നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകാമോ ; ഇല്ലായെങ്കിൽ ഇത്തരത്തിലുള്ള പഠനം നടത്തുന്നതിന് തയ്യാറാകുമോ?

ചേലക്കര മണ്ഡലത്തിൽ വെറ്ററിനറി കോളേജ്

4239. ശ്രീ.കെ.രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിൽ കൃഷിവകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്ത് ഒരു വെറ്ററിനറി കോളേജ് സ്ഥാപിക്കുന്ന കാര്യം ഉറപ്പ് നൽകിയിരുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ നടപടികൾ ഏതുവരെയായി എന്ന് വെളിപ്പെടുത്തുമോ;

(സി) ഈ അധ്യയനവർഷത്തിൽതന്നെ പ്രവർത്തനം ആരംഭിക്കുന്ന തരത്തിൽ കോളേജ് അനുവദിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

പാഠപുസ്തക അച്ചടി

4240. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് വർഷത്തെ പാഠപുസ്തക അച്ചടി വൈകുന്നത് അച്ചടി വകുപ്പിന്റെ വീഴ്ച കൊണ്ടാണോ ; ഇക്കാര്യത്തിൽ വകുപ്പിന്റെ വിശദീകരണം എന്താണ് ;

(ബി) ഈ വർഷത്തെ ഓണത്തിനു മുൻപെയെങ്കിലും പാഠപുസ്തകങ്ങളുടെ അച്ചടി പൂർത്തീകരിക്കാൻ കഴിയുമോ?

പാഠപുസ്തക അച്ചടി

4241. ശ്രീ.കെ.അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അച്ചടി വകുപ്പിനു കീഴിൽ എവിടെയൊക്കെ ഏതൊക്കെ സ്ഥാപനങ്ങളിലാണ് പാഠപുസ്തക അച്ചടി നടത്തുന്നതെന്നും ഇത് എന്നുമുതൽ ആരംഭിച്ചുവെന്നും വ്യക്തമാക്കുമോ;

(ബി) സർക്കാർ പ്രസ്സുകളിൽ പാഠപുസ്തകം അച്ചടിക്കുമ്പോൾ ഒരു പുസ്തകത്തിന് ശരാശരി എന്തു ചെലവു വരുമെന്നാണ് കണക്കാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പാഠപുസ്തക അച്ചടിയ്ക്കുള്ള പേപ്പറുകൾ വാങ്ങുവാനുള്ള പർച്ചേസ് ഓർഡറിന് എന്നാണ് അനുമതി ലഭിച്ചതെന്ന് വ്യക്തമാക്കുമോ?

പാഠപുസ്തക അച്ചടിയും ഗവൺമെന്റ് പ്രസ്സുകളും

4242. ശ്രീ.എ.കെ.ബാലൻ

,, റ്റി.വി.രാജേഷ്

,, ആർ. രാജേഷ്

,, എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പ് ആവശ്യപ്പെട്ട അത്രയും പാഠപുസ്തകങ്ങൾ സമയബന്ധിതമായി അച്ചടി പൂർത്തിയാക്കാൻ ഗവൺമെന്റ് പ്രസ്സുകൾക്ക് കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ബി) എത്ര ദിവസങ്ങൾക്ക് മുൻപ് വിദ്യാഭ്യാസ വകുപ്പിൽ നിന്ന് ഓർഡർ നൽകിയിരുന്നെങ്കിൽ, കൃത്യസമയത്തു തന്നെ പാഠപുസ്തകങ്ങൾ പ്രിന്റ് ചെയ്തു നൽകാൻ കഴിയുമായിരുന്നു ?

**2015-2016** അദ്ധ്യയന വർഷത്തെ പാഠപുസ്തക അച്ചടി

4243. ശ്രീ.ഇ.പി.ജയരാജൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 2015-2016 അദ്ധ്യയന വർഷം വിതരണം ചെയ്യുന്നതിനുള്ള പുസ്തകങ്ങൾ അച്ചടിക്കുന്നതിനുള്ള ഓർഡറുകൾ ലഭിച്ചവയിൽ അച്ചടിവകുപ്പ് എത്ര പുസ്തകങ്ങൾ അച്ചടിച്ച് ജില്ലാതല ബുക്ക് ഡിപ്പോകളിൽ എത്തിക്കുകയുണ്ടായിയെന്നു വ്യക്തമാക്കുമോ ?

പരേതയായ എ.എസ്. തങ്കമണിയുടെ അനന്തരാവകാശികൾക്ക് ലഭിക്കേണ്ട സർവ്വീസ് ആനുകൂല്യങ്ങൾ

4244. ശ്രീ.പി.സി വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ വെൺമണി പഞ്ചായത്തിലെ 155 ാം നമ്പർ അംഗൻവാടി ജീവനക്കാരിയായിരുന്ന പരേതയായ എ.എസ്. തങ്കമണിയുടെ അനന്തരാവകാശികൾക്ക് ലഭിക്കേണ്ട സർവ്വീസ് ആനുകൂല്യങ്ങൾ മനഃപൂർവ്വം നിഷേധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അനന്തരാവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കിയതിന് ശേഷവും തടസവാദങ്ങൾ ഉന്നയിക്കുന്നത് എന്തുകൊണ്ട് എന്ന് വിശദമാക്കുമോ;

(സി) എത്രയും വേഗം ആനുകൂല്യങ്ങൾ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

## ജനസാന്ദ്രത കൂടിയ പഞ്ചായത്ത്

4245. ശ്രീ.പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഏറ്റവും ജനസാന്ദ്രത കൂടിയ പഞ്ചായത്ത് ഏതാണ്: ഇവിടുത്തെ ആകെ ജനസംഖ്യ എത്ര; പുരുഷന്മാർ എത്ര; സ്ത്രീകൾ എത്ര എന്ന് വ്യക്തമാക്കാമോ :

(ബി) ഏറ്റവും ജനസാന്ദ്രത കുറഞ്ഞ പഞ്ചായത്ത് ഏതാണ്; ഇവിടെ സ്ത്രീകൾ എത്ര; പുരുഷന്മാർ എത്ര;

(സി) ഏറ്റവും വരുമാനം കുറഞ്ഞ പഞ്ചായത്ത് ഏതാണ്;

(ഡി) ഏറ്റവും വരുമാനം കൂടിയ പഞ്ചായത്ത് ഏതാണ് എന്ന് അറിയിക്കാമോ?

## കാസർകോട് ജില്ലയിൽ തെരുവുനായ ശല്യം

4246. ശ്രീ.ഇ.ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിൽ തെരുവുനായ ശല്യം വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ തെരുവുനായ്ക്കളെ വന്ധ്യംകരണ ശസ്ത്രക്രിയയ്ക്ക് വിധേയമാക്കുന്ന നടപടികൾ ജില്ലയിൽ ഏതു വരെയായി എന്ന് വിശദമാക്കാമോ ;

(സി) ജില്ലയിൽ പേപ്പട്ടികളുടെ എണ്ണം കൂടി വരുന്നതും അവയുടെ കടിയേറ്റ് നിരവധിപേർ ആശുപത്രിലായതുമായ മാധ്യമവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

## ഇ.എം.എസ്. ഭവന പദ്ധതി

4247. ശ്രീ.സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം പ്രവൃത്തി പൂർത്തിയാക്കിയ മുഴുവൻ ഉപഭോക്താക്കൾക്കും തുക കൊടുത്തു തീർത്തിട്ടുണ്ടോ;

(ബി) തറ വിസ്തീർണ്ണം കൂടുതലായതിന്റെ പേരിൽ എത്രപേർക്ക് തുക തടഞ്ഞ് വെച്ചിട്ടുണ്ടെന്ന് പറയാമോ;

(സി) മുഴുവൻ പേർക്കും പുതിയ മാനദണ്ഡ പ്രകാരമുള്ള തുക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

എസ് സി പി / ടി എസ് പി ഫണ്ട് വിനിയോഗം

4248. ശ്രീ.എ.കെ.ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ ജില്ലാ പഞ്ചായത്തുകൾക്കും കഴിഞ്ഞ നാലു വർഷങ്ങളിൽ പദ്ധതി വിഹിതമായി അനുവദിച്ച എസ് സി പി ,ടി എസ് പി ഫണ്ടുകളുടെ തുക എത്ര വീതമായിരുന്നു; ഇതിൽ എത്ര രൂപ ഓരോ സാമ്പത്തിക വർഷവും ചെലവഴിച്ചു; ചെലവഴിച്ച ശതമാനം എത്രയായിരുന്നു; ജില്ലാ പഞ്ചായത്തും, വർഷങ്ങളും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്തെ ബ്ലോക്ക് പഞ്ചായത്തുകൾക്ക് കഴിഞ്ഞ നാലു വർഷങ്ങളിൽ പദ്ധതി വിഹിതമായി അനുവദിച്ച എസ് സി പി, ടി എസ് പി ഫണ്ടുകളുടെ തുക എത്ര വീതമായിരുന്നു; ഇതിൽ എത്ര രൂപ ഓരോ ഓരോ സാമ്പത്തിക വർഷവും ചെലവഴിച്ചു; ചെലവഴിച്ച ശതമാനം എത്രയായിരുന്നു; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾക്ക് കഴിഞ്ഞ നാല് വർഷങ്ങളിൽ പദ്ധതി വിഹിതമായി അനുവദിച്ച എസ് സി പി ,ടി എസ് പി ഫണ്ടുകളുടെ തുക എത്ര വീതമായിരുന്നു; ഇതിൽ എത്ര തുക ഓരോ സാമ്പത്തിക വർഷവും ചെലവഴിച്ചു; ചെലവഴിച്ച ശതമാനം എത്രയായിരുന്നു; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ?

രാജീവ് ഗാന്ധി പഞ്ചായത്ത് സ്വശാക്തീകരൺ പദ്ധതി

4249. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജീവ് ഗാന്ധി പഞ്ചായത്ത് സ്വശാക്തീകരൺ പദ്ധതി (ആർ.ജി.പി.എസ്.എ.) പ്രകാരം സംസ്ഥാനത്ത് എത്ര പഞ്ചായത്തുകൾക്ക് ധനസഹായം ലഭ്യമായിട്ടുണ്ട് ; ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(ബി) പദ്ധതി പ്രകാരം ഓരോ പഞ്ചായത്തുകൾക്കും എത്ര തുക ലഭ്യമായിട്ടുണ്ട് ;

(സി) യഥാസമയം അപേക്ഷ സമർപ്പിക്കാത്തതിനാൽ ധനസഹായം ലഭിക്കാത്ത എത്ര പഞ്ചായത്തുകളുണ്ടെന്ന് വിശദമാക്കാമോ ?

വൈക്കം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ വരുമാനങ്ങളും വിനിയോഗങ്ങളും

4250. ശ്രീ.കെ.അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട ഓരോ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെയും തനത് ഫണ്ട്, സംസ്ഥാന സർക്കാർ സഹായം, കേന്ദ്ര സർക്കാർ സഹായം, വായ്പകളോ ഗ്രാന്റുകളോ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ എന്നിവ ഉൾപ്പെടെ കഴിഞ്ഞ മൂന്ന് വർഷത്തെ വരുമാനങ്ങളുടെയും വിനിയോഗങ്ങളുടെയും വിശദവിവരങ്ങൾ വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ മൂന്ന് വർഷക്കാലയളവുകളിൽ പ്രസ്തുത സ്ഥാപനങ്ങൾ തങ്ങളുടെ തനതു ഫണ്ടുകൾ വർദ്ധിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ഇതുവഴി ഓരോ വർഷവും ഉണ്ടായ വർദ്ധനവ് എത്രവീതമെന്നും വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ പ്രസ്തുതസ്ഥാപനങ്ങൾ ഏതൊക്കെ മേഖലകളിലാണ് നികുതി വർദ്ധന നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ പ്രസ്തുത സ്ഥാപനങ്ങളിൽ ഏതിനെയെങ്കിലും കേന്ദ്ര സംസ്ഥാന സർക്കാരുകളുടേതായി പ്രഖ്യാപിക്കപ്പെട്ട ഏതെങ്കിലും പദ്ധതികൾ പ്രാദേശികമായി നടപ്പിലാക്കുവാൻ അനുയോജ്യമല്ലാത്തതായി കണ്ടെത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

<u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ചെലവ്</u>

4251. ഡോ.ടി.എം.തോമസ് ഐസക്
ശ്രീ.സി.കൃഷ്ണൻ
,, കെ. ദാസൻ
,, ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ചെലവിൽ ഉല്പാദന മേഖലയ്ക്ക് വരുത്തുന്ന ചെലവ് തുലോം കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് സർക്കാരിന്റെ അഭിപ്രായം അറിയിക്കാമോ;

(സി) ഈ നിലയ്ക്ക് മാറ്റം വരാൻ ഉതകുന്ന തരത്തിലുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ;

(ഡി) ഉല്പാദന മേഖലയിലെ പദ്ധതിച്ചെലവിൽ വന്നിട്ടുള്ള കുറവ് ഗ്രാമങ്ങളുടെ സ്വയംപര്യാപ്തത എന്ന ലക്ഷ്യത്തിന് എത്രത്തോളം വിഘ്നം നില്ക്കുന്നുവെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>തെരുവു നായ്ക്കളുടെ ശല്യം നിയന്ത്രിക്കുന്നതിനു നടപടി</u>

4252. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവുനായ്ക്കളെ കൊല്ലുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു നിയമതടസ്സമില്ലെന്ന് ഏതെങ്കിലും കോടതി വിധികൾ ഉണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ, അതിന്റെ പശ്ചാത്തലത്തിൽ, ഇതിനായി എന്തെങ്കിലും പുതിയ ഉത്തരവുകൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി

4253. ശ്രീ.റ്റി.യു. കുരുവിള
,, മോൻസ് ജോസഫ്
,, സി.എഫ്.തോമസ്
,, തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും അഴിമതി രഹിതമായി അർഹരായവർക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നതിനും സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ?

ത്രിതല പഞ്ചായത്തുകളിലെ മുൻജനപ്രതിനിധികൾക്ക് പെൻഷൻ .

4254. ശ്രീ.ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകളിലെ മുൻജനപ്രതിനിധികൾക്ക് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് ഭരണതലത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രതിമാസ പെൻഷൻ തുക എത്രയെന്ന് നിജപ്പെടുത്തിയിട്ടുണ്ടോ; നടപ്പു സാമ്പത്തികവർഷം പെൻഷൻ ലഭ്യമാക്കുമോ; മുൻകാല പ്രാബല്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(സി) 2014 ഏപ്രിൽ മുതൽ 2015 മാർച്ച് വരെയുള്ള കാലയളവിലേക്കായി പെൻഷൻ നൽകാൻ ബഡ്ജറ്റിൽ നീക്കിവെച്ച തുക എത്രയെന്ന് അറിയിക്കാമോ; ചെലവായതിന്റെ കണക്ക് ലഭ്യമാക്കാമോ;

(ഡി) മുൻഅംഗങ്ങൾക്ക് അവരുടെ അംഗത്വ കാലാവധിയുടെ തോതനുസരിച്ച് പെൻഷൻ നൽകാൻ നടപടി സ്വീകരിക്കുമോ?

കൊല്ലം ജില്ലാ പഞ്ചായത്ത് ഫണ്ട് വിനിയോഗം

4255. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലാ പഞ്ചായത്ത് ഫണ്ട്, കൊട്ടാരക്കര നിയമസഭാ മണ്ഡലം ഉൾപ്പെടുന്ന എട്ട് പഞ്ചായത്തുകളിൽ 2012-13, 2013-14, 2014-15 വർഷങ്ങളിൽ ഏതെല്ലാം പ്രവൃത്തികൾ നടപ്പിലാക്കാൻ അനുവദിച്ചിരുന്നുവെന്നു വർഷം തിരിച്ച് വിശദമാക്കുമോ ;

(ബി) പ്രസ്തുത ഫണ്ട് വിനിയോഗിച്ച് ആരംഭിച്ച ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി വിശദമാക്കുമോ ?

## കിലയുടെ റീജിയണൽ സെന്റർ

4256. **ശ്രീ.മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ ഞീഴൂർ പഞ്ചായത്തിൽ കിലയുടെ റീജിയണൽ സെന്റർ സ്ഥാപിക്കുന്നതു സംബന്ധിച്ച് ഞീഴൂർ പഞ്ചായത്തുവക 5 ഏക്കർ ഭൂമി കൈമാറുന്നതിന് പഞ്ചായത്തു കമ്മിറ്റി എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് ഇതുവരെ കൈക്കൊണ്ട നടപടികൾ വ്യക്തമാക്കാമോ ;

(ബി) ഭൂമി കൈമാറ്റം സംബന്ധിച്ച ഫയലിൽ തീരുമാനമെടുക്കുന്നതിനുള്ള കാലതാമസം വ്യക്തമാക്കാമോ ; ഈ ഫയലിൽ തീരുമാനമെടുത്ത് കിലയ്ക്ക് ഭൂമി കൈമാറുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ; ഈ ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ ?

## തുറവൂർ ഓഡിറ്റോറിയം തുറന്നു കൊടുക്കാൻ നടപടി

4257. **ശ്രീ.ജോസ് തെറ്റയിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ തുറവൂർ പഞ്ചായത്തിൽ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച ഓഡിറ്റോറിയം ജനങ്ങൾക്കായി തുറന്നു കൊടുക്കാത്തതിന്റെ കാരണം വിശദമാക്കാമോ ;

(ബി) ഇത് എന്നത്തേക്ക് തുറന്നുകൊടുക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

## കുറ്റൂർ ശ്രീ. വി.ജി. ശ്രീകുമാറിന്റെ അപേക്ഷയിൻമേൽ സ്വീകരിച്ച നടപടി

4258. **ശ്രീ.വി.പി.സജീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റൂർ പഞ്ചായത്തിൽ 3ാം വർഡിൽ കുറ്റൂർ വില്ലേജിൽ വള്ളംകുളം റോഡിൽ അലത്തോട്ട് കവലയ്ക്ക് സമീപം സർവ്വേ നം. 18/4 ൽ ശ്രീ.വി.ജി. ശ്രീകുമാർ നിർമ്മിച്ച പൂർത്തിയാക്കിയ വീടിന് നമ്പർ കൊടുക്കുന്നതിനുള്ള അപേക്ഷ നിരസിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) പ്രസ്തുത വീടിന് ബിൽഡിംഗ് പെർമിറ്റ് നൽകിയിട്ടുണ്ടോ ;

(സി) ബിൽഡിംഗ് പെർമിറ്റ് നൽകുകയും ബിൽഡിംഗ് പെർമിറ്റിന് വിരുദ്ധമായി നിർമ്മാണം നടത്തിയാൽ പൊളിച്ച് കളയാമെന്ന് ഉടമസ്ഥൻ അണ്ടർടേക്കിംഗ് നൽകിയതിന്റെ അടിസ്ഥാനത്തിൽ വീട് നമ്പർ കൊടുക്കാതിരിക്കുന്നതിന്റെയും കാരണം വ്യക്തമാക്കുമോ ;

(ഡി) ശ്രീ. വി.ജി.ശ്രീകുമാറിന്റെ പിതാവ് ശ്രീ. വി.കെ. ഗോപാലൻ പിള്ള പ്രസ്തുത കാര്യം സംബന്ധിച്ച് 16.11.2014ൽ സർക്കാരിന് നൽകിയ അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ;

(ഇ) പ്രസ്തുത അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ?

<u>വൈപ്പിൻ മണ്ഡലം</u>

4259. **ശ്രീ.എസ്.ശർമ്മ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളെ വിഭജിക്കുന്നതിനും പുതുതായി രൂപം നൽകുന്നതിനും നിലവിലുള്ള മാനദണ്ഡം എന്തൊക്കെയെന്ന് വിശദമാക്കാമോ ;

(ബി) വൈപ്പിൻ മണ്ഡലത്തിലെ പള്ളിപ്പുറം, എളങ്കുന്നപ്പുഴ എന്നീ പഞ്ചായത്തുകൾ വിഭജിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കാമോ ;

(സി) പ്രസ്തുത പഞ്ചായത്തുകളുടെ വിഭജനം സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ ;വിശദമാക്കാമോ ;

(ഡി) പ്രസ്തുത പഞ്ചായത്തുകളുടെ വിഭജനം സംബന്ധിച്ച നിലപാട് വ്യക്തമാക്കാമോ ?

<u>വൈപ്പിൻ മണ്ഡലത്തിലെ പഞ്ചായത്ത് രൂപീകരണം</u>

4260. **ശ്രീ.എസ്.ശർമ്മ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ നിലവിലുള്ള ഏതെങ്കിലും ഗ്രാമപഞ്ചായത്തുകളെ വിഭജിക്കുന്നതിനും പുതുതായി പഞ്ചായത്ത് രൂപീകരിക്കുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) മണ്ഡലത്തിലെ പള്ളിപ്പുറം, എളങ്കുന്നപ്പുഴ എന്നീ ഗ്രാമപഞ്ചായത്തുകളുടെ വിസ്തൃതി, ജനസംഖ്യ എന്നിവ എത്രയെന്ന് വ്യക്തമാക്കാമോ?

<u>ബദിയടുക്ക പഞ്ചായത്തിൽ പാർട്ട് ടൈം പൗണ്ട് കീപ്പർ തസ്തിക നിയമനം</u>

4261. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ബദിയടുക്ക പഞ്ചായത്തിൽ പാർട്ട് ടൈം പൗണ്ട് കീപ്പർ തസ്തികയിൽ പട്ടികജാതി വിഭാഗക്കാരിയായ വിജയലക്ഷ്മിയെ നിയമിക്കണമെന്ന ഭരണസമിതിയുടെ തീരുമാനത്തിന്മേൽ പഞ്ചായത്ത് ഡയറക്ടർ എന്തെങ്കിലും തീരുമാനം സ്വീകരിച്ചിട്ടുണ്ടോ; (E9/21450/10)വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) പഞ്ചായത്തിന്റെ അധീനതയിലുള്ള ശിശുമന്ദിരത്തിലും ഗ്രാമപഞ്ചായത്ത് ഓഫീസിലും വർഷങ്ങളായി ജോലി ചെയ്തുവരുന്ന വിജയലക്ഷ്മിയെ പാർട്ട് ടൈം കണ്ടിജന്റ് തസ്തികയിൽ നിയമിക്കുന്നതിന് പഞ്ചായത്തിന് അനുമതി നൽകുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

## ഹെൽത്ത് ഇൻസ്പെക്ടർ നിയമനം

4262. ശ്രീ.പി.ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് തലത്തിൽ ഹെൽത്ത് ഉൻസ്പെക്ടർമാരുടെ അഭാവം മൂലം സമ്പൂർണ്ണ ശുചിത്വ ഫണ്ട് (Total Sanitation Fund) കൃത്യമായും ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിലും വിനിയോഗിക്കാൻ സാധിക്കുന്നില്ലെന്ന കാര്യം സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മലപ്പുറം ജില്ലയിൽ ഈ തസ്തിക നിലവിലുണ്ടായിരുന്ന അഞ്ച് പഞ്ചായത്തുകൾ നഗരസഭകളാക്കി ഉയർത്തിയ സാഹചര്യത്തിൽ നഗരസഭകളിലേതുപോലെ പഞ്ചായത്തുകളിലും ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കുമോ ;

(സി) മലപ്പുറം ജില്ലയിലെ ഹെൽത്ത് ഉൻസ്പെക്ടർമാരുടെ പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ എത്രപേരെ നിയമിച്ചു ; എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ?

## പഞ്ചായത്ത് രാജ് പുരസ്കാരം

4263. ശ്രീ.ബെന്നി ബെഹനാൻ

,, കെ.അച്ചുതൻ

,, വർക്കല കഹാർ

,, ടി.എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളം പഞ്ചായത്ത് രാജ് പുരസ്കാരത്തിന് അർഹത നേടിയിട്ടുണ്ടോ;

(ബി) രാജ്യത്തെ മികച്ച പഞ്ചായത്താവാനുള്ള പ്രകടനം കാഴ്ചവയ്ക്കാൻ എന്തെല്ലാം കാര്യങ്ങളാണ് സംസ്ഥാനം ചെയ്തിട്ടുള്ളത്;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനമാണ് നടപ്പാക്കിയതെന്ന് വിശദമാക്കാമോ;

(ഡി) എന്തെല്ലാം മാനദണ്ഡങ്ങൾ അനുസരിച്ചാണ് സംസ്ഥാനത്തിന് പ്രസ്തുത പുരസ്കാരം ലഭിച്ചിട്ടുള്ളതെന്നറിയിക്കുമോ?

## കുടുംബശ്രീ മുഖേന നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ

4264. ശ്രീ.കെ.രാധാകൃഷ്ണൻ

,, വി.ശിവൻകുട്ടി

ശ്രീമതി.പി. അയിഷാ പോറ്റി

ശ്രീ.ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ മുഖേന നടപ്പാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) ഇവ ഓരോന്നിന്റെയും നടത്തിപ്പ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് 2014-15 ൽ കേന്ദ്രത്തിൽ നിന്നും അനുവദിക്കപ്പെട്ട തുകയിൽ എത്ര തുക ചെലവഴിച്ചു ; കണക്ക് ലഭ്യമാക്കുമോ?

<u>പഞ്ചായത്ത് വകുപ്പ് ഡയറക്ടറേറ്റിൽ ഒഴിവുള്ള തസ്തികകൾ</u>

4265. **ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് വകുപ്പ് ഡയറക്ടറേറ്റിൽ നിലവിൽ എത്ര എൽ.ഡി. ക്ലാർക്ക്, എൽ.ജി.എസ്., എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിലാണ് ഒഴിവുകൾ ഉള്ളതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ഒഴിവുകൾ യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

<u>പഞ്ചായത്ത് ജീവനക്കാരുടെ ഒഴിവുകൾ നികത്താൻ നടപടികൾ</u>

4266. **ശ്രീ.കെ.രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പഞ്ചായത്തുകളിൽ സെക്രട്ടറിമാരുടെയും മറ്റ് വിവിധ തസ്തികകളിലെ ജീവനക്കാരുടെയും എത്ര ഒഴിവുകൾ വീതമുണ്ടെന്ന് ജില്ല തിരിച്ച് പറയാമോ ;

(ബി) ആവശ്യത്തിന് ജീവനക്കാരില്ലാത്തതു കാരണം പൊതുജനങ്ങൾക്ക് നിശ്ചിത സമയപരിധിക്കുള്ളിൽ സേവനങ്ങൾ ലഭ്യമാകാത്തതും ദൈനംദിന പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാകുന്നതുമായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ജീവനക്കാരുടെ ഒഴിവുകൾ നികത്താൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് പറയാമോ ?

<u>കാസർഗോഡ് മംഗൽപാടിയിൽ കെട്ടിട നിർമ്മാണ പെർമിറ്റുകൾ അനുവദിച്ചതിലെ ക്രമക്കേട്</u>

4267. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ മംഗൽപാടി ഗ്രാമപഞ്ചായത്തിൽ കെട്ടിട നിർമ്മാണ പെർമിറ്റുകൾ അനുവദിച്ചതിൽ ക്രമക്കേട് നടത്തിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; അന്വേഷണത്തിൽ ഏതൊക്കെ തരത്തിലുള്ള ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളത്;

(സി) പ്രസ്തുത ക്രമക്കേടുകൾ നടത്തുന്നതിൽ ബാഹ്യ ഇടപെടലുകൾ ഉണ്ടായിട്ടുള്ളതായി റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) പ്രസ്തുത ക്രമക്കേടുകൾ നടത്തുന്നതിൽ ബാഹ്യമായ ഇടപെടലുകൾ ആരാണ്

നടത്തിയതെന്ന് അന്വേഷിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

പഞ്ചായത്ത് സെക്രട്ടറിമാരുടെ നിയമനം

4268. ശ്രീ.ജി.സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് സെക്രട്ടറിമാരുടെ എത്ര ഒഴിവുകൾ ഉണ്ട്; ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ ;

(ബി) പഞ്ചായത്ത് സെക്രട്ടറി നിയമനത്തിന്റെ കാലതാമസത്തിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കാമോ ;

(സി) നിലവിൽ പഞ്ചായത്ത് സെക്രട്ടറിമാരുടെ ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ദേവികുളത്തെ ഭവന നിർമ്മാണപദ്ധതി

4269. ശ്രീ.എസ്.രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ദേവികുളം നിയോജക മണ്ഡലത്തിലെ എത്ര പഞ്ചായത്തുകളിൽ ഭവന നിർമ്മാണം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി ഏതൊക്കെ പഞ്ചായത്തുകളിൽ ആണ് നടപ്പാക്കിയതെന്ന് വ്യക്തമാക്കുമോ;ഇല്ലെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ വികസന പദ്ധതികൾ

4270. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തദ്ദേശ സ്വയം ഭരണ വകുപ്പ് എന്തെല്ലാം വികസന പദ്ധതികൾ കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കി എന്ന് പഞ്ചായത്ത് തിരിച്ചു വിശദമാക്കാമോ?

പ്രസന്നൻസ് ഇക്കോ ബയോ സിസ്റ്റംസ്

4271. ശ്രീ.എ.റ്റി.ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവമാലിന്യങ്ങൾ കുറഞ്ഞ ചെലവിൽ സംസ്കരിക്കുന്നതിന് തദ്ദേശമായി വികസിപ്പിച്ചെടുത്തിട്ടുള്ള പ്രസന്നൻസ് ഇക്കോ ബയോ സിസ്റ്റംസ് എന്ന സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള സംസ്കരണ പ്ലാന്റുകൾ ഉപകാരപ്രദമാണെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ, കൊച്ചിൻ സാങ്കേതിക യൂണിവേഴ്സിറ്റി മേധാവി, പി.ഡബ്ല്യു.ഡി ചീഫ് എഞ്ചിനീയർ (കെട്ടിട

വിഭാഗം) തുടങ്ങിയവർ ശിപാർശ ചെയ്തിട്ടുള്ള (LSGD, DC/10029) വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ശുചിത്വ മിഷൻ പ്രസ്തുത സാങ്കേതിക വിദ്യ നടപ്പിലാക്കാതിരിക്കുന്നതിനെതിരെ നടപടി സ്വീകരിക്കുമോ;

(സി) ശുചിത്വ മിഷൻ മുഖേന എത്ര ദ്രവ, ഖര മാലിന്യ പ്ലാന്റുകൾ വിജയകരമായി പ്രവർത്തിച്ചു വരുന്നു ; അവ ഏതെല്ലാം ;വിശദമാക്കുമോ?

## പാറഖനനത്തിന് ലൈസൻസ്

4272. ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ മൂക്കുന്നിമലയിൽ പാറഖനനത്തിന് എത്ര പേർക്ക് പഞ്ചായത്ത് ലൈസൻസ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ലൈസൻസ് നൽകിയ പാറമടകൾക്കെല്ലാം മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ അനുമതി ലഭിച്ചിരുന്നോ; അനുമതി ഇല്ലാത്തവ എത്ര; വ്യക്തമാക്കാമോ ;

(സി) മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് സ്റ്റോപ്പ് മെമ്മോ നൽകിയ പാറമടകൾക്ക് പഞ്ചായത്ത് പാറഖനനത്തിനുള്ള ലൈസൻസ് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ചട്ടവിരുദ്ധമായി ലൈസൻസ് നൽകിയ ഉദ്യോഗസ്ഥർ ആരെല്ലാമാണ് ; അവർക്കെതിരെ വകുപ്പ്തല നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ?

## കോഴിക്കോട് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ചെലവ്

4273. ശ്രീ.കെ. ദാസൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2014-15 വർഷത്തെ പ്ലാൻ എക്സ്പെൻഡിച്ചർ എത്രയെന്നും അതിന്റെ ശതമാനവും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ബി) മുൻ വർഷത്തേക്കാളും പഞ്ചായത്തുകളിൽ എത്ര ശതമാനമാണ് പദ്ധതി ചെലവിന് കുറവ് സംഭവിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) 2015 - 2016 വർഷത്തേക്കുള്ള പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ; പ്രസ്തുത ജില്ലയിൽ പദ്ധതിയാവിഷ്കരണത്തിനായുള്ള ജില്ലാതല യോഗം എത്ര തവണ ചേർന്നിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഡി) കൊയിലാണ്ടി മണ്ഡലത്തിലെ ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഏതെല്ലാം പദ്ധതികൾ അംഗീകരിച്ചു എന്നു വ്യക്തമാക്കാമോ?

## കുടുംബശ്രീയുടെ കണക്കുകൾ സൂക്ഷിക്കുന്ന അക്കൗണ്ടന്റുമാരുടെ സേവനം

4274. ശ്രീ.എ.കെ.ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയുടെ വരവ് ചെലവ് കണക്കുകൾ സൂക്ഷിക്കാൻ സംസ്ഥാനത്ത് നിലവിൽ എത്ര അക്കൗണ്ടന്റുമാർ നിലവിലുണ്ട്; ഇവരുടെ സേവനം അവസാനിപ്പിക്കാനോ ഇവരെ പിരിച്ചുവിടാനോ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) ഇവരെ ഒഴിവാക്കിയാൽ പകരം എന്ത് സംവിധാനമാണ് ഏർപ്പെടുത്താൻ പോകുന്നതെന്ന് വിശദമാക്കുമോ ;

(ഡി) ഈ പ്രവർത്തനങ്ങൾ സ്വകാര്യസ്ഥാപനങ്ങളെ ഏൽപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കുമോ?

വെള്ളിയാംപറമ്പ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ വർക്ക് ഷെഡ് നിർമ്മാണം .

4275. ശ്രീ.ഇ.പി.ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജകമണ്ഡലം എം,എൽ.എ. യുടെ ആസ്തി വികസനപദ്ധതിയിൽ ഉൾപ്പെടുത്തി കീഴല്ലൂർ ഗ്രാമപഞ്ചായത്തിലെ വെള്ളിയാംപറമ്പ് ഇന്റസ്ട്രിയൽ എസ്റ്റേറ്റിൽ വർക്ക് ഷെഡ് നിർമ്മാണത്തിനുള്ള ഭരണാനുമതി ലഭിച്ചത് എന്നാണ്;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

പഞ്ചായത്തുകളിലെ കെട്ടിട നികുതി

4276. ശ്രീ.എ.എ.അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിലെ വീട്ടുകരം എത്രയാണെന്ന് വിശദമാക്കുമോ ;

(ബി) ഇത് പരിഷ്ക്കരിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ ?

മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവയോട് കൂട്ടിച്ചേർക്കപ്പെട്ട പഞ്ചായത്ത ജീവനക്കാരുടെ സ്ഥലം മാറ്റം

T 4277. ശ്രീ.കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവയോട് കൂട്ടിച്ചേർക്കപ്പെട്ട പഞ്ചായത്തുകളിലെ ജീവനക്കാരെ മറ്റു പഞ്ചായത്തുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നതിന് സർക്കാർ പ്രത്യേകം ഉത്തരവ് നൽകിയിരുന്നെങ്കിലും ചിലയിടങ്ങളിൽ ഫുൽടൈം സ്വീപ്പർ, പാർട്ട് ടൈം സ്വീപ്പർ

തസ്തികകളിലെ ജീവനക്കാർക്ക് മറ്റ് പഞ്ചായത്തുകളിലേയ്ക്ക് സ്ഥലം മാറ്റം നൽകാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ സർക്കാരിന്റെ സ്പഷ്ടീകരണം ആവശ്യപ്പെട്ട പഞ്ചായത്ത് ഡയറക്ടറുടെ കത്തിൽ തീരുമാനം എടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഇത്തരം ജീവനക്കാർക്ക് സ്ഥലംമാറ്റം നൽകുന്നതിന് ഉത്തരവ് നൽകാമോ?

<u>പൊതുനിരത്തുകളിൽ നിക്ഷേപിക്കുന്ന കക്കൂസ് മാലിന്യം</u>

4278. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുനിരത്തുകളിൽ വ്യാപകമായ തോതിൽ കക്കൂസ് മാലിന്യം ടാങ്കർ ലോറികളിൽ കൊണ്ടുവന്ന് നിക്ഷേപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗുരുതരമായ ഈ പ്രശ്നം തടയുന്നതിനായി ഇത്തരം വാഹനങ്ങൾക്ക് പെർമിറ്റ് നൽകുന്നത് ഒഴിവാക്കുന്നതടക്കമുള്ള കർശന നടപടികൾ കൈക്കൊള്ളാൻ തയ്യാറാകുമോ;

(സി) ഗ്രാമപഞ്ചായത്തുകളുടെ പ്രധാന കേന്ദ്രങ്ങളിലടക്കം നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനും പഞ്ചായത്തുകൾ ഇതിനായി സമർപ്പിച്ചിട്ടുള്ള പദ്ധതികൾക്ക് അനുമതി നൽകുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ?

<u>വിദ്യാലയങ്ങൾക്കും ഹോസ്റ്റലുകൾക്കും സമീപം ലഹരിവസ്തുക്കൾ തടയാൻ നടപടി</u>

4279. ശ്രീ.ലൂഡി ലൂയിസ്

,, അൻവർ സാദത്ത്

,, ഷാഫി പറമ്പിൽ

,, ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങൾക്കും ഹോസ്റ്റലുകൾക്കും സമീപം പുകയില ഉല്പന്നങ്ങളും ലഹരിവസ്തുക്കളും വിൽക്കുന്നതും ഉപയോഗിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവയുടെ വില്പനയും ഉപയോഗവും തടയുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) ഇത്തരം നിർദ്ദേശങ്ങളും ഉത്തരവുകളും കർശനമായി പാലിക്കുന്നുണ്ടോ എന്ന് മോണിറ്റർ ചെയ്യാൻ എന്തൊക്കെ സംവിധാനങ്ങളാണ് വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>എൽ.എസ്.ജി.ഡി. സ്പെഷ്യൽ റൂൾസ് **2009**ലെ അമന്റ്മെന്റ് പ്രകാരം അസിസ്റ്റന്റ് എൻജിനീയർമാരുടെ പ്രമോഷൻ</u>

4280. ശ്രീ.കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.എസ്.ജി.ഡി. സ്പെഷ്യൽ റൂൾ 2009ലെ അമന്റ്മെന്റ് പ്രകാരം അസിസ്റ്റന്റ് എൻജിനീയർമാരുടെ പ്രമോഷൻ ഡയറക്ട് റിക്രൂട്ട്സിന്റെയും ഡിപ്ലോമക്കാരുടെയും അനുപാതം 3 :1 എന്നത് പരിഷ്ക്കരിക്കുമോ ; 2009 ഒക്ടോബർ 1ാം തീയതി ബഹു: കോടതി വിധി വ്യക്തമാക്കിയിട്ടുണ്ടെങ്കിലും സർക്കാറിന്റെ ഭാഗത്തുനിന്ന് നാളിതുവരെ സ്പെഷ്യൽ റൂൾ ഭേദഗതി ഉണ്ടായിട്ടില്ലാതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) അസിസ്റ്റന്റ് എൻജിനീയർ റ്റു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ പ്രമോഷൻ 3:1 എന്ന് ഭേദഗതി വരുത്തുന്നതിന്റെ വകുപ്പുതല നടപടിയുടെ പുരോഗതി വ്യക്തമാക്കുമോ ?

<u>മട്ടന്നൂർ നിയോജകമണ്ഡലം എം.എൽ.എ യുടെ **2014-2015** വർഷത്തെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ</u>

4281. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജകമണ്ഡലം എം.എൽ.എ. യുടെ 2014-2015 വർഷത്തെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിലേക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിലേയ്ക്ക് 07.01.2015 ലെ കത്തിലൂടെ എത്ര പ്രവൃത്തികളുടെ നിർദ്ദേശങ്ങളാണ് എൽ.എസ്.ജി.ഡി. വിഭാഗം ചീഫ് എഞ്ചിനീയർക്കും എൽ.എസ്.ജി.ഡി. വിഭാഗം കണ്ണൂർ എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും സമർപ്പിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിർദ്ദേശങ്ങളിൽ എത്ര നിർദ്ദേശങ്ങൾക്കുള്ള എസ്റ്റിമേറ്റുകൾ ഇതിനോടകം എൽ.എസ്.ജി.ഡി വിഭാഗം ചീഫ് എഞ്ചീനീയർക്കു സമർപ്പിച്ചുവെന്നും ഏതെല്ലാം പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ സമർപ്പിച്ചുവെന്നും ചീഫ് എഞ്ചിനീയർക്കു സമർപ്പിച്ച കത്തിന്റെ നമ്പരും തീയതിയും സഹിതം വ്യക്തമാക്കുമോ?

(സി) 07.01.2015 ന് നിർദ്ദേശങ്ങൾ സമർപ്പിക്കുകയും എൽ.എസ്.ജി.ഡി. വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ ബ്ലോക്ക് തലത്തിലുള്ള എൽ.എസ്.ജി.ഡി. എഞ്ചിനീയർമാർക്കു നിർദ്ദേശം നൽകിയിട്ടും ഇനിയും എസ്റ്റിമേറ്റ് സമർപ്പിക്കാത്ത കാര്യാലയങ്ങൾ ഏതെല്ലാമാണെന്നും ഏതു പ്രവൃത്തികളുടെ എസ്റ്റിമേറ്റാണ് ഇനിയും സമർപ്പിക്കുവാനുള്ളതെന്നും വ്യക്തമാക്കുമോ ;

(ഡി) എസ്റ്റിമേറ്റുകൾ സമർപ്പിക്കുവാൻ കാലതാമസം നേരിടുന്നതെന്തുകൊണ്ടാണെന്നു വ്യക്തമാക്കുമോ ?

<u>ബാല പീഡന കേസ്സുകൾ.</u>

T 4282. **ശ്രീ.എസ്.രാജേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12 ഏപ്രിൽ മുതൽ 2014-15 മാർച്ച് വരെയുള്ള കാലത്ത് സംസ്ഥാനത്ത് എത്ര ബാല പീഡന കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര കേസ്സുകളിൽ വിചാരണ പൂർത്തീകരിച്ച് ശിക്ഷ നടപ്പിലാക്കിയിട്ടുണ്ട്;

(ബി) ഈ കാലയളവിൽ സർക്കാർ വിദ്യാലയങ്ങളിൽ നടന്ന ബാല പീഡന കേസുകളിൽ എത്ര ജീവനക്കാർ ശിക്ഷാ നടപടിക്ക് വിധേയമായിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) വർദ്ധിച്ചുവരുന്ന ഇത്തരം ബാല പീഡന കേസുകളിൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെന്ന് വിശദമാക്കാമോ?

<u>മാതൃകാ അങ്കണവാടികൾ</u>

4283. ശ്രീമതി.പി. അയിഷാ പോറ്റി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാതൃകാ അങ്കണവാടികൾ സ്ഥാപിക്കുന്നതിന് കൊല്ലം ജില്ലയിൽ നിന്നും എത്ര ശുപാർശകൾ പരിഗണനയിൽ വന്നു എന്ന് വിശദമാക്കുമോ;

(ബി) ഏതെല്ലാം ശുപാർശകൾക്ക് അംഗീകാരം നൽകി എന്നും ഏതിന്റെയെല്ലാം നിർമ്മാണം പൂർത്തീകരിച്ചു എന്നും വെളിപ്പെടുത്തുമോ?

<u>അഗതികളും, അശരണരും ആയ കുട്ടികളുടെ പുനരധിവാസത്തിനായി നടപടികൾ **(**കുട്ടികളോടുള്ള നമ്മുടെ ഉത്തരവാദിത്വം പദ്ധതി **)**</u>

4284. ശ്രീ.എം. ഹംസ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അഗതികളും, അശരണരും ആയ കുട്ടികളുടെ പുനരധിവാസത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) അവർ റസ്പോൺസിബിലിറ്റി റ്റു ചിൽഡ്രൻ എന്ന പദ്ധതിയിലുൾപ്പെടുത്തി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയെന്ന് വ്യക്തമാക്കാമോ?

<u>കുട്ടികളെ നേർവഴിക്കുനയിക്കുന്ന പദ്ധതി</u>

4285. ശ്രീ.സി.മമ്മൂട്ടി

**,,** അബ്ദുറഹിമാൻ രണ്ടത്താണി

**,,** കെ.എം.ഷാജി

**,,** എം.ഉമ്മർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വഭാവവൈകല്യങ്ങൾക്കടിപ്പെടാതെ കുട്ടികളെ നേർവഴിക്കുനയിക്കാൻ വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദ വിവരം വെളിപ്പെടുത്തുമോ;

(ബി) മദ്യം,മയക്കുമരുന്ന് എന്നിവയോടുള്ള ആസക്തി , അക്രമവാസന തുടങ്ങിയവ ഉള്ള കുട്ടികളെ അതിൽ നിന്നൊക്കെ പിൻതിരിപ്പിക്കുന്നതിന് മന:ശാസ്ത്രജ്ഞരുടെ സഹായം ഇതോടൊപ്പം ലഭ്യമാക്കുമോ; രക്ഷകർത്താക്കൾക്ക് ആവശ്യമായ ബോധവത്കരണത്തിനുള്ള സംവിധാനം കൂടി ഇതോടൊപ്പം ഒരുക്കാമോ?

<u>അംഗൻവാടികൾ</u>

4286. ശ്രീ.എ.കെ.ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ ഉള്ള അംഗൻവാടികളുടെ വികസന ബ്ലോക്ക് തിരിച്ചുള്ള കണക്ക് നൽകുമോ;

(ബി) നിലവിൽ എത്ര കുട്ടികൾ അംഗൻവാടികളിൽ എത്തുന്നുണ്ട് ; വികസന ബ്ലോക്ക് തിരിച്ചുള്ള കണക്ക് നൽകുമോ;

(സി) നിലവിൽ കുട്ടികൾക്ക് വകുപ്പ് മുഖേന നൽകുന്ന ഭക്ഷണങ്ങൾ ഏതെല്ലാമാണ്; ഭക്ഷണസാധനങ്ങൾ വാങ്ങുന്നതിനും പാചകം ചെയ്തു നൽകുന്നതിനും നിശ്ചയിച്ചിട്ടുള്ള സംവിധാനങ്ങൾ, ചുമതലകൾ, അതിന്റെ മാനദണ്ഡം തുടങ്ങിയവ വ്യക്തമാക്കുമോ;

(ഡി) ഒരു കുട്ടിക്ക് എത്ര രൂപ ക്രമത്തിലാണ് തുക അനുവദിക്കുന്നത്; പ്രസ്തുത തുക യഥാസമയം അനുവദിക്കാറുണ്ടോ; കഴിഞ്ഞ നാലു വർഷവും അനുവദിച്ച തുകയും ചെലവും വർഷം തിരിച്ച് വ്യക്തമാക്കുമോ ;

(ഇ) എത്ര അംഗൻവാടികൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ട് ; സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാതെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എത്ര അംഗൻവാടികൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(എഫ്) കുട്ടികളുടെ ശാരീരികവും മാനസികവുമായ ഉല്ലാസത്തിനും വൃത്തിയായി ഭക്ഷണം പാകം ചെയ്തു നൽകുന്നതിനും അനുയോജ്യമായ സ്ഥലസൗകര്യമില്ലാത്ത അംഗൻവാടികൾ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ?

<u>ഐ. സി. ഡി. എസ്. സൂപ്പർവൈസർമാരുടെ നിയമനം</u>

4287. ശ്രീ.കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ജില്ലകളിൽ ഐ. സി. ഡി. എസ്. സൂപ്പർവൈസർമാരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തസ്തികകൾ ഒഴിഞ്ഞുകിടന്നിട്ടും പുതിയതായി ഐ. സി. ഡി. എസ്. സൂപ്പർവൈസർമാരെ നിയമിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ?

<u>ഐ.സി.ഡി.എസ് സൂപ്പർവൈസർമാരുടെ ഒഴിവുകൾ</u>

4288. ശ്രീ.ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർമാരുടെ ആകെ എത്ര തസ്തികകളാണ് നിലവിലുള്ളത്; ഇതിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു; പ്രസ്തുത ഒഴിവുകളിൽ എത്രയെണ്ണം പി.എസ്.സി യിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദവിവരം ലഭ്യമാക്കാമോ;

(ബി) ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിനായി അടിയന്തരമായി നടപടി

സ്വീകരിക്കാമോ?

ഐ.സി.ഡി.എസ്. ഡയറക്ടർ

4289. ശ്രീ.കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.സി.ഡി.എസ്. ഡയറക്ടർ തസ്തികയിൽ ജോലി ചെയ്തുവരുന്നത് സർവ്വീസിൽ നിന്നു വിരമിച്ചയാളാണോ ;

(ബി) സർവ്വീസിൽ നിന്ന് വിരമിച്ചശേഷം എത്ര കാലമായി പ്രസ്തുത സ്ഥാനത്ത് ഇദ്ദേഹം തുടരുന്നുവെന്ന് വ്യക്തമാക്കാമോ

ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെ തസ്തികകൾ

T 4290. ശ്രീ.എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിൽ ഐ. സി. ഡി. എസ് സൂപ്പർവൈസർമാരുടെ എത്ര തസ്തികകളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്നും ഇവ പി. എസ്. സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(സി) ഇപ്പോൾ ഐ. സി. ഡി. എസ്. സൂപ്പർവൈസർമാരുടെ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ റാങ്ക് ലിസ്റ്റിന്റെ കാലാവധി എപ്പോൾ അവസാനിക്കുമെന്ന് വ്യക്തമാക്കാമോ?

പഠന പ്രോത്സാഹന പദ്ധതികൾ

4291. ശ്രീ.എ.എ.അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളുടെ പഠന പ്രോത്സാഹനത്തിനായി എന്തൊക്കെ പദ്ധതികളാണ് സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കിയിട്ടുള്ളത് ;

(ബി) മാതാപിതാക്കൾ നഷ്ടപ്പെട്ട വിദ്യാർത്ഥികൾക്ക് വകുപ്പ് എന്തൊക്കെ സഹായങ്ങളാണ് ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ ?

ആന്റി ഹ്യൂമൻ ട്രാഫിക്കിംഗ്

4292. ശ്രീ.ഹൈബി ഈഡൻ

,, എ.പി.അബ്ദുള്ളക്കുട്ടി

,, പി.എ.മാധവൻ

,, വി.പി.സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ആന്റി ഹ്യൂമൻ ട്രാഫിക്കിംഗ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ?

## വൃദ്ധ സദനങ്ങൾ

4293. പ്രൊഫ. സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സന്നദ്ധ സംഘടനകൾ നടത്തുന്ന വൃദ്ധ സദനങ്ങളുടെ മേൽനോട്ടവും നിയന്ത്രണവും ആർക്കാണെന്ന് അറിയിക്കുമോ;

(ബി) ഇതിനായി പ്രത്യേക ബോർഡ് രൂപീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) എങ്കിൽ ആരെല്ലാമാണ് അംഗങ്ങൾ;

(ഡി) ചെയർമാന്റെയും, ബോർഡംഗങ്ങളുടെയും സേവന വേതന വ്യവസ്ഥകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

## ക്ഷേമ സ്ഥാപനങ്ങളുടെ പ്രവർത്തനം

4294. ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ

,, സി.മോയിൻ കുട്ടി

,, പി.ഉബൈദുള്ള

,, കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പ് നേരിട്ട് നടത്തുന്ന ക്ഷേമസ്ഥാപനങ്ങളിലെ അന്തേവാസികൾക്കുള്ള പ്രതിമാസ ചെലവിനത്തിനുള്ള തുകയിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ ; എങ്കിൽ വർദ്ധനവ് സംബന്ധിച്ച വിശദവിവരം നൽകാമോ ;

(ബി) പ്രസ്തുത വർദ്ധനവിനനുസരിച്ച് അന്തേവാസികൾക്ക് നൽകുന്ന സൗകര്യങ്ങളിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(സി) ക്ഷേമ സ്ഥാപനങ്ങളിൽ കാലാകാലങ്ങളിലും അപ്രതീക്ഷിതമായും ഇൻസ്പെക്ഷൻ നടത്താനും റിപ്പോർട്ടുകൾ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കാനുമുള്ള സംവിധാനം കാര്യക്ഷമമാക്കുമോ ?

## ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ പദ്ധതി

4295. ശ്രീ.എ.റ്റി.ജോർജ്

,, ഹൈബി ഈഡൻ

,, സണ്ണി ജോസഫ്

,, ലൂഡി ലൂയിസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ നീതി വകുപ്പ് "ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ" പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്?

ഇന്ദിര ആവാസ് യോജന

4296. **ശ്രീ. എൻ .എ.നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ദിര ആവാസ് യോജനയിൽ സംസ്ഥാന വിഹിതം നൽകുന്നതിന് എത്രമാസത്തെ കുടിശ്ശികയുണ്ട്;

താലോലം പദ്ധതി പ്രകാരം ചികിത്സാ സഹായം

T 4297. **ശ്രീ.എം. ഹംസ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താലോലം പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര കുട്ടികൾക്ക് ചികിത്സ സൗകര്യം ലഭ്യമാക്കിയെന്നും ആകെ എത്ര തുക ഈ ഇനത്തിൽ അനുവദിച്ചുവെന്നും വ്യക്തമാക്കാമോ ;

(ബി) കുട്ടികൾക്കുണ്ടാകാവുന്ന ഏതെല്ലാം രോഗങ്ങളുടെ ചികിത്സയ്ക്കാണ് താലോലം പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ;

(സി) താലോലം പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിച്ചതിന്റെ വിശദാംശം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

മാതൃകാ അംഗനവാടി

4298. **ശ്രീ.ജോസ് തെറ്റയിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിൽ പാറക്കടവ് പഞ്ചായത്തിലെ വാർഡ് 3 -ൽ പ്രവർത്തിക്കുന്ന 47-ാം നമ്പർ അംഗനവാടിയെ മാതൃകാ അംഗനവാടി പദ്ധതിയിൽപ്പെടുത്തുന്നതിനായി 6.2.2014 ൽ സമർപ്പിച്ച ശുപാർശയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി വെളിപ്പെടുത്താമോ ;

(ബി) ആയത് നടപ്പിലാക്കുന്നതിലെ കാലതാമസത്തിനുള്ള കാരണം വിശദമാക്കാമോ ?

## നിയമനം നൽകുന്നതിന്റെ മാനദണ്ഡങ്ങൾ

4299. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗൻവാടി ഹെൽപ്പർ, വർക്കർ തസ്തികകളിലേയ്ക്ക് നിയമനം നൽകുന്നതിന്റെ മാനദണ്ഡങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ ; ഇതുസംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത തസ്തികകളിലേയ്ക്ക് നിയമിക്കപ്പെടുന്നതിന് സെലക്ഷൻ ലിസ്റ്റ് നിലവിലുള്ളപ്പോൾ വിരമിച്ച ജീവനക്കാരെത്തന്നെ നിയമിക്കണമെന്ന് കോടതി നിർദ്ദേശിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സെലക്ഷൻ ലിസ്റ്റ് നിലവിലുള്ളപ്പോൾ വിരമിച്ച ജീവനക്കാരെത്തന്നെ കോടതിയുടെ ഉത്തരവ് പ്രകാരം നിയമിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ ; സെലക്ഷൻ ലിസ്റ്റിൽ ഉൾപ്പെട്ടവരെ നിയമനം നൽകി ഉടനെ പിരിച്ചുവിടുകയും വിരമിച്ച ജീവനക്കരെ നിയമിക്കുകയും ചെയ്തതായി പരാതികൾ ലഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ?

## സംസ്ഥാന വനിതാ കമ്മീഷൻ സൂവോ മോട്ടോ അന്വേഷിച്ച പരാതികൾ

4300. **ശ്രീ.കോടിയേരി ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ സംസ്ഥാന വനിതാ കമ്മീഷൻ സ്വമേധയ എത്ര പരാതികൾ അന്വേഷിച്ചെന്നും എത്ര കേസുകൾ രജിസ്റ്റർ ചെയ്തുവെന്നും ഇതിൽ എത്ര കേസുകൾ തീർപ്പ കൽപ്പിച്ചെന്നും വർഷം തിരിച്ച് കണക്ക് വിശദമാക്കാമോ ;

(ബി) സംസ്ഥാന വനിതാ കമ്മീഷനിൽ 2011 മുതൽ വർഷം പ്രതി എത്ര പരാതികൾ ലഭ്യമായിട്ടുണ്ടെന്നും അതിൽ ഇതിനകം എത്ര പരാതികളിൽ തീർപ്പകൽപ്പിച്ചെന്നും വിശദമാക്കാമോ ?

## ശ്രീമതി. ജോളി കെ. ജോർജിന് അർഹതപ്പെട്ട ഗ്രേഡ് ആനുകൂല്യം

4301. **ശ്രീ.വി.പി.സജീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) 14.2.1990ൽ സാമൂഹിക നീതി വകുപ്പിൽ സി.ഡി.പി.ഒ ആയി സർവ്വീസിൽ നിന്ന് വിരമിച്ച ശ്രീമതി. ജോളി കെ. ജോർജിന് (ചുമലപ്പറമ്പിൽ, വെള്ളരിക്കുണ്ട് ) അർഹതയുള്ള ഗ്രേഡ് ആനുകൂല്യം നൽകണമെന്ന് ആവശ്യപ്പെട്ട് 23.03.2015ൽ വകുപ്പ് മന്ത്രിക്ക് അപേക്ഷ ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പേറിവിഷൻ പ്രകാരവും കെ.എസ്.ആർ പ്രകാരവും ലഭിക്കേണ്ട ആനുകൂല്യം ലഭിക്കാൻ എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ അവ വിശദമാക്കുമോ;

(സി) തടസ്സങ്ങൾ ഇല്ലെങ്കിൽ ശ്രീമതി ജോളി.കെ. ജോർജ്ജിന് അർഹതപ്പെട്ട ആനുകൂല്യം

ലഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>കണ്ണൂർ ജില്ലയിൽ പുതുതായി അനുവദിച്ച അംഗൻവാടികൾ</u>

4302. **ശ്രീ.സി.കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കണ്ണൂർ ജില്ലയിൽ എത്ര അംഗൻവാടികൾ അനുവദിച്ചിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും അറിയിക്കാമോ ;

(ബി) പുതുതായി അംഗൻവാടികൾ അനുവദിക്കാനുള്ള എത്ര പ്രൊപ്പോസലുകൾ പരിഗണനയിലുണ്ടെന്ന് വിശദമാക്കാമോ?

<u>സ്വകാര്യ ഹോസ്റ്റലുകളിലെ അടിസ്ഥാന സൗകര്യ വികസനം</u>

4303. **ശ്രീ.കെ.എൻ.എ.ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അംഗീകാരമില്ലാത്ത ധാരാളം ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നുണ്ടെന്ന വിവരം അറിയാമോ ;

(ബി) പല സ്വകാര്യ ഹോസ്റ്റലുകളിലും അടിസ്ഥാന സൗകര്യങ്ങൾ പോലും ലഭ്യമല്ലെന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ ;

(സി) ഇത്തരം ഹോസ്റ്റലുകൾ അന്തേവാസികളെ പ്രത്യേകിച്ച് സ്ത്രീകളെ ചൂഷണം ചെയ്തും വിവിധ നിരക്കിലുള്ള വാടക ഈടാക്കിയും ബുദ്ധിമുട്ടിക്കാറുണ്ടെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) സ്വകാര്യ ഹോസ്റ്റലുകൾക്കെതിരെ പരാതിപ്പെടുന്ന അന്തേവാസികളെ പുറത്താക്കുന്ന സമീപനം പല ഹോസ്റ്റലുകളും സ്വീകരിക്കുന്നതിനാൽ പരാതിക്കാർക്ക് സംരക്ഷണം ലഭിക്കാത്ത സാഹചര്യമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഇത്തരം ഹോസ്റ്റലുകളെ നിയന്ത്രിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ ?

<u>ജെൻഡർ പോളിസി</u>

4304. **ശ്രീ.കെ.എസ്.ശബരീനാഥൻ**

**,,** സണ്ണി ജോസഫ്

**,,** എം.എ. വാഹീദ്

**,,** ഐ.സി.ബാലകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജെൻഡർ പോളിസി പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഈ നയം നടപ്പാക്കുന്നത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) സ്ത്രീ സമത്വ - ശാക്തീകരണത്തിന് എന്തെല്ലാം കാര്യങ്ങളാണ് നയത്തിൽ

ഉൾപ്പെടുത്തിയിട്ടുള്ളത് ;

(ഡി) പ്രസ്തുത നയം നടപ്പാക്കാനായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

<u>ശിശുവികസന പദ്ധതി ഓഫീസർ തസ്തികയിലേക്കുള്ള നിയമനം</u>

4305. **ശ്രീ.എസ്.രാജേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സാമൂഹ്യനീതി വകുപ്പിലെ ശിശുവികസന പദ്ധതി ഓഫീസർ (സി ഡി പി ഒ) തസ്തികയിൽ നേരിട്ടുള്ള നിയമനത്തിന്റെയും പ്രൊമോഷൻ വഴിയുള്ള നിയമനത്തിന്റെയും അനുപാതം എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത നിയമനം ഏത് ഉത്തരവു പ്രകാരം എന്നാണ് നിലവിൽ വന്നത് ; അനുപാതം വ്യത്യാസപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ അതിന് മുമ്പുള്ള അനുപാതം എന്തായിരുന്നു ;

(സി) സംസ്ഥാനത്ത് നിലവിൽ പ്രസ്തുത തസ്തികകൾ എത്ര ; അതിൽ എത്ര ഒഴിവുകളുണ്ടെന്നും വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത തസ്തികയിൽ ഇപ്പോൾ ജോലിചെയ്യുന്നവരിൽ പി.എസ്.സി വഴി നേരിട്ട് നിയമിച്ചവരും, താഴെ തസ്തികകളിൽ നിന്നും പ്രൊമോട്ടു ചെയ്യപ്പെട്ടവരും എത്രയാണെന്നും പ്രൊമോഷനു എന്തെല്ലാം യോഗ്യതകൾ പരിഗണിച്ചുവെന്നും വ്യക്തമാക്കുമോ ;

(ഇ) സർക്കാർ നിശ്ചയിച്ച അനുപാതം കണക്കലെടുക്കാതെയും, യോഗ്യതാ മാനദണ്ഡങ്ങൾ പാലിക്കാതെയും പ്രൊമോഷൻ നടന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനെതിരെ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) നിലവിലുള്ള ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ടു ചെയ്യുന്നതിനും റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകൾ നികത്തുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ ?

<u>അങ്കണവാടി വർക്കർ ക്ഷേമനിധി</u>

4306. **ശ്രീ.കെ.കെ.നാരായണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കണവാടി വർക്കർ ക്ഷേമനിധി രൂപീകരിക്കുന്നതിന് ഔദ്യോഗിക തലത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

<u>ഓർഫനേജ് കൺട്രോൾ ബോർഡ്</u>

4307. **പ്രൊഫ. സി.രവീന്ദ്രനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓർഫനേജ് കൺട്രോൾ ബോർഡിൽ എത്ര ജീവനക്കാരാണ് ഉള്ളതെന്ന് വിശദമാക്കാമോ ;

(ബി) ഇവരുടെ ശമ്പളം എപ്രകാരമാണ് നൽകുന്നത് ; നിലവിൽ ജീവനക്കാർക്ക് ശമ്പള കുടിശ്ശിക ഉണ്ടോ എന്ന് വ്യക്തമാക്കാമോ ;

(സി) ജീവനക്കാർക്ക് 2015-16 കാലയളവിലെ ശമ്പളം നൽകുന്നതിനായി മുഴുവൻ തുകയും വക കൊള്ളിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ ?

ജെൻഡർ പാർക്കുകൾ

4308. ശ്രീ.സി.ദിവാകരൻ **:** താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എവിടെയെല്ലാമാണ് ജെൻഡർ പാർക്കുകൾ സ്ഥാപിച്ചിട്ടുള്ളത്; എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പാർക്കുകൾ മുഖേന കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

അംഗപരിമിത വിഭാഗത്തിലുള്ളവരുടെ പ്രമോഷൻ

4309. ശ്രീ.കോടിയേരി ബാലകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗപരിമിത വിഭാഗത്തിന് സർക്കാർ സർവ്വീസിൽ നിയമനത്തിനു മാത്രമല്ല പ്രമോഷനും സംവരണമേർപ്പെടുത്തണമെന്ന സുപ്രീം കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാന സർക്കാർ പ്രസ്തുത കോടതി വിധി പരിശോധിച്ചിട്ടുണ്ടോ ; വിശദീകരിക്കാമോ ;

(സി) സംസ്ഥാന സർവ്വീസിലുള്ള അംഗപരിമിത വിഭാഗത്തിന് പ്രമോഷൻ തസ്തികകളിൽ സംവരണം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ ?

കോക്ലിയർ ഇംപ്ലാന്റ് ശസ്ത്രക്രിയ

T 4310. ശ്രീ.അൻവർ സാദത്ത്

,, ജോസഫ് വാഴയ്ക്കൻ

,, ടി.എൻ. പ്രതാപൻ

,, കെ.ശിവദാസൻ നായർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേൾവി വൈകല്യമുള്ള കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റ് ശസ്ത്രക്രിയ സൗജന്യമായി ലഭ്യമാക്കുന്ന പദ്ധതി എന്ന് മുതലാണ് ആവിഷ്കരിച്ചത് ;

(ബി) നാളിതുവരെ എത്ര കുട്ടികൾക്ക് പ്രസ്തുത ചികിത്സാ സൗജന്യം നൽകിയിട്ടുണ്ട് ; ശസ്ത്രക്രിയയുടെ ശരാശരി ചെലവ് എത്ര രൂപയാണ് ;

(സി) സംസ്ഥാനത്ത് ഈ ശസ്ത്രക്രിയാ സൗകര്യം ലഭ്യമായ ആശുപത്രികൾ ഏതെല്ലാമാണ് ;

മുതിർന്ന പൗരൻമാരുടെ ആവശ്യങ്ങൾ

4311. പ്രൊഫ. സി.രവീന്ദ്രനാഥ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുതിർന്ന പൗരൻമാരുടെ ആവശ്യങ്ങൾ സംരക്ഷിക്കുന്നതിലേക്കായി റഗുലേറ്ററി ബോർഡ് രൂപീകരിക്കുന്നതിനായി റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ എന്ന് വിശദമാക്കാമോ ;

(ബി) റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഏതെങ്കിലും സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(സി) എങ്കിൽ ഏത് സ്ഥാപനത്തിനാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ഡി) നിലവിൽ എന്തൊക്കെ അവകാശങ്ങളാണ് മുതിർന്ന പൗരൻമാർക്ക് ഉള്ളതെന്ന് വിശദമാക്കാമോ ?

അംഗൻവാടി ജീവനക്കാർക്കായി ക്ഷേമനിധി

4312. ശ്രീ.വി.റ്റി.ബൽറാം

,, എ.റ്റി.ജോർജ്

,, തേറമ്പിൽ രാമകൃഷ്ണൻ

,, കെ.ശിവദാസൻ നായർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗൻവാടി ജീവനക്കാർക്ക് ക്ഷേമനിധിക്കായി നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇവരുടെ തൊഴിൽ സംരക്ഷണം ഉറപ്പ് വരുത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് നിയമത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത് ;

(സി) നിയമ നിർമ്മാണം സംബന്ധിച്ച പ്രക്രിയ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

പട്ടികജാതി-ഗോത്ര വർഗ്ഗ കമ്മീഷനിലെ അംഗത്തിനെതിരെ വനിതാ കമ്മീഷനിൽ ലഭിച്ച പരാതി

T 4313. ശ്രീ.വി.ശശി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-ഗോത്ര വർഗ്ഗ കമ്മീഷനിലെ ഒരംഗത്തിനെതിരെ വനിതാ കമ്മീഷനിൽ പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) ഈ പരാതിയിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; കമ്മീഷന് ലഭിച്ച പരാതിയുടെ പകർപ്പ് ലഭ്യമാക്കാമോ ?

പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്ക് വേണ്ടി നടപ്പാക്കിയ പദ്ധതികൾ

4314. ശ്രീ.വി.ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും വേണ്ടി സാമൂഹിക നീതി വകുപ്പ് എന്തെല്ലാം പദ്ധതികൾ ഓരോവർഷവും നടപ്പാക്കിയെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പദ്ധതിയുടെയും ചെലവിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

## ആലത്തൂരിൽ മാതൃകാ അങ്കണവാടി നിർമ്മാണം

4315. ശ്രീ.എം.ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ നിന്നും മാതൃകാ അങ്കണവാടി നിർമ്മാണത്തിനായി എത്ര പ്രൊപ്പോസലുകളാണ് ലഭിച്ചിട്ടുള്ളതെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അങ്കണവാടികളുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ?

## സാമൂഹ്യനീതി വകുപ്പ് നടപ്പാക്കുന്ന ക്ഷേമപദ്ധതികൾ

4316. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ നടപ്പാക്കിവരുന്ന ക്ഷേമപദ്ധതികൾ ഏതൊക്കെ എന്ന് ഓരോ പദ്ധതിയുടെയും വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ; ഇവയുടെ ഓരോന്നിനുമുള്ള അപേക്ഷകളുടെ കോപ്പിയും അർഹതാ മാനദണ്ഡമടക്കമുള്ള വിശദാംശങ്ങളും ലഭ്യമാക്കാമോ;

(ബി) അറുപത് വയസ്സിന് മുകളിലുള്ള ഏജ് ഗ്രൂപ്പുകാരുടെ വയസ്സ് തിരിച്ചുള്ള പ്രത്യേക കണക്ക് തയ്യാറാക്കിയിട്ടുണ്ടോ; ഇത് സംസ്ഥാന ജനസംഖ്യയുടെ എത്ര ശതമാനമാണ്;

(സി) ഇവർക്കായി സാമൂഹ്യനീതി വകുപ്പ് മുഖേന നടത്തുന്ന സഹായ സംരക്ഷണ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; ഓരോ പഞ്ചായത്തും കേന്ദ്രീകരിച്ച് ഇവരുടെ സഹായ സംരക്ഷണ പ്രവർത്തനങ്ങൾക്കും ആരോഗ്യ പരിരക്ഷ, പാർപ്പിട സൗകര്യം, സാമൂഹ്യ പരിരക്ഷ എന്നിവ ഉറപ്പുവരുത്തുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## ശിശുസംരക്ഷണ പദ്ധതികൾ

4317. ശ്രീ.ഡൊമിനിക് പ്രസന്റേഷൻ
,, കെ.മുരളീധരൻ
,, ആർ . സെൽവരാജ്
,, ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കിവരുന്ന വിവിധ ശിശുസംരക്ഷണ പദ്ധതികൾ ഒരു കുടക്കീഴിൽ ആക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്?

<u>സാമൂഹ്യനീതി വകുപ്പിന്റെ ഹെഡ്ക്വാർട്ടേഴ്സിൽ ഒഴിവുള്ള തസ്തികകൾ</u>

4318. ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിന്റെ ഹെഡ്ക്വാർട്ടേഴ്സിൽ എൽ.ഡി. ക്ലാർക്ക്, ലാസ്റ്റ് ഗ്രേഡ്, എൽ.ഡി. ടൈപ്പിസ്റ്റ് എന്നീ തസ്തികകളിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട് എന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ഒഴിവുകൾ എല്ലാം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുകയുണ്ടായോ; ഇല്ലെങ്കിൽ ഏതെല്ലാം തസ്തികകളാണ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാത്തതെന്നും ഒഴിവുകൾ എന്നത്തേക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയുമെന്നും അറിയിക്കുമോ?

<u>കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ അങ്കണവാടികൾ</u>

4319. ശ്രീ.റ്റി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിൽ എത്ര അങ്കണവാടികൾ നിലവിലുണ്ട്; അവയിൽ സ്വന്തമായി കെട്ടിടമില്ലാത്ത എത്ര; സ്വന്തമായി സ്ഥലമുള്ളതും എന്നാൽ കെട്ടിടം ഇല്ലാത്തവയുമായ എത്ര; വിശദാംശം നൽകുമോ;

(ബി) നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച കല്യാശ്ശേരി മണ്ഡലത്തിലെ അങ്കണവാടികൾ ഏതൊക്കെ; അവയുടെ നിർമ്മാണ പുരോഗതി അറിയിക്കുമോ?

<u>കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി</u>

T 4320. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ ആരംഭിച്ച കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി നിർത്തലാക്കിയിട്ടുണ്ടോ ; എങ്കിൽ നിർത്തലാക്കിയതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി നിർത്തലാക്കിയതുമൂലം വീണ്ടും നവജാത ശിശുക്കളുടെ മരണം സംഭവിച്ചതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; എങ്കിൽ ഈ പദ്ധതി കുറ്റമറ്റ രീതിയിൽ തുടർന്നും നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദവിവരം നൽകുമോ ?

<u>വികലാംഗർക്ക് മുച്ചക്ര വാഹനങ്ങൾ</u>

4321. ശ്രീ.അബ്ദുറഹിമാന്‍ രണ്ടത്താണി **:** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) വികലാംഗര്‍ക്ക് മുച്ചക്ര വാഹനങ്ങള്‍ നല്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് സാമൂഹ്യനീതി വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിലേക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങള്‍ വിശദമാക്കാമോ;

(സി) ഈ സര്‍ക്കാര്‍ അധികാരമേറ്റശേഷം എത്ര പേര്‍ക്ക് മുച്ചക്ര വാഹനങ്ങള്‍ നല്‍കിയെന്ന് അറിയിക്കുമോ?

<u>കക്കട്ടുപറമ്പ്, പട്ടാരി, വെള്ളിയോട് അംഗന്‍വാടികളുടെ കെട്ടിട നിര്‍മ്മാണം</u>

4322. ശ്രീ.ഇ.പി.ജയരാജന്‍ **:** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) മട്ടന്നൂര്‍ നിയോജകമണ്ഡലം എം.എല്‍.എ.യുടെ ആസ്തി വികസന ഫണ്ടില്‍ ഉള്‍പ്പെടുത്തി മാലൂര്‍ ഗ്രാമപഞ്ചായത്തിലെ കക്കട്ടുപറമ്പ്, പട്ടാരി, വെള്ളിയോട് എന്നീ അംഗന്‍വാടികളുടെ കെട്ടിട നിര്‍മ്മാണത്തിന് ഭരണാനുമതി ലഭിച്ചതെപ്പോഴാണ്;

(ബി) പ്രസ്തുത അംഗന്‍വാടി കെട്ടിടനിര്‍മ്മാണ പ്രവൃത്തികള്‍ ടെന്‍ഡര്‍ ചെയ്യുകയുണ്ടായോ;

(സി) ടെണ്ടര്‍ നടപടികള്‍ ഇപ്പോള്‍ ഏതു ഘട്ടത്തിലാണെന്നും അംഗന്‍വാടി കെട്ടിടങ്ങളുടെ നിര്‍മ്മാണം എപ്പോള്‍ ആരംഭിക്കുവാന്‍ കഴിയുമെന്നും വ്യക്തമാക്കുമോ ?

<u>എന്‍ഡോസള്‍ഫാന്‍ ദുരിത മേഖലയിലെ പദ്ധതി പ്രവര്‍ത്തനങ്ങള്‍</u>

4323. ശ്രീ.സി.കൃഷ്ണന്‍ **:** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) എന്‍ഡോസള്‍ഫാന്‍ ദുരിതബാധിത മേഖലയില്‍ സാമൂഹ്യക്ഷേമ വകുപ്പ് മുഖേന എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് വിശദമാക്കാമോ;

(ബി) 2014-15 സാമ്പത്തിക വര്‍ഷം എന്‍ഡോസള്‍ഫാന്‍ ദുരിത മേഖലയിലെ പദ്ധതി പ്രവര്‍ത്തനങ്ങള്‍ക്ക് എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും അവയില്‍ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും പദ്ധതികള്‍ അടിസ്ഥാനത്തില്‍ വിശദമാക്കാമോ?

<u>അനാഥാലയങ്ങള്‍ക്ക് ഗ്രാന്റ്</u>

4324. പ്രൊഫ. സി.രവീന്ദ്രനാഥ് **:** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) അനാഥാലയങ്ങള്‍ക്കും മറ്റ് സ്ഥാപനങ്ങള്‍ക്കും 2015-16 വര്‍ഷം ഗ്രാന്റ് നല്‍കുന്നതിനായി എത്ര രൂപയാണ് വകയിരുത്തിയിരിക്കുന്നത് ;

(ബി) ഗ്രാന്റ് മുഴുവനായി കൊടുക്കുന്നതിന് എന്തു തുക വേണ്ടിവരും;

(സി) ആവശ്യമായ തുക നൽകിയിട്ടുണ്ടോ ; അത് നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) മുഴുവൻ ഗ്രാന്റ് തുകയും എന്ന് നൽകുവാൻ കഴിയും ?

ഭിന്നശേഷിയുള്ളവരുടെ കണക്കെടുപ്പ്

4325. ശ്രീ.കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ സംസ്ഥാനത്ത് സാമൂഹ്യക്ഷേമ വകുപ്പിൽ നിന്നും തിരിച്ചറിയൽ കാർഡ് നൽകിയിട്ടുള്ള എത്ര ഡിഫറന്റ്ലി ഏബിൾഡ് വിഭാഗത്തിൽപ്പെട്ടവർ ഉണ്ടെന്ന് ജില്ല തിരിച്ച് കണക്ക് വെളിപ്പെടുത്താമോ ;

(ബി) ഇപ്പോൾ സർക്കാർ നിർദ്ദേശ പ്രകാരം ഡിഫറന്റ്ലി ഏബിൾഡ് വിഭാഗത്തെക്കുറിച്ച് പഠിക്കാൻ സർവ്വെ നടത്തുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ സർവ്വെയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾവിശദമാക്കാമോ ?

വിഭിന്നശേഷിക്കാർക്ക് വിവേചനമില്ലാതെ സർവ്വീസ് പെൻഷൻ.

4326. ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിഭിന്നശേഷിക്കാരുടെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന സർക്കാർ വകുപ്പുകളിലും സർക്കാരിനു കീഴിലെ കോർപ്പറേഷനുകളിലും നിയമനം ലഭിച്ചവരുടെ സൂപ്പർ ആന്വേഷൻ പെൻഷൻ ആനുകൂല്യത്തിൽ വലിയ അന്തരവും, വിവേചനവും നിലനിൽക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാരിനു കീഴിലെ ചില ബോർഡ് കോർപ്പറേഷനുകളിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം ലഭിച്ച വികലാംഗർക്ക് രണ്ട് വർഷം സർവ്വീസ് പൂർത്തിയാക്കിയാൽ സർവ്വീസ് പെൻഷന് അർഹത ലഭിക്കുമ്പോൾ വികലാംഗരുടെ ക്ഷേമത്തിനുവേണ്ടി രൂപീകരിച്ച കോർപ്പറേഷനിൽ സമാനമായ രീതിയിൽ നിയമനം ലഭിച്ച് ഇരുപതും മുപ്പതും വർഷത്തെ സേവനശേഷവും സർവ്വീസ് പെൻഷന് അർഹത നൽകിയിട്ടില്ലെന്ന കാര്യം അറിവുണ്ടോ;

(സി) സർവ്വീസ് പെൻഷൻ ആനുകൂല്യം അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ അപേക്ഷകൾ പരിശോധിക്കുകയോ ബോർഡ് ഓഫ് ഡയറക്ടേഴ്സിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയോ ചെയ്യാതെ വർഷങ്ങളോളം ചില ജീവനക്കാർ മാറ്റി വെച്ച് , വികലാംഗരുടെ അവകാശനിഷേധം നടത്തി എന്ന ആവലാതിയെക്കുറിച്ച് അന്വേഷണം നടത്തി നിയമാനുസൃത നടപടി സ്വീകരിക്കുമോ ;

(ഡി) എംപ്ലോയ്മെന്റ്എക്സ്ചേഞ്ച് മുഖേന നിയമനം ലഭിച്ച് പെൻഷൻ ലഭിക്കാൻ അർഹമായ സേവന കാലം പൂർത്തിയാക്കിയ എല്ലാ വികലാംഗർക്കും വിവേചനമില്ലാതെ സർവ്വീസ് പെൻഷൻ അനുവദിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

## കില- അസിസ്റ്റന്റ് പ്രൊഫസർ തസ്തിക

4327. ശ്രീ.കെ.രാധാകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനിൽ അസിസ്റ്റന്റ് പ്രൊഫസർമാരുടെ എത്ര സ്ഥിരം തസ്തികകൾ ഉണ്ടെന്നും നിലവിൽ ഈ തസ്തികയിൽ എത്ര ഒഴിവുകളുണ്ടെന്നും വ്യക്തമാക്കുമോ ;

(ബി) അസിസ്റ്റൻറ് പ്രൊഫസർ തസ്തികയുടെ അടിസ്ഥാന യോഗ്യതകൾ എന്തെല്ലാമാണെന്നും ഈ തസ്തികയിൽ നിയമിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ;

(സി) നിലവിലുള്ള അടിസ്ഥാന യോഗ്യതയിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ നടപടികൾ സ്വീകരിക്കുന്നുണ്ടോ ; എങ്കിൽ അപ്രകാരം അടിസ്ഥാന യോഗ്യതയിൽ മാറ്റം വരുത്തുവാനുള്ള സാഹചര്യമെന്താണെന്ന് വിശദമാക്കാമോ ;

(ഡി) കരാർ അടിസ്ഥാനത്തിൽ പ്രസ്തുത തസ്തികയിലോ മറ്റേതെങ്കിലും തസ്തികകളിലോ ജോലി ചെയ്യുന്നവരെ ഇവിടെ സ്ഥിരപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുന്നുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഇ) ധനകാര്യ വകുപ്പിന്റെ 13.5.2015 ലെ 48/2015 നമ്പർ സർക്കുലർ പ്രകാരം പൊതുമേഖലാ/സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ സ്ഥിരനിയമനങ്ങളും പി.എസ്.സി വഴിയാക്കണമെന്നും കരാർ വ്യവസ്ഥയിൽ നിയമിച്ചവരെ സ്ഥിരപ്പെടുത്താൻ പാടില്ലെന്നുമുള്ള വ്യവസ്ഥ കിലയ്ക്കും ബാധകമാണോയെന്നും വ്യക്തമാക്കുമോ ;

(എഫ്) പ്രസ്തുത സ്ഥാപനത്തിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന അസിസ്റ്റന്റ് പ്രൊഫസർമാർ ഉൾപ്പെടെയുള്ളവരെ സ്ഥിരപ്പെടുത്തുവാനുള്ള നീക്കം ഒഴിവാക്കുമോ ?

കേരള നിയമസഭാ
സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
12-07-2015

പി.ഡി.ശാരംഗധരൻ,
സെക്രട്ടറി.

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].
"T" ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.